കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കൊയിലാണ്ടി മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി9/1517/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 27/08/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൊയിലാണ്ടി മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്
5. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി9/1517/2022 തീയ്യതി: 27/08/2022

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-12-2021 മുതൽ 13-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീമതി.സിനി.എം.വി	ജോയിന്റ് ഡയറക്ടർ	14-07-2022	29-07-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
14-07-2022	29-07-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ജയകുമാർ പാലോളി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ്.എം, അസി. ഓഡിറ്റ് ഓഫീസർ (27.7.22 വരെ)
ശ്രീ.ശ്രീജിത്ത്.കെ.വി, ഓഡിറ്റർ
ശ്രീമതി.ജിഷ.പി, ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
അഡ്വ. കെ സത്യൻ	ചെയർമാൻ	01-04-2020	11-11-2020
ശ്രീമതി.സുധ കിഴക്കെപ്പാട്ട്	ചെയർപേഴ്സൺ	28-12-2020	31-03-2021
ശ്രീ.സുരേഷ് കുമാർ എൻ	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മനോജ് കുമാർ.എം	മുൻസിപ്പൽ എഞ്ചിനീയർ	01-04-2020	12-10-2020
ശ്രീ.അരവിന്ദൻ.എൻ.ടി	മുൻസിപ്പൽ എഞ്ചിനീയർ	12-10-2020	31-03-2021
ഡോ.ആനി ഉമ്മൻ	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2020	31-03-2021
ഡോ.അനിൽ കുമാർ	സീനിയർ വെറ്ററിനറി സർജൻ	01-04-2020	31-03-2021
ഡോ.പ്രതിഭ.പി	മെഡിക്കൽ ഓഫീസർ	01-04-2020	31-03-2021
അജിത കുമാർ	വ്യവസായ വികസന ഓഫീസർ	01-04-2020	03-09-2020
സുധീഷ് കുമാർ	വ്യവസായ വികസന ഓഫീസർ	04-09-2020	31-03-2021
ശ്രീമതി.ശുഭശ്രീ.എസ്	കൃഷി ഓഫീസർ	01-04-2020	31-03-2021
പ്രസാദ്.കെ.എം	പ്രൊജക്റ്റ് ഓഫീസർ	01-04-2020	31-03-2021

വിചിത്ര.എൻ.ഇ	പട്ടികജാതി വികസന ഓഫീസർ	01-04-2020	31-03-2021
ശ്രീ.രമേശൻ കെ പി	ഹെൽത്ത് ഓഫീസർ	01-04-2020	31-03-2021
ശ്രീ.പ്രബീത്.എ.പി	പ്രിൻസിപ്പാൾ ഗവ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ	01-04-2020	31-03-2021
ശ്രീമതി.പുഷ്പ	ഐ .സി .ഡി .എസ് സൂപ്പർവൈസർ	01-04-2020	03-11-2020
ശ്രീമതി.സബിത.സി	ഐ .സി .ഡി .എസ് സൂപ്പർവൈസർ	04-11-2020	31-03-2021
ശ്രീമതി.സബിത.എം കെ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷെറീസ്	01-04-2020	08-07-2020
ശ്രീ.ശ്യാംചന്ദ്	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷെറീസ്	08-07-2020	04-11-2020
ശ്രീമതി.ദിൽന.ഡി.എസ്	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷെറീസ്	04-11-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ്-തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ Written By: Gireeshan Parappoyil (Audit Officer (HG), On 01-08-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-1
2	സാമ്പത്തിക വിശകലനം Written By: Jisha.P (Auditor, On 28-07-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-2
3	ഫണ്ട് വിനിയോഗം Written By: Jisha.P (Auditor, On 28-07-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-3
4	വാർഷിക കണക്കിലെ അപാകതകൾ Written By: Jisha.P (Auditor, On 30-07-2022) Last Updated By: Sini.M.V (Joint Director, On 25-08-2022)	1-4
5	ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ പ്രവർത്തനക്ഷമമല്ലാത്തത് ക്രമക്കേടുകൾക്ക് വഴിയൊരുക്കി Written By: Gireeshan Parappoyil (Audit Officer (HG), On 02-08-2022) Last Updated By: Sini.M.V (Joint Director, On 27-08-2022)	1-5
6	ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിച്ചില്ല. Written By: Srijith K.V (Auditor, On 02-08-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-6
7	ക്യാഷ് പരിശോധന Written By: Jisha.P (Auditor, On 28-07-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-7
8	ക്ഷേമപദ്ധതികൾ Written By: Jisha.P (Auditor, On 21-07-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-8
9	പുളിയഞ്ചേരികുളം മണ്ണ് നീക്കം ചെയ്യൽ- നഗരസഭാ ഫണ്ടിന് 676260 രൂപ നഷ്ടം Written By: Srijith K.V (Auditor, On 02-08-2022) Last Updated By: Sini.M.V (Joint Director, On 24-08-2022)	1-9
10	മൈക്രോ എംആർഎഫ് യൂനിറ്റ് സ്ഥാപിക്കൽ പദ്ധതി അപാകതകൾ Written By: Jayakumar Paloli (Asst. Audit Officer, On 02-08-2022) Last Updated By: Sini.M.V (Joint Director, On 27-08-2022)	1-10
11	ഖരമാലിന്യപരിപാലനം-നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് കണക്കാക്കിയതിലെ അപാകതകൾ Written By: Jayakumar Paloli (Asst. Audit Officer, On 02-08-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-11
12	ഫർണ്ണിച്ചർ ലഭിക്കാതെ പണം നൽകി-നഗരസഭാ ഫണ്ടിന് നഷ്ടം Written By: RAMDAS M. (Asst. Audit Officer, On 28-07-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-12
13	സഹയോഗ്കുടുംബശ്രീ ഗ്രീൻ കവർ യൂണിറ്റ് -പദ്ധതി നടത്തിപ്പിലെ ക്രമക്കേട് വഴി ചെലവഴിച്ച തുകയിൽ 80195 രൂപ യൂണിറ്റിന് ഉപകാരപ്പെട്ടില്ല. Written By: Jayakumar Paloli (Asst. Audit Officer, On 02-08-2022) Last Updated By: Sini.M.V (Joint Director, On 27-08-2022)	1-13
14	പഴയ ബസ് സ്റ്റാന്റ് പൊളിച്ചുമാറ്റൽ- ഉപയോഗയോഗ്യമായവ ഉപയോഗിക്കാതെ സൂക്ഷിക്കുന്നു Written By: Jisha.P (Auditor, On 30-07-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-14

15	കുടിവെള്ള വിതരണം-പദ്ധതി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു. Written By: Jayakumar Paloli (Asst. Audit Officer, On 02-08-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-15
16	പദ്ധതികളുടെ ഭാഗമായി വാങ്ങിയ 8800 പ്ലേറ്റുകളും ഗ്ലാസുകളും നാളിതുവരെയായും ഉപയോഗപ്പെട്ടില്ല. Written By: Jayakumar Paloli (Asst. Audit Officer, On 02-08-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-16
17	പ്രവൃത്തി മെഷർ ചെയ്ത് ബിൽ തയ്യാറാക്കാതെ തുക നൽകി Written By: RAMDAS M. (Asst. Audit Officer, On 28-07-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-17
18	വാഹനങ്ങളുടെ പരിപാലനത്തിൽ അപാകതകൾ-പൊതുമുതൽ നശിക്കുന്നു Written By: Gireeshan Parappoyil (Audit Officer (HG), On 02-08-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-18
19	ആവശ്യകത പരിഗണിക്കാതെ വാട്ടർ ടാങ്കുകൾ വാങ്ങി സൂക്ഷിക്കുന്നു Written By: Sathish Kumar K (Audit Officer (HG), On 30-07-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-19
20	പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ - ഫർണ്ണീച്ചറുകൾ പൂർണ്ണമായി വിതരണം ചെയ്തില്ല Written By: Sathish Kumar K (Audit Officer (HG), On 30-07-2022) Last Updated By: Sini.M.V (Joint Director, On 22-08-2022)	1-20
21	പരസ്യം സ്ഥാപിക്കുന്നതിനുള്ള അനുമതി - കരാർ തുക പിരിച്ചെടുക്കുന്നതിൽ വീഴ്ച Written By: Srijith K.V (Auditor, On 02-08-2022) Last Updated By: Sini.M.V (Joint Director, On 25-08-2022)	1-21
22	പെൻഷൻ അർഹത പുന:പരിശോധന സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല Written By: Jisha.P (Auditor, On 30-07-2022) Last Updated By: Sini.M.V (Joint Director, On 25-08-2022)	1-22
23	കണ്ടിജന്റ് ജീവനക്കാർക്ക് യൂനിഫോം വാങ്ങിയത്-അപാകതകൾ Written By: Gireeshan Parappoyil (Audit Officer (HG), On 01-08-2022) Last Updated By: Sini.M.V (Joint Director, On 25-08-2022)	1-23
24	മഴക്കാലപൂർവ്വശുചീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. Written By: Jayakumar Paloli (Asst. Audit Officer, On 02-08-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-24
25	മൂല്യ നിർണ്ണയം നടത്താതെ കരാറുകാരന് തുക നൽകി. Written By: Srijith K.V (Auditor, On 02-08-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-25
26	പ്രവൃത്തിയുടെ സ്വഭാവത്തിൽ മാറ്റം വന്നിട്ടും റീ ടെണ്ടർ നടപടി സ്വീകരിച്ചില്ല. Written By: Srijith K.V (Auditor, On 02-08-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-26
27	ബില്ല് തയ്യാറാക്കുന്നതിൽ കാലതാമസം- ഫണ്ട് നഷ്ടപ്പെടുന്നു. Written By: Srijith K.V (Auditor, On 02-08-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-27
28	എസ്റ്റിമേറ്റിലെ ഇനങ്ങളുടെ 25 ശതമാനത്തിൽ അധികരിച്ച് പ്രവൃത്തി ചെയ്തു-എസ്റ്റിമേറ്റ് പുതുക്കിയില്ല. Written By: Srijith K.V (Auditor, On 02-08-2022) Last Updated By: Dhanya K (Senior Grade Auditor, On 27-08-2022)	1-28
29	നഗരസൗന്ദര്യവത്കരണം- കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല. Written By: Srijith K.V (Auditor, On 02-08-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-29

30	കരാറിൽ നിന്നും പിന്മാറിയ കരാറുകാരനിൽ നിന്നും നഷ്ടം ഈടാക്കിയില്ല. Written By: Srijith K.V (Auditor, On 02-08-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-30
31	കോൺക്രീറ്റ് പേവിംഗ്-ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് ഫോം വർക്കിനുള്ള തുക നൽകി. Written By: Srijith K.V (Auditor, On 02-08-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-31
32	റോഡ് ടാറിംഗ് ഗുണമേന്മയുള്ള ഇനം തെരെഞ്ഞെടുത്തില്ല Written By: Srijith K.V (Auditor, On 02-08-2022) Last Updated By: Sini.M.V (Joint Director, On 26-08-2022)	1-32
33	കോവിഡ് പ്രവർത്തനങ്ങൾ- വാങ്ങിയ പൾസ് ഓക്സിമീറ്ററുകളുടെ നിലവിലെ സ്ഥിതി വ്യക്തമല്ല. Written By: Gireeshan Parappoyil (Audit Officer (HG), On 02-08-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-33
34	ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് -പ്രതിമാസം വാഹനം സഞ്ചരിക്കേണ്ട ദൂരം കണക്കാക്കാതെ കരാറിൽ ഏർപ്പെട്ടത് വഴി അധികചെലവ് . Written By: Jayakumar Paloli (Asst. Audit Officer, On 02-08-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-34
35	സ്ട്രീറ്റ് ടാപ്പ് രജിസ്റ്ററോ സംയുക്ത പരിശോധനാ റിപ്പോർട്ടോ ഇല്ലാതെ വാട്ടർചാർജ്ജിനത്തിൽ വലിയ തുക അടവാക്കുന്നു. Written By: RAMDAS M. (Asst. Audit Officer, On 28-07-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-35
36	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പ്രവൃത്തി പൂർത്തിയാക്കിയില്ല Written By: Sathish Kumar K (Audit Officer (HG), On 30-07-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-36
37	വീട് വാസയോഗ്യമാക്കൽ-പദ്ധതി പൂർത്തീകരിച്ചില്ല Written By: Sathish Kumar K (Audit Officer (HG), On 30-07-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-37
38	വസ്തുനികുതി നിർണ്ണയവും പിരിച്ചെടുക്കലും-കൃത്യത ഉറപ്പുവരുത്താനായില്ല. Written By: RAMDAS M. (Asst. Audit Officer, On 28-07-2022) Last Updated By: Sini.M.V (Joint Director, On 25-08-2022)	1-38
39	വസ്തുനികുതി കുടിശ്ശിക പെരുകുന്നു-കളക്ഷൻ ത്വരിതപ്പെടുത്തുന്നില്ല. Written By: RAMDAS M. (Asst. Audit Officer, On 28-07-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-39
40	വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരികൾക്കുംസംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ Written By: RAMDAS M. (Asst. Audit Officer, On 28-07-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-40
41	മത്സ്യമാർക്കറ്റ് -ലേലത്തുക മുഴുവൻ അടവാക്കിയിലല്ല Written By: Jisha.P (Auditor, On 30-07-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-41
42	A4 ഷീറ്റും ഫയൽ പാഡുകളും വാങ്ങിയത്-പൂർണ്ണമായും ഉപയോഗിച്ചിട്ടില്ല Written By: Gireeshan Parappoyil (Audit Officer (HG), On 01-08-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-42
43	തെരുവ് വിളക്ക് പരിപാലനം(എ.എം.സി) പദ്ധതി നടത്തിപ്പിലെ അപാകതകൾ Written By: RAMDAS M. (Asst. Audit Officer, On 28-07-2022) Last Updated By: Sini.M.V (Joint Director, On 25-08-2022)	1-43
44	സ്കൂളുകളിൽ സോളാർപാനൽ -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. Written By: RAMDAS M. (Asst. Audit Officer, On 28-07-2022)	1-44

	Last Updated By: Sini.M.V (Joint Director, On 23-08-2022)	
45	പി.എം.എ.വൈ.ഭവനപദ്ധതി-ലക്ഷ്യം കൈവരിച്ചില്ല. Written By: RAMDAS M. (Asst. Audit Officer, On 28-07-2022) Last Updated By: Dhanya K (Senior Grade Auditor, On 27-08-2022)	1-45
46	ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല Written By: Jisha.P (Auditor, On 30-07-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-46
47	അഡ്വാൻസ് തുകകൾ ക്രമീകരിച്ചില്ല Written By: Jisha.P (Auditor, On 30-07-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-47
48	കെട്ടിട നിർമ്മാണ നിയന്ത്രണം- ചുമതലാ നിർവ്വഹണത്തിൽ വീഴ്ച Written By: Srijith K.V (Auditor, On 03-08-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	1-48
49	ഓഡിറ്റിന് ഡിജിറ്റൽ ഡാറ്റ ലഭ്യമാക്കുന്നില്ല. Written By: Srijith K.V (Auditor, On 03-08-2022) Last Updated By: Sini.M.V (Joint Director, On 25-08-2022)	1-49
	ഭാഗം 2	
1	പുളിയഞ്ചേരികുളം മണ്ണ് നീക്കം ചെയ്യൽ- നഗരസഭാ ഫണ്ടിന് 676260 രൂപ നഷ്ടം Written By: Srijith K.V (Auditor, On 03-08-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	2-1
	ഭാഗം 3	
1	ഫർണിച്ചർ ലഭിക്കാതെ പണം നൽകി-നഗരസഭാ ഫണ്ടിന് നഷ്ടം Written By: RAMDAS M. (Asst. Audit Officer, On 29-07-2022) Last Updated By: Sini.M.V (Joint Director, On 24-08-2022)	3-1
2	സഹയോഗ് കുടുംബശ്രീ ഗ്രീൻ കവർ യൂണിറ്റ് -പദ്ധതി നടത്തിപ്പിലെ ക്രമക്കേട് വഴി ചെലവഴിച്ച തുകയിൽ 80195 രൂപ യൂണിറ്റിന് ഉപകാരപ്പെട്ടില്ല. Written By: Jayakumar Paloli (Asst. Audit Officer, On 02-08-2022) Last Updated By: Sini.M.V (Joint Director, On 26-08-2022)	3-2
3	കുടിവെള്ള വിതരണം-പദ്ധതി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു. Written By: Jayakumar Paloli (Asst. Audit Officer, On 02-08-2022) Last Updated By: Sini.M.V (Joint Director, On 24-08-2022)	3-3
4	കണ്ടിജന്റ് ജീവനക്കാർക്ക് യൂനിഫോം വാങ്ങിയത്-അപാകതകൾ Written By: Gireeshan Parappoyil (Audit Officer (HG), On 03-08-2022) Last Updated By: Sini.M.V (Joint Director, On 24-08-2022)	3-4
5	നഗരസൗന്ദര്യവത്കരണം- കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല. Written By: Srijith K.V (Auditor, On 03-08-2022) Last Updated By: Sini.M.V (Joint Director, On 25-08-2022)	3-5
	ഭാഗം 4	
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Jisha.P (Auditor, On 21-07-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	4-1
2	സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം Written By: Jisha.P (Auditor, On 21-07-2022) Last Updated By: Sini.M.V (Joint Director, On 25-08-2022)	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Jisha.P (Auditor, On 21-07-2022) Last Updated By: Sini.M.V (Joint Director, On 25-08-2022)	4-3

4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: Jisha.P (Auditor, On 21-07-2022) Last Updated By: Sini.M.V (Joint Director, On 25-08-2022)	4-4
5	വായ്പ / വായ്പാതിരിച്ചടവ് Written By: Jisha.P (Auditor, On 21-07-2022) Last Updated By: Sini.M.V (Joint Director, On 26-08-2022)	4-5
6	സ്ഥിരനിക്ഷേപം Written By: Jisha.P (Auditor, On 21-07-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: Jisha.P (Auditor, On 21-07-2022) Last Updated By: Sini.M.V (Joint Director, On 23-08-2022)	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം Written By: Jisha.P (Auditor, On 30-07-2022) Last Updated By: Sini.M.V (Joint Director, On 26-08-2022)	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: Jisha.P (Auditor, On 27-07-2022) Last Updated By: Sini.M.V (Joint Director, On 24-08-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Jisha.P (Auditor, On 03-08-2022) Last Updated By: Dhanya K (Senior Grade Auditor, On 27-08-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ Written By: Jisha.P (Auditor, On 27-07-2022) Last Updated By: Sini.M.V (Joint Director, On 25-08-2022)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്-തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ

24.3.2020ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ച സ്ഥാപനത്തിന്റെ വാർഷിക ബജറ്റ് പ്രകാരം ആകെ വരവ് മുന്നിരിപ്പ് ഉൾപ്പടെ 121,41,23,863/-രൂപയാണ്. ആകെ ചെലവ് 120,60,90,300/-രൂപയും നീക്കിയിരിപ്പ് 80,33,563/-രൂപയുമാണ്. മുൻ വർഷത്തേതിൽ നിന്നും വ്യത്യസ്തമായി നിശ്ചിത ഫോറത്തിൽ ബജറ്റ് തയ്യാറാക്കിയെങ്കിലും മുൻ വർഷങ്ങളിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും ഈ വർഷവും സംഭവിച്ചിട്ടുണ്ടെന്ന് ബജറ്റ് രേഖകളും മറ്റ് പ്രസക്തമായ വിവരങ്ങളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

എ) റവന്യൂ ചെലവും നീക്കിയിരിപ്പും വകയിരുത്തിയിരിക്കുന്നത് മറ്റ് ഗ്രാന്റുകളിൽ നിന്ന്

സ്ഥാപനത്തിന്റെ മുന്നിരിപ്പും ജനറൽ പർപ്പസ് ഗ്രാന്റ് തുക ഉൾപ്പടെയുള്ള തനത് വരുമാനവും കൂട്ടിക്കിട്ടുന്ന തുകയിൽ നിന്നാണ് ബജറ്റ് പ്രകാരം അനിവാര്യ റവന്യൂ ചെലവിനും നീക്കിയിരിപ്പിനുമുള്ള തുക കണ്ടെത്തേണ്ടത്. എന്നാൽ ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പടെ ആകെ 140845863/-രൂപ മാത്രം ലഭ്യമായിരിക്കെ, നീക്കിയിരിപ്പും അനിവാര്യ റവന്യൂ ചെലവിനുള്ള തുകയും കൂടി ആകെ 162673863/-രൂപ വരുന്നുണ്ടെന്ന് കാണുന്നു. അതായത് 21828000/-രൂപയുടെ റവന്യൂ ചെലവുകൾ വഹിക്കാൻ ബജറ്റ് പ്രകാരം വകയിരുത്തിയിരിക്കുന്നത് മറ്റ് ഉദ്ദേശ്യങ്ങൾക്കുള്ള ഗ്രാന്റുകളും വരുമാനങ്ങളുമാണെന്ന് കാണാം. പ്രത്യേക ഉദ്ദേശ്യങ്ങൾക്ക് ലഭിക്കുന്ന ഇത്തരം ഫണ്ടുകൾ എപ്രകാരം തനത് ചെലവുകൾ വഹിക്കുന്നതിന് ഉപയോഗപ്പെടുത്തും എന്ന് വ്യക്തമാക്കേണ്ടതുണ്ട്. തനത് വരുമാനത്തിന്റെ 5% എങ്കിലും മിച്ചമായി ബജറ്റിൽ നീക്കിവയ്ക്കണമെന്ന നിയമപ്രകാരമുള്ള വ്യവസ്ഥ ലംഘിച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കിയതെന്ന് കാണാം.

ബി) പദ്ധതി തുകകളും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

ഭരണസമിതി അംഗീകരിച്ച വിവിധ പദ്ധതികളുടെ അടങ്കലും ഇവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുകകളും പരസ്പരം പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

ബജറ്റ് വകയിരുത്തൽ		വിവിധ പദ്ധതികളുടെ അടങ്കൽ	
BS9	558100000	അയ്യങ്കാളി പദ്ധതി	60000000
BS12	348500000	വാർഷിക പദ്ധതി	203090667
ആകെ	906600000	ആകെ	263090667

BS 9 പ്രകാരമുള്ള വാർഷിക പദ്ധതികൾക്കുള്ള റവന്യൂ ചെലവുകൾക്കും BS 12 പ്രകാരമുള്ള മറ്റുമൂലധന ചെലവുകൾക്കും ആകെ വകയിരുത്തിയിരിക്കുന്നത് 90.66കോടി രൂപയാണ്. ഇതിൽ 6കോടി രൂപയുടെ ചെലവുകൾ വിഭാവനം ചെയ്തത് അയ്യങ്കാളി പദ്ധതി തുക വകയിരുത്തിയ ദാരിദ്ര്യ ലഘൂകരണപ്രവർത്തനങ്ങൾക്കാണ്. ഇവ വാർഷിക പദ്ധതിയുടെ ഭാഗമല്ല. മേൽ തുക കഴിച്ച് 84.66കോടി രൂപ വാർഷിക പദ്ധതിക്കും പി എം എ വൈ,എൻ യു എൽ എം ഉൾപ്പടെയുള്ള പദ്ധതികൾക്കുമാണ് വകയിരുത്തിയിരിക്കുന്നത്. ഓഡിറ്റ് വർഷത്തെ അന്തിമ പദ്ധതി രേഖ പ്രകാരം 20.31കോടി യുടെ വാർഷിക പദ്ധതിയാണ് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത്. കഴിച്ചുള്ള 64.35 (84.66-20.31) കോടി രൂപ ബജറ്റിൽ വിവിധ ഹെഡ്ഡുകളിൽ (പി എം എ വൈ, എൻ യു എൽ എം തുടങ്ങിയ) വകകൊള്ളിച്ചെങ്കിലും ഇതിന് അടിസ്ഥാനമാക്കിയ പ്രൊജക്ട് ഫയലോ ആക്ഷൻ പ്ലാനോ ലഭ്യമല്ല. ഇതുകൊണ്ട് തന്നെ 64.35കോടിരൂപയുടെ ബജറ്റ് പ്രൊവിഷൻ കൃത്യതയോ അടിസ്ഥാനമോ

ഇല്ലാത്തതാണെന്ന് കാണാം.

സി) ബഡ്ജറ്റ് എസ്റ്റിമേറ്റ് വസ്തുതാ വിരുദ്ധം

ചില പ്രധാന ഇനങ്ങളിൽ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെ കൊടുത്ത പ്രകാരം വൻ അന്തരം ഉണ്ടായിട്ടുണ്ട്.

ക്രമ നം	ഇനം	ബജറ്റ് പ്രകാരമുള്ളത്	കണക്കുകൾ പ്രകാരമുള്ളത്
1	നികുതിയിതര വരുമാനം	59939500	20952431
2	അനിവാര്യ ചെലവുകൾക്കുള്ള റവന്യൂ ചെലവ്	154640300	67375441
3	നീക്കിയിരിപ്പ്	8033563	74669187

എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് വസ്തുതകളുടെ അടിസ്ഥാനത്തിലല്ലെന്ന് മേൽ വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നു. ആദ്യ രണ്ട് ഇനങ്ങളുടേയും കാര്യത്തിൽ 2018-19വർഷത്തെ യഥാർത്ഥ കണക്കുകൾ പ്രകാരം വരുമാനം യഥാക്രമം 22589991/-രൂപയും 64928617/-രൂപയും മാത്രമാണെന്ന കാര്യം ഇവിടെ പ്രസക്തമാണ്. വിവിധ ഇനങ്ങളുടെ മുൻവർഷങ്ങളിലെ വരവിനേക്കാൾ/ചെലവിനേക്കാൾ വളരെ അധികരിച്ച തുക എസ്റ്റിമേറ്റായി വരുമ്പോൾ(10% അധികരിക്കുമ്പോൾ) ഇതിന്റെ കാരണം കുറിപ്പായി രേഖപ്പെടുത്തണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടില്ലെന്നത് ഇവിടെ പ്രസക്തമാണ്.

ഡി) ബജറ്റ് പ്രൊവിഷനില്ലാതെ തനത് ഫണ്ട് വാർഷിക പദ്ധതിക്ക് വകയിരുത്തി

ക്രമ നമ്പർ (എ)യിൽ സൂചിപ്പിച്ചതു പോലെ തനത് ചെലവുകൾ പോലും തനത് വരുമാനത്തിൽ നിന്നും വഹിക്കാൻ ബജറ്റ് പ്രകാരം കഴിയില്ലെന്നിരിക്കെ, 60 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വാർഷിക പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. ഇത് എപ്രകാരം സാധ്യമാകുമെന്ന് വ്യക്തമല്ല. വർഷാവസാനം വാർഷിക പദ്ധതിക്കുള്ള ഈ വകയിരുത്തൽ 38451694/-രൂപയായി ഉയരുകയും 5949621/-രൂപ ചെലവഴിക്കുകയും ചെയ്തു. എന്നാൽ പുതുക്കിയ ബജറ്റ് പ്രകാരം ചെലവും മുന്നിരിപ്പും വഹിച്ചാൽ തനത് ഫണ്ട് 15052081/-രൂപ കമ്മിയിലാണെന്നും ഇത് മറ്റ് ഗ്രാന്റുകളിൽ നിന്നും വഹിക്കാനാണ് ഉദ്ദേശിച്ചതെന്നും വ്യക്തമാകുന്നു. ബജറ്റ് പ്രൊവിഷനില്ലാതെ 5949621/-രൂപ വിനിയോഗിച്ചത് ക്രമപ്രകാരമല്ല.

മേല്പറഞ്ഞവ കൂടാതെ നിരവധി അപാകതകൾ ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും കാണുന്നു. ബജറ്റ് അർഹിക്കുന്ന പ്രാധാന്യത്തോടെ തയ്യാറാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും അടുത്ത വർഷത്തെ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-2 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	159923721.67
വരവ്	405484385
ആകെ	565408106.67

ചെലവ്	396102976
നീക്കിയിരിപ്പ്	169305130.67

1-3 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട് -ജനറൽ (ACR പ്രകാരം)	0	88958761	88958761	81788222	7170539
വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം)	0	18266666	18266666	14424855	3841811
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	19182000	19182000	18875320	306680
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	18875140	18875140	18875140	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)	0	115445330	115445330	67082741	48362589
സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്	0	43770000	43770000	11922221	31847779

1-4 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക കണക്കിലെ തുകയും എ.സി.ആർ ലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ഇനത്തിലെ ചെലവ് RP-6 പ്രകാരം 1,19,22,221 രൂപയും എ.സി.ആർ പ്രകാരം 11936501 രൂപയുമാണ്.
2. ബാലൻസ് ഷീറ്റ് ബി-4 320200102 ഹെഡിൽ വികസന ഫണ്ട്- എസ്.സി.പി-ക്യാപ്പിറ്റൽ ഇനത്തിൽ 110,000 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. പി.എം.എ.വൈ പദ്ധതിയിൽ എസ്.സി.പി. ഇനത്തിൽ അധികം വന്ന തുക തിരിച്ചടച്ചതാണ് ഇത്. നിലവിലും തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല.
3. ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ പ്രതിമാസം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. ഫെസ്റ്റിവൽ അഡ്വാൻസ്, മിസല്ലേനിയസ് അഡ്വാൻസ് ഇനങ്ങളിൽ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു.
5. മിസല്ലേനിയസ് അഡ്വാൻസ് ഇനത്തിൽ രജിസ്റ്റർ പ്രകാരം 964591 രൂപ ക്രമീകരിക്കാനുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ബി 18(460100700) പ്രകാരം 960139 രൂപയാണ് ക്രമീകരിക്കാനുള്ളത്.
6. ബാലൻസ് ഷീറ്റ് ബി7 പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 4,87,31,408/-രൂപ അവശേഷിക്കുന്നുണ്ട്. ഇത് പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
7. തൊഴിൽരഹിതവേതനം ഇനത്തിലെ തുക എ.എഫ്.എസ് ൽ ഉൾപ്പെട്ടിട്ടില്ല.
8. മുനിസിപ്പാലിറ്റി നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

അക്കൗണ്ട്	വൗച്ചർ നമ്പർ തിയ്യതി	ചെക്ക് നമ്പർ, തീയതി	തുക
പഞ്ചാബ് നാഷണൽ ബാങ്ക് A/c No. 4343001100000019	29.10.2009	296289	240
	21.1.2010	300811	1232
	18.3.2010	303819	3790
	21801691/31.3.2019	741669/30.3.2019	2600
	21900882/29.10.2019	246747/19.10.2019	5000

9. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
10. എ.എഫ്.എസ് ൽ ഡി & ഒ ലൈസൻസ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. അക്കൗണ്ട്സ് പ്രകാരം ഡി&ഒ ലൈസൻസ് ഇനത്തിലെ വരവും രജിസ്റ്റർ പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല.
11. എ.എഫ്.എസ് പ്രകാരം ഷോപ്പിംങ് കോംപ്ലക്സ് വാടക ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ യഥാക്രമം 11060438,10073182,931000 ആണ്.എന്നാൽ രജിസ്റ്റർ പ്രകാരം തൻവർഷം ഡിമാന്റ്,കലക്ഷൻ, ബാലൻസ് 11060438, 10124270, 936168 ആണ് . എ.എഫ്.എസ് ലെ തുകയും രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
12. ലേലം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
13. തൊഴിൽനികുതി രജിസ്റ്ററിലെ വരവ് തുകയും എ.എഫ്.എസ് ലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
14. വസ്തുനികുതി ഇനത്തിലെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസ് ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
15. പുതിയ ബസ് സ്റ്റാന്റ് കെട്ടിടത്തിലും പഴയ ബസ് സ്റ്റാന്റ് ഭൂമിയിലും പരസ്യം സ്ഥാപിക്കുന്നതിനുള്ള ലൈസൻസ് ഫീ ഇനത്തിലെ കുടിശ്ശിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-5 ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ പ്രവർത്തനക്ഷമമല്ലാത്തത് ക്രമക്കേടുകൾക്ക് വഴിയൊരുക്കി

നഗരസഭയിലെ വിവിധ തലങ്ങളിൽ സൃഷ്ടിക്കപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ പ്രവർത്തനക്ഷമമല്ലാത്തത് വിവിധ മേഖലകളിൽ പ്രത്യേകിച്ച് ഹെൽത്ത് വിഭാഗത്തിൽ വൻതോതിലുള്ള ക്രമക്കേടുകൾക്ക് കാരണമായിട്ടുണ്ട്. ഈ വീഴ്ചകൾ പ്രത്യേകമായി ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി, ഓഫീസിലെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥതല മേൽനോട്ട സംവിധാനങ്ങൾ എന്നിവയിലാണ് പ്രധാന വീഴ്ചകൾ സംഭവിച്ചിരിക്കുന്നത്. ഈ വീഴ്ചകളിൽ മിക്കതും മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമായി പരാമർശിക്കപ്പെട്ടതും പരിഹാരനിർദ്ദേശങ്ങൾ നല്കപ്പെട്ടവയുമാണ്. എന്നാൽ മുൻകാല റിപ്പോർട്ടുകളൊന്നും സ്ഥാപനം പരിഗണിക്കാത്തതിനാൽ സംവിധാനങ്ങളിലെ അപാകതകൾ പരിഹരിക്കപ്പെട്ടില്ല. ഈ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന ക്രമക്കേടുകൾക്കെല്ലാം കാരണമായത് ഇതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഉദ്യോഗസ്ഥതല മേൽനോട്ട സംവിധാനങ്ങൾ -വീഴ്ചകൾ

ഉദ്യോഗസ്ഥതല മേൽനോട്ട സംവിധാനങ്ങൾ കാര്യക്ഷമമല്ലെന്ന് സ്ഥാപനത്തിലെ നിലവിലെ അവസ്ഥ വ്യക്തമാക്കുന്നുണ്ട്. പ്രത്യേക ഓഫീസ് ഉത്തരവുകളിലൂടെ ഹെൽത്ത് ഇൻസ്പെക്ടർ, സൂപ്രണ്ട്, എഞ്ചിനീയർ തുടങ്ങിയ ഉദ്യോഗസ്ഥർക്ക് സെക്രട്ടറി ചുമതലകൾ ഏല്പിച്ചു കൊടുത്തെങ്കിലും ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാത്തതും മേൽ നോട്ടം വഹിക്കാത്തതും ഈ റിപ്പോർട്ടിൽ ഉൽപ്പെട്ട വിവിധ പരാമർശങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.ഹെൽത്ത് വിഭാഗവുമായി ബന്ധമില്ലാത്ത പ്രവർത്തനങ്ങൾ അവർക്കായി മാർക്ക് ചെയ്യപ്പെടുന്നതും (തപാലുകൾ മാർക്ക് ചെയ്യുന്നതിലൂടെ) നിർവ്വഹിക്കാത്ത കാര്യങ്ങൾക്ക് തുക ചെലവഴിക്കുന്നതും, വാങ്ങലുകളിൽ സുതാര്യത ഇല്ലാത്തതും, വാഹനങ്ങൾ പോലുള്ള ആസ്തികൾ കൃത്യമായി സംരക്ഷിക്കപ്പെടാത്തതും ഇത്തരം ഇടപെടലുകളുടെ അഭാവത്തിൽ സംഭവിച്ചതാണെന്നു കാണാം. ഓഡിറ്റ് റിപ്പോർട്ടുകൾ കൗൺസിലിന്റെ പരിഗണനക്ക് വയ്ക്കാത്തതും റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കാത്തതും റിപ്പോർട്ടുകൾക്ക് മറുപടി നല്കാത്തതും പ്രധാന വീഴ്ചകളിലൊന്നായി കാണാം. വിവിധ ഫയലുകളിൽ കുറിപ്പ് രേഖപ്പെടുത്തുന്ന അധികാര സ്ഥാനങ്ങൾ ആരെന്ന് വ്യക്തമാക്കപ്പെടുന്ന തരത്തിൽ ഫയലുകളിൽ രേഖപ്പെടുത്തലുകളില്ലാത്തതും ഫയലുകൾ ക്രമപ്രകാരം അടുക്കി, കറന്റ് ഫയലിനും നോട്ട് ഫയലിനും ക്രമനമ്പരുകൾ നല്കാത്തതും പ്രധാന അപാകതകളിൽ പെടുന്നു. സ്റ്റേഷനറികൾ ഉൾപ്പെടെയുള്ളവയുടെ സ്റ്റോക്കും വിതരണവും സൂപ്രണ്ട് തലത്തിൽ നിരീക്ഷിക്കപ്പെടുന്നില്ലെന്നത് പാകപ്പിഴയാണെന്ന് കാണാം.

സ്റ്റാന്റിംഗ് കമ്മിറ്റികൾ -മേൽനോട്ടത്തിലെ പോരായ്മകൾ

സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ ശരിയായ ദിശയിൽ നയിക്കുന്നതിന് പ്രധാന പങ്ക് വഹിക്കേണ്ട മറ്റൊരു നിയന്ത്രണ സംവിധാനമായ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ കാര്യക്ഷമത കാണിച്ചിട്ടില്ലെന്ന് ശുഷ്കമായ മിനിട്സുകൾ വ്യക്തമാക്കുന്നു. പ്രത്യേകിച്ച് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിനുകീഴിലുള്ള ഉദ്യോഗസ്ഥ സംവിധാനത്തിന്റെ പ്രവർത്തനങ്ങളേയും ചെലവുകളേയും കൃത്യമായി നിരീക്ഷിക്കുകയോ പ്രവർത്തനങ്ങളിൽ ഇടപെടുകയോ ചെയ്തിട്ടില്ല. ഇതുകൊണ്ട് തന്നെ ഉദ്യോഗസ്ഥർ തങ്ങളുടെ ഇംഗിതത്തിന് അനുസരിച്ച പ്രവർത്തനങ്ങൾ നടത്തിയതായും നഗരസഭാ ഫണ്ടിന് വലിയ നഷ്ടങ്ങൾ വരുത്തിയതായും ഈ റിപ്പോർട്ടിലെ വിവിധ നിരീക്ഷണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

പ്രൊക്യൂർമെന്റ് കമ്മിറ്റിപ്രവർത്തനക്ഷമമല്ല

കേന്ദ്രീകൃത വാങ്ങൽ സംവിധാനമായ പ്രൊക്വർമെന്റ് കമ്മിറ്റി പ്രവർത്തനക്ഷമമല്ലാത്തത് വലിയ തോതിൽ ക്രമക്കേടിന് വഴിയൊരുക്കിയിട്ടുണ്ട്. സ്ഥാപനത്തിന് ആവശ്യമായ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് ആളുകളെ /സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്നത് ഒരു പൊതു സംവിധാനം , വാങ്ങലുകൾ നടത്തുന്നത് മറ്റു സംവിധാനങ്ങൾ എന്ന ഒരു സുതാര്യമായ സ്ഥിതിവിശേഷമാണ് പ്രക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ സൃഷ്ടിക്കുന്നതെന്ന് കാണാം. 2016-17വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ നടപടിക്രമത്തെ പറ്റിയും അത് പാലിക്കാത്തത് സംബന്ധിച്ചും വിശദമായി പരാമർശിച്ചിരുന്നെങ്കിലും ഓഡിറ്റ് റിപ്പോർട്ടുകൾ പരിഗണിക്കപ്പെടാത്തതിനാൽ സംവിധാനത്തിൽ മാറ്റങ്ങളുണ്ടായില്ലെന്ന് കാണാം. ഹെൽത്ത് വിഭാഗത്തിൽ ഒരേ സംവിധാനം തന്നെ ടെണ്ടർ ക്ഷണിക്കുകയും വാങ്ങലുകൾ നടത്തുകയും ചെയ്തത് വലിയ ക്രമക്കേടുകൾക്ക് വഴിയൊരുക്കിയത് ഈ പശ്ചാത്തലത്തിലാണ്.

മേല്പറഞ്ഞവ കൂടാതെ മുൻ റിപ്പോർട്ടുകളിലും നിയന്ത്രണ സംവിധാനങ്ങളിലെ വിവിധ പോരായ്മകൾ ചൂണ്ടിക്കാട്ടിയിരുന്നു. ഇവയിൽ മിക്കതും പരിഹരിക്കപ്പെട്ടില്ലെന്ന കാര്യം പ്രത്യേക ശ്രദ്ധയിലേക്ക് കൊണ്ടു വരുന്നു.

പോരായ്മകൾ സംബന്ധിച്ച സ്ഥാപനത്തിന്റെ നിരീക്ഷണവും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-6 ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിച്ചില്ല.

1995 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 295(3) പ്രകാരം നിയോഗിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച 2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ പുറപ്പെടുവിച്ച കൊയിലാണ്ടി നഗരസഭയുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സെക്രട്ടറി 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 14, 15 എന്നിവ പ്രകാരം നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിലും തുടർ നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച വരുത്തിയതായി കാണുന്നു. റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽ നടപടികളൊന്നും സ്ഥാപനം കൈക്കൊണ്ടിട്ടില്ല. ഇത് സംബന്ധിച്ച അപാകത 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-6 പ്രകാരം സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും മേൽ ഓഡിറ്റ് റിപ്പോർട്ടിന്മേലും സമാനമായ അപാകത ആവർത്തിച്ചിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് സാഹര്യം മൂലം കൗൺസിൽ യോഗങ്ങൾ ഓൺലൈനായി നടത്തിയതിനാലാണ് ഓഡിറ്റ് റിപ്പോർട്ടുകൾ കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്യുന്നതിന് സാധിക്കാതിരുന്നത് എന്നാണ് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. സെക്രട്ടറിയുടെ മറുപടി വസ്തുതാപരമല്ലാത്തതിനാൽ സ്വീകാര്യമല്ല. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനകം റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിക്കണമെന്നിരിക്കെ ഓഡിറ്റ് തിയ്യതിവരെയും റിപ്പോർട്ട് കൗൺസിലിൽ വയ്ക്കാത്തതിന്റെ കാരണമായി സെക്രട്ടറി ചൂണ്ടികാണിച്ചിട്ടുള്ളത് കോവിഡ് നിയന്ത്രണങ്ങളാണ്. സകർമ്മ മിനുട്സ് പരിശോധിച്ചതിൽ നിന്നും നാമമാത്രമായ യോഗങ്ങൾ മാത്രമെ ഓൺലൈനായി ചേർന്നിട്ടുള്ളൂ എന്നത് വ്യക്തമാണ്. 2016-17 മുതലുള്ള ഓഡിറ്റ് റിപ്പോർട്ട് ഫയലുകൾ പരിശോധിച്ചതിൽ പ്രത്യേക കൗൺസിൽ യോഗം വിളിച്ചു ചേർത്ത് ചർച്ച ചെയ്യുകയോ പൊതുജനങ്ങളുടെ അറിവിലേക്കായി വാർഡ് സഭയിലൂടെ അവതരിപ്പിക്കുകയോ ചെയ്തിട്ടില്ലെന്ന വസ്തുതയും ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു.

ഓഡിറ്റ് റിപ്പോർട്ടുകൾ ഉദ്യോഗസ്ഥ തലത്തിൽ മാത്രം കൈകാര്യം ചെയ്യപ്പെടുന്ന സ്ഥിതിവിശേഷമാണ് സ്ഥാപനത്തിൽ നിലനിൽക്കുന്നത്. ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ ചൂണ്ടികാണിച്ച അപാകതകൾ ഭരണതലത്തിൽ ചർച്ചചെയ്യുന്നതിലും ഓഡിറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലും വീഴ്ച വരുത്തുകയും ചെയ്തതിലൂടെ അപാകതകളും ക്രമക്കേടുകളും സ്ഥാപനത്തിൽ ആവർത്തിക്കപ്പെടുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടിലെ കുടിശ്ശിക ഖണ്ഡികകൾക്ക് മറുപടി ലഭ്യമാക്കുന്നതിലും സെക്രട്ടറി വീഴ്ച വരുത്തിയിട്ടുണ്ട്.

(കുടിശ്ശിക ഖണ്ഡിക സംബന്ധിച്ച വിശദാംശങ്ങൾക്ക് ഖണ്ഡിക 4-11 കാണുക).

ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലുള്ള വീഴ്ച കൗൺസിലിന്റെ അധികാരത്തെയും പൊതുജനങ്ങളുടെ അവകാശങ്ങളേയും കവർന്നിട്ടുണ്ട്. പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനും സാധിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേക കൗൺസിൽ യോഗം വിളിച്ചു ചേർത്ത് ചർച്ച ചെയ്യേണ്ടതും വാർഡ് സഭകളിലൂടെ പൊതുജന സമക്ഷം അവതരിപ്പിക്കേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.7.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 65438/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	720	1
കർഷകതൊഴിലാളി പെൻഷൻ	14728500	1104
വിധവാപെൻഷൻ	41584700	2981
വാർദ്ധക്യകാലപെൻഷൻ	62238800	5622
വികലാംഗപെൻഷൻ	11144300	821
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	4773900	351
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	1680000	56

1-9 പുളിയഞ്ചേരികുളം മണ്ണ് നീക്കം ചെയ്യൽ- നഗരസഭാ ഫണ്ടിന് 676260 രൂപ നഷ്ടം

ഫയൽ നം- H1-1562/2020

ഫയൽ നം- PW1-2562/2020.

കൊയിലാണ്ടി നഗരസഭയുടെ ആസ്തിയായ 3-ാം വാർഡിലെ പുളിയഞ്ചേരികുളം എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നീന്തൽകുളമായി മാറ്റിയ പദ്ധതിയുടെ ഭാഗമായി കുളത്തിൽ നിന്നും മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ 19.02.2020 ലെ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മണ്ണ് ലേലം ചെയ്യുന്നതിലേക്കായി 06.03.2020 ലെ H1-1562/2020 നമ്പർ നോട്ടീസ് പ്രകാരം നഗരസഭാ ആരോഗ്യവിഭാഗം 12.03.2020 തിയ്യതിയിൽ ക്വട്ടേഷൻ സ്വീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡിന് (100 ക്യൂബിക് ഫീറ്റ് ഒരു ലോഡ് എന്ന നിലയിലാണ് കരാറുകാർ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത്.) ഏറ്റവും ഉയർന്ന നിരക്കായ 700 രൂപ ക്വാട്ട് ചെയ്തത് അബ്ദുൾ സമദ് , ബൈദുൽ മിലാദ് എന്നവരായിരുന്നു. 495 രൂപ ക്വാട്ട് ചെയ്ത ശ്രീ. സുനിൽകുമാർ എന്നവർ ശ്രീ.അബ്ദുൾ സമദ് നിശ്ചിതസമയപരിധിക്ക് ശേഷമാണ് ക്വട്ടേഷൻ സമർപ്പിച്ചത് എന്ന് ചൂണ്ടികാട്ടി പരാതി സമർപ്പിച്ചിട്ടുണ്ട്. പരാതിയിൽ ടിയാൻ 730 രൂപ നിരക്കിൽ കരാർ ഏറ്റെടുക്കാൻ തയ്യാറാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ 28.05.2020 ൽ പുനർ ക്വട്ടേഷൻ നടത്തിയതിൽ ശ്രീ സുനിൽ കുമാർ 1102 രൂപ ക്വാട്ട് ചെയ്യുകയും ആയത് നെഗോസിയേഷൻ നടത്തി 1105 രൂപയാക്കി 29.05.2020 ലെ H1-1562/2020 നമ്പർ വർക്ക് ഓർഡർ പ്രകാരം മണ്ണ് എടുത്ത് മാറ്റുന്നതിന് കരാറുകാരന് അനുമതി നൽകുകയും, നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് പരിശോധിക്കുന്നതിന് ഓവർസിയറായ ശ്രീമതി.ശ്രീലമോൾ എന്നവരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ 29.05.2020 തിയ്യതിയിൽ 100 ലോഡിന്റെ തുകയായ 110500 രൂപ നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. മണ്ണ് ലേലം ചെയ്ത് വിൽപന നടത്തുന്നതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. എം.എൽ.എ ഫണ്ടുപയോഗിച്ച് പൂർത്തിയാക്കിയ പുളിയഞ്ചേരികുളം പുനരുദ്ധാരണം പ്രവൃത്തിയുടെ വർക്ക് സ്ലിപ് പരിശോധിച്ചതിൽ നിന്നും എസ്റ്റിമേറ്റിലെ 3,4 എന്നീ ഇനങ്ങൾ പ്രകാരം കുളത്തിൽ നിന്നും 2277.54 ക്യൂബിക് മീറ്റർ (80430.56 ക്യൂബിക് ഫീറ്റ്) മണ്ണ് ഖനനം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ E6 പ്രകാരം 259.98 ക്യൂബിക് മീറ്റർ മണ്ണ് ഫില്ലിംഗിന് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഖനനം ചെയ്തതിൽ 2017.56 ക്യൂബിക്

മീറ്റർ മണ്ണ് അവശേഷിക്കുന്നുണ്ട്. എന്നാൽ 100 ലോഡ് (ആകെ283.16 ക്യൂബിക് മീറ്റർ) നീക്കം ചെയ്യുന്നതിനുള്ള തുക മാത്രമെ നഗരസഭ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുള്ളൂ. വർക്ക് സ്ലിപ് പ്രകാരം കുളത്തിൽ നിന്നും ഖനനം ചെയ്ത 712 ലോഡിൽ (2017.56 ക്യൂബിക് മീറ്റർ) 612 ലോഡ് മണ്ണിന്റെ തുക നഗരസഭാ ഫണ്ടിൽ അടവാക്കപ്പെട്ടിട്ടില്ല.

2. മണ്ണ് ലേലം ചെയ്തിരിക്കുന്നത് ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിലാണ്. അളവ് രേഖപ്പെടുത്തുന്നതിന് സാങ്കേതിക വൈദഗ്ധ്യമില്ലാത്തവരും, കോവിഡ് പ്രതിരോധ- ആരോഗ്യ പ്രവർത്തനങ്ങൾക്ക് വേണ്ടി ചുമതലപ്പെട്ടവരുമായ ജെ.എച്ച്.ഐ ഷീബയെ ആണ്, ഹെൽത്ത് ഇൻസ്പെക്ടർ മണ്ണിന്റെ അളവ് പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. പരിശോധന നടത്തി " ഏകദേശം 100 ലോഡ് മണ്ണുണ്ട് " എന്നാണ് JHI റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സാങ്കേതിക ജ്ഞാനമുള്ള ഒരു എഞ്ചിനീയർ നീന്തൽ കുളം നിർമ്മാണ പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ 2277.54 ക്യൂബിക് മീറ്റർ മണ്ണ് കുളത്തിൽ നിന്നും ഖനനം ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ രേഖ നിലനിൽക്കെ, സാങ്കേതിക പരിജ്ഞാനമില്ലാത്ത JHI യുടെ റിപ്പോർട്ടിന്റെ സാംഗത്യം വ്യക്തമല്ല. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചത് നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്.

3. നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് നിരീക്ഷിക്കുന്നതിന് ഓവർസിയറായ ശ്രീമതി.ശ്രീലമോൾ എന്നവരെ ചുമതലപ്പെടുത്തിയതായി സെക്രട്ടറി പുറപ്പെടുവിച്ച വർക്ക് ഓർഡറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സൈറ്റിൽ നിന്നും നീക്കം ചെയ്ത മണ്ണിന്റെ അളവ് / ലോഡിന്റെ എണ്ണം സംബന്ധിച്ച ഓവർസിയറുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

4. ഫയൽ നം- PW1-2562/2020 പ്രകാരം നീക്കം ചെയ്ത മണ്ണിന്റെ വിലയും ഗ്രഡേഷൻ/ക്വാളിറ്റിയും നിശ്ചയിക്കുന്നതിന് ഗവ.എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാളിനോട് 24.02.2020 തിയ്യതിയിൽ PW1/93A/20 നമ്പർ കത്ത് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി 13.05.2020 തിയ്യതിയിൽ 5000 രൂപ ഫീ ഇനത്തിൽ നഗരസഭ അടവാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിലും ആയത് പരിഗണിക്കാതെ ആരോഗ്യ വിഭാഗത്തിൽ ലേലത്തിന്റെ തുടർ നടപടികൾ സ്വീകരിച്ച് മണ്ണ് നീക്കം ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്.

25.07.2022 തിയ്യതിക്കകം അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് 22.07.2022 തിയ്യതിയിൽ നൽകിയ 16-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് പ്രകാരം 712 ലോഡ് മണ്ണിന് 786760 രൂപ നഗരസഭക്ക് ലഭിക്കേണ്ടതാണ്. എന്നാൽ 110500 രൂപ മാത്രമെ നഗരസഭാ ഫണ്ടിൽ അടവാക്കപ്പെട്ടിട്ടുള്ളൂ. 676260 രൂപയാണ് നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായിട്ടുള്ളത്.

മണ്ണ് പരിശോധന നടത്തുന്നതിനും മൂല്യം നിർണ്ണയിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ 20.03.2020 തിയ്യതിയിൽ ഫയൽ നം- PW1-2562/2020 പ്രകാരം സാങ്കേതിക വിഭാഗത്തിൽ ആരംഭിച്ച ഘട്ടത്തിലും 28.05.2020 തിയ്യതിയിൽ ഖനനം ചെയ്ത മണ്ണിന്റെ അളവ്, മൂല്യം എന്നിവ പരിഗണിക്കാതെ ആരോഗ്യ വിഭാഗം ക്വട്ടേഷൻ നടപടി സ്വീകരിച്ചതും മണ്ണ് നീക്കം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ ഓവർസിയറുടെ മേൽനോട്ടം ഉറപ്പു വരുത്തി റിപ്പോർട്ട് ലഭ്യമാക്കാത്തതും വീഴ്ചക്ക് കാരണമായിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ, സെക്രട്ടറി എന്നിവർ ചുമതലാ നിർവ്വഹണത്തിൽ വരുത്തിയ വീഴ്ചയാണ് നഷ്ടത്തിന് കാരണമായിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ചുമതലാപരമായ പങ്ക് വഹിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. നഷ്ടതുക 6,76,260/- രൂപ സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ എന്നവരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-10 മൈക്രോ എംആർഎഫ് യൂനിറ്റ് സ്ഥാപിക്കൽ പദ്ധതി അപാകതകൾ

പ്രോജക്ട് നം-571/20-21

അടങ്കൽ-2300000

ചെലവ് -1992783

നിർവ്വഹണം-ഹെൽത്ത് ഓഫീസർ

നഗരസഭയിലെ 44 വാർഡുകളിലെയും പ്ലാസ്റ്റിക്ക് ബോട്ടിലുകൾ പൊതുസ്ഥലങ്ങളിലും കുടിവെള്ള സ്രോതസ്സുകളിലും അടിഞ്ഞുകൂടുന്നത് ഒഴിവാക്കുന്നതിനുവേണ്ടി 100 മൈക്രോ എം.ആർ.എഫ് യൂനിറ്റുകൾ സ്ഥാപിക്കുന്നതിനായാണ് 2019-20 വർഷത്തിൽ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. 2020-21 വർഷത്തിൽ സ്പിൽ ഓവർ ആയി നടപ്പിലാക്കിയ പദ്ധതിക്കായി ഇ-ടെണ്ടർ നടപടി സ്വീകരിച്ചതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ സാൻസ് കോർപ്പ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡിന്റെ ടെണ്ടർ കൗൺസിൽ അംഗീകരിക്കുകയും യൂനിറ്റുകൾ സ്ഥാപിച്ച ഇനത്തിൽ പ്രസ്തുത ഏജൻസിക്ക് താഴെ പറയും പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് നം	ട്രഷറി ബിൽ നം
SC-S/0114 തീയ്യതി-18-5-20 35 എണ്ണം, 697474/-രൂപ	233/26-08-20 697474/-
SC-S/0110തീയ്യതി 18-05-20 23എണ്ണം , 458340/-രൂപ	234/26-08-20 458340/-
SC-S/0111 തീയ്യതി 18-05-20 42 എണ്ണം, 836969/-രൂപ	317/10-11-20 836969/-
ആകെ 100 എണ്ണം	1992783

100 മൈക്രോ എം.ആർ.എഫ് യൂനിറ്റുകൾ സ്ഥാപിച്ച ഇനത്തിൽ ആകെ 1992783/-രൂപ സാൻസ് കോർപ്പ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡിന് നൽകിയിട്ടുണ്ടെങ്കിലും മുഴുവൻ യൂനിറ്റുകളും ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്ററിൽ ചേർക്കുകയോ എവിടെയൊക്കെയാണ് യൂനിറ്റുകൾ സ്ഥാപിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

29-07-22 ന് സ്ഥലപരിശോധനയുടെ ഭാഗമായി വനിതാ പരിശീലന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന സഹയോഗ് കുടുംബശ്രീ ഗ്രീൻകവർ യൂണിറ്റ് പ്രവർത്തനം പരിശോധിക്കുന്നതിനായി സ്ഥാപനം സന്ദർശിച്ചതിൽ യാദൃശ്ചികമായി പരിശീലനകേന്ദ്രം കോമ്പൗണ്ടിൽ മേൽപദ്ധതി പ്രകാരം വിതരണം ചെയ്തിരിക്കുന്ന ബോട്ടിൽ കളക്ഷൻ യൂണിറ്റുകളുടെ അതേ രൂപത്തിലും നിറത്തിലും ഉള്ള പണിപൂർത്തീകരിച്ചതും, പൂർത്തീകരിക്കാത്തതുമായ 50 ഓളം ബോട്ടിൽ കളക്ഷൻ യൂനിറ്റുകളും നിർമ്മാണ സാമഗ്രികളും ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണാനായി കഴിഞ്ഞു. സ്ഥലപരിശോധനക്കായി ഓഡിറ്റ് ടീമിനെ അനുഗമിച്ച സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനായ ജെ.എച്ച്.ഐ അറിയിച്ചത് ആയത് 2021-22 വർഷം പദ്ധതിയുടെ ഭാഗമായി നിർമ്മാണം നടക്കുന്നവയാണെന്നും 20-21 വർഷ പദ്ധതി പ്രകാരമുള്ള നൂറ് യൂനിറ്റുകളും പൂർണ്ണമായി സ്ഥാപിച്ചിട്ടുണ്ട് എന്നുമാണ്. 2021-22 വർഷത്തെ സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ സ്പിൽ ഓവർ പ്രോജക്ട് നം-199/21-22 പ്രകാരം വിവിധ സ്ഥലങ്ങളിൽ മിനി എം.സി.എഫ് പദ്ധതിക്കായി 1800000 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയതിൽ 1733400/-രൂപ തൻ വർഷം ചെലവ് വന്നിട്ടുണ്ട്. ഇതിൽ നിന്നും യൂണിറ്റുകൾ

സ്ഥാപിക്കാതെയാണ് 2021-22 വർഷം പദ്ധതിക്കായി വകയിരുത്തിയ തുകയിൽ 1733400/-രൂപയും നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസർ ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാവുന്നു. പദ്ധതി ഫയൽ പരിശോധിച്ചതിൽ 2021-22 വർഷ പദ്ധതിയിൽ മിനി എം.സി.എഫ് നിർമ്മാണ ചുമതല കരാർ നൽകിയിരിക്കുന്നതും മുൻവർഷത്തെ കരാറുകാരായ സാൻകോർപ്പ് ഇൻഡ്യാപ്രൈവറ്റ് ലിമിറ്റഡിന് തന്നെയാണ്. സാൻകോർപ്പ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡിന്റെ 15-03-2022 ലെ ഇൻവോയ്സ് നം-SC-S/0118 പ്രകാരം ആണ് 100 യൂണിറ്റുകളുടെ വിലയായി 1733400/-രൂപ പദ്ധതി പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിരിക്കുന്നത്. നിർമ്മാണം പൂർത്തിയാക്കി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മുൻപ് തന്നെ പദ്ധതിപ്രകാരമുള്ള മുഴുവൻ തുകയും കൈമാറിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പദ്ധതി നിർവ്വഹണത്തിൽ ഇത്തരമൊരു ക്രമക്കേട് നടന്നിട്ടും അറിയാതെ പോയത് മേൽ കമ്മിറ്റികൾ തങ്ങളെ ഏൽപ്പിച്ച നിയമപരമായ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ കുറ്റകരമായ അനാസ്ഥ വരുത്തിയത് മൂലമാണെന്ന് വ്യക്തമാകുന്നു. ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ഉചിതമായ അച്ചടക്ക നടപടികൾ എടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ രണ്ട് പദ്ധതികളിലായും സ്ഥാപിക്കേണ്ട മൈക്രോ യൂണിറ്റുകൾ മുഴുവനായും സ്ഥാപിക്കപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതും, സ്ഥാപിക്കപ്പെട്ട മിനി എം.ആർ.എഫ് യൂനിറ്റുകളുടെയും, മിനി എം.സി.എഫ് യൂനിറ്റുകളുടെയും എണ്ണം, സ്ഥാപിച്ച സ്ഥലം, സ്പെസിഫിക്കേഷൻ എന്നിവ എഞ്ചിനീയറിംഗ് വിംഗ് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

1-11 ഖരമാലിന്യപരിപാലനം-നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് കണക്കാക്കിയതിലെ അപാകതകൾ

പ്രോജക്ട്-57/20-21

അടങ്കൽ-500000/-

ചെലവ് -500000/- (ബിൽ നം-383/3-12-20)

നിർവ്വഹണം-ഹെൽത്ത് ഓഫീസർ

നഗരസഭയെ പൂർണ്ണമായി മാലിന്യമുക്തമാക്കുക. 44 വാർഡുകളിലെ വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങളും പുനരുപയോഗിക്കാൻ കഴിയുന്ന വസ്തുങ്ങളും മറ്റ് വസ്തുക്കളും തരംതിരിച്ച് ശേഖരിച്ച് സ്വാപ്പ്-ഷോപ്പ് വഴി വിതരണം ചെയ്യുകയും അജൈവ മാലിന്യങ്ങൾ ഷ്രഡിംഗ് യൂനിറ്റിൽ എത്തിക്കുന്നതോടൊപ്പം മറ്റുള്ളവ അംഗീകൃത ഏജൻസിക്ക് കൈമാറുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി നഗരസഭാ സെക്രട്ടറി 27-4-20 തീയ്യതിയിലെ H1-12376 കത്ത് പ്രകാരം ക്ലീൻ കേരളാ മിഷനോട് നഗരസഭയിലെ MRFൽ സൂക്ഷിച്ചിരിക്കുന്ന ഉദ്ദേശം 20 ടണ്ണോളം വരുന്ന പുന ചംക്രമണ സാധ്യതയില്ലാത്ത മാലിന്യങ്ങൾ കിലോഗ്രമിന് 10 രൂപ നിരക്കിൽ നീക്കം ചെയ്യുന്നതിന് ആവശ്യപ്പെട്ടു. മേൽ നിർദ്ദേശ പ്രകാരം മാലിന്യങ്ങൾ നീക്കം ചെയ്ത ഇനത്തിൽ ക്ലീൻ കേരള കമ്പനി സമർപ്പിച്ച ഇൻവോയ്സ് നം SER 0224/1-08-20 പ്രകാരം 48245 കിലോ മാലിന്യങ്ങൾ നീക്കം ചെയ്തതിന് കിലോക്ക് 10 രൂപ നിരക്കിൽ ടാക്സ് ഉൾപ്പെടെ 574116 രൂപയുടെ ബിൽ സമർപ്പിച്ചതിൽ 500000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ചിട്ടുണ്ട്. പദ്ധതി ചെലവ് പരിശോധിച്ചതിൽ 22-5-20 ലെ ക്ലീൻ കേരളാ കമ്പനി ലിമിറ്റഡിനുള്ള കത്തിൽ ഒലീന മഹിളാ സമാജം നഗരസഭയിൽ നിന്നും 16200 കിലോ അജൈവമാലിന്യങ്ങൾ നീക്കം ചെയ്തതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒലീന മഹിളാസമാജം ഏതൊക്കെ വാഹനങ്ങളിൽ എത്ര കിലോ വീതം മാലിന്യങ്ങളാണ് കൊണ്ടുപോയിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 21-5-20 മുതൽ 1-06-20 വരെയുള്ള കാലയളവിൽ 32045 കിലോ മാലിന്യങ്ങൾ

നഗരസഭയിൽ നീക്കം ചെയ്തതായി 20-6-20 ൽ സെക്രട്ടറി ക്ലീൻ കേരള കമ്പനിക്കുള്ള കത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 32045 കിലോ മാലിന്യം കൊണ്ടുപോയത് സംബന്ധിച്ച വെയ്ബ്രിഡ്ജുകളിൽ നിന്നുള്ള തൂക്കം രേഖപ്പെടുത്തിയത് സംബന്ധിച്ച ബില്ലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നഗരസഭയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ആരുടെയും സാന്നിധ്യത്തിലല്ല വെയ്ബ്രിഡ്ജിൽ വാഹനത്തിന്റെ തൂക്കം രേഖപ്പെടുത്തിയിരിക്കുന്നത് ഇവയിൽ തന്നെ KL-50H 5024 വാഹനത്തിന്റെ 30-5-20 ലെ ലക്ഷ്മി ഇലക്ട്രോണിക്ക് വെയ്ബ്രിഡ്ജ് കൊയിലാണ്ടിയിൽ നിന്നുള്ള 10:30 AM ന്റെ തൂക്കം 5120 കിലോയും . മേൽ വാഹനത്തിൽ പ്ലാസ്റ്റിക്ക് വേസ്റ്റ് കയറ്റിയതിനുശേഷമുള്ള 1-06-20 നുള്ള കോളത്താഡി വെയ്ബ്രിഡ്ജ്, പാലക്കാട് നിന്നുള്ള 6:56 AM നുള്ള തൂക്കം 7640 കിലോയുമാണ് . 7640 കിലോ യിൽ നിന്നും വണ്ടിയുടെ തൂക്കമായ 5120 കിലോ കുറച്ച് 2520 കിലോയാണ് മാലിന്യത്തിന്റെ തൂക്കമായി കണക്കാക്കിയിരിക്കുന്നത്. കൊയിലാണ്ടിയിൽ തന്നെ വെയ്ബ്രിഡ്ജ് ഉണ്ടായിരിക്കെ ആയതിൽ നിന്നും തൂക്കം രേഖപ്പെടുത്താതെ പാലക്കാട്ടുള്ള വെയ്ബ്രിഡ്ജിൽ നിന്നും തൂക്കം കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചതായും കാണുന്നു. മാലിന്യം കയറ്റിയ ലോറിയുടെ തൂക്കം കണക്കാക്കിയതിലെ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് 20-07-22ന് നൽകിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. കൃത്യമായ തൂക്കം കണക്കാക്കാതെ ക്ലീൻ കേരള കമ്പനിക്ക് മാലിന്യം നീക്കം ചെയ്തതിന് അനുവദിച്ച 500000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-12 ഫർണ്ണീച്ചർ ലഭിക്കാതെ പണം നൽകി-നഗരസഭാ ഫണ്ടിന് നഷ്ടം

പ്രോജക്ടിന്റെ പേര്,നം.	ആയുർവേദ ആശുപത്രി ഫർണ്ണീഷിംഗ് 554/21
വകയിരുത്തിയതുക	300,000/-(MG-NR)
ചെലവുതുക, ബിൽനം, തിയ്യതി	299995/-(350/11.11.20)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ആയുർവ്വേദ ആശുപത്രിക്ക് ആവശ്യമായ ഫർണ്ണീച്ചറുകൾ വാങ്ങുന്നതിനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ആർട്കോ ലിമിറ്റഡിൽ നിന്നും (Invoice No:KKD/276/10.11.20) ടെണ്ടർ കൂടാതെ വിവിധ ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്. ആശുപത്രിയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ഇൻവോയ്സ് പ്രകാരം വാങ്ങിയ 200 ഫൈബർ ചെയറുകളിൽ 100 എണ്ണവും അലൂമിനിയം ലാഡറും ആശുപത്രിക്ക് ലഭിച്ചിട്ടില്ല. ഫർണ്ണീച്ചർ ലഭിക്കാതെ പണം നൽകി നഗരസഭാ ഫണ്ടിന് നഷ്ടം വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/21.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. 22.07.22ന് 10 മണിക്ക് ഓഡിറ്റ് ടീം ആയുർവേദ ആശുപത്രിയിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ പ്രോജക്ട് പ്രകാരം വാങ്ങിയതായി പറയുന്ന സുപ്രീം കമ്പനിയുടെ 200 കസേരകളിൽ 97 കസേരകൾ നേരിൽ കാണുകയും അലൂമിനിയം ലാഡർ ആശുപത്രിയിൽ ലഭിച്ചിട്ടില്ല എന്നു ബോധ്യപ്പെടുകയും ചെയ്തു. ആശുപത്രിക്ക് ലഭിക്കാത്ത സാധനങ്ങളുടെ വിലവിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ഇനം	നൽകിയ തുക
1	FCGQ-FIBRE CHAIR (100എണ്ണംx713.90=71390)GST ഉൾപ്പെടെ	71390
2	ALUMINIUM LADDER	5546

	TOTAL	76936/-

സാധനങ്ങൾ ലഭിക്കാതെ പണം ചെലവഴിച്ചയിനത്തിൽ നഗരസഭക്ക് നഷ്ടം വന്ന 76936/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

സ്റ്റോക്കിലെടുത്ത 100 കസേരകളിൽ 3 എണ്ണം കാണാതായത് സംബന്ധിച്ച് ആയുർവേദ ഡോക്ടറിൽ നിന്നും ആർട്കോ നേരിട്ട് ഉത്പാദിപ്പിക്കാത്ത സുപ്രീം ബ്രാന്റിലുള്ള കസേരകൾ ടെണ്ടർ കൂടാതെ വാങ്ങിയതിന് സെക്രട്ടറിയിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-13 സഹയോഗ്കുടുംബശ്രീ ഗ്രീൻ കവർ യൂണിറ്റ് -പദ്ധതി നടത്തിപ്പിലെ ക്രമക്കേട് വഴി ചെലവഴിച്ച തുകയിൽ 80195 രൂപ യൂണിറ്റിന് ഉപകാരപ്പെട്ടില്ല.

പ്രോജക്ട് നം-550-20-21

ചെലവ്-195800/-(ട്രഷറി ബിൽ നം-326/11-11-20)

നിർവ്വഹണം -ഹെൽത്ത് ഓഫീസർ

ഗ്രീൻകവർ(തുണി സഞ്ചി) നിർമ്മാണത്തിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിനായി നിലവിലുള്ള ഹരിതകർമ്മസേനയിൽ നിന്നും താൽപര്യമുള്ള 5 മുതൽ 10 വരെ പേരെ ചേർത്ത് യൂണിറ്റ് രൂപീകരിക്കുന്നതിനും ഹരിത കർമ്മസേനയെ സ്വയം പര്യാപ്തമാക്കുന്നതിന് ഉതകും വിധത്തിൽ തുണിസഞ്ചി നിർമ്മാണം ആരംഭിക്കുന്നതിനുമാണ് പദ്ധതി രൂപീകരിച്ചത്. യൂനിറ്റിനാവശ്യമായ തയ്യൽ മെഷീൻ, ടേബിൾ, റാക്ക്, തുണി എന്നിവ വാങ്ങി നൽകുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ കോസ്റ്റൽ ഫർണീച്ചർ ഇൻഡസ്ട്രീസ്, കടലുണ്ടി എന്ന സ്ഥാപനം ഇൻവോയ്സ് നം-19/13-6-20 പ്രകാരം 98234/- രൂപ മൂല്യമുള്ള യൂനിറ്റിനാവശ്യമായ ഫർണിച്ചറുകളും തുണിയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഇൻവോയ്സ് നം-20/13-6-20 പ്രകാരം 98000/-രൂപക്ക് 10 ഹൈസ്പീഡ് തുന്നൽ മെഷീനുകളും വാങ്ങി സ്ഥാപനത്തിനായി ആകെ ചെലവായ 196234 രൂപയിൽ 195800 രൂപ മേൽ ബിൽ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസ്, കടലുണ്ടിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനായി ചെയർമാൻ നൽകിയ മുൻകൂർ അനുമതി 19-03-20 ലെ കൗൺസിൽ സാധൂകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. എന്നാൽ കോസ്റ്റൽ ഫർണിച്ചർ സാധനങ്ങൾക്കായി ക്വാട്ട് ചെയ്തതുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ ബിൽ പ്രകാരം അനുവദിച്ച തുകയും താഴെ പറയും പ്രകാരമാണ്.

ഇനം	ക്വാട്ട് ചെയ്ത നിരക്ക്	അനുവദി ക്കേണ്ട തുക ജി.എസ്.ടി. ഉൾപ്പെടെ	വാങ്ങിയ നിരക്ക്	വാങ്ങിയ എണ്ണം	അനുവ ദിച്ച തുക ജി.എസ്.ടി. ഉൾപ്പെടെ	ഇൻവോയ്സ് നം	അധികം നൽകിയ തുക
സ്റ്റീൽ ടേബിൾ വിത്ത് വുഡൻടോപ്പ്	10000+ GST (18%)	11800	12058.82 GST	1	14229.40	19/13-07-20 85877 CGST9%-5183 SGST9%-5183	2429

						CGST2.5%-707.21 SGST2.5%-707.21 KFC-575.90 Round Off-(-1)0.13 ആകെ-98234	
ഓഫീസ് ടേബിൾ	6500+ GST(18%)	7670	7075.63 GST	1	8349.24		679
സ്റ്റീൽ റാക്ക്	12500 + GST(18%)	29500	14689.08 GST	2	34666.22		5166
വുഡൻ സ്റ്റൂൾ	700+ GST(18%)	9912	756.40 GST	12	10710.62		798
തുണി	600+GST		44.76	632 മീറ്റർ	29702.73		
തയ്യൽമെഷീൻ	8000+ GST (12%)	89600	8750+ GST	10	98000	20/13-07-20 87500 CGST-5250 SGST-5250 ആകെ-98000/-	8400

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന ക്രമക്കേടുകൾ നടന്നതായി കാണുന്നു.

1. ഇൻവോയ്സ് നം 20/13-07-20 പ്രകാരം വാങ്ങിയ 10 ഹൈസ്പീഡ് തയ്യൽമെഷീനുകൾ സ്റ്റോക്ക് രജിസ്റ്റർ പേജ് 69 പ്രകാരം സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും 29-07-22ന് നടത്തിയ സ്ഥലപരിശോധനാ സമയത്ത് യൂണിറ്റിൽ കാണാൻ കഴിഞ്ഞത് പുതിയ 5 ഹൈസ്പീഡ് തയ്യൽ മെഷീനുകളും ഒരു ഓവർലോക്ക് മെഷീനും രണ്ട് സാധാരണ തയ്യൽ മെഷീനുകളും, മുൻപ് യൂണിറ്റ് അംഗങ്ങളുടെ കൈവശം ഉണ്ടായിരുന്ന 2 സാധാരണ മെഷീനുകളും ഉൾപ്പെടെ ആകെ 10 മെഷീനുകളാണ്. ഇവയിൽ തന്നെ പുതിയ രണ്ട് സാധാരണ മെഷീനുകളിൽ ഒന്നിന്റെ ഫ്രെയിമിൽ പഴയ ഒരു തയ്യൽമെഷീൻ മാറ്റി ഫിറ്റ് ചെയ്ത് ഉപയോഗിച്ചുവരുന്ന നിലയിലുമാണ്. വിതരണ ഏജൻസിയായ കോസ്റ്റൽ ഫർണിച്ചറിന്റെ 20/13-07-20 ഇൻവോയ്സ് പ്രകാരം ഒരു ഹൈസ്പീഡ് മെഷീന് GST ഉൾപ്പെടെ 9800 രൂപ പ്രകാരം ആകെ 98000 രൂപ നൽകിയിട്ടുണ്ട് എന്നിരിക്കെ വാങ്ങിയ 5 ഹൈസ്പീഡ് മെഷീനുകൾ യൂണിറ്റിന് നൽകിയിട്ടില്ല. ഇവയ്ക്ക് പകരം 2 സാധാരണ മെഷീനുകളും 1 ഓവർലോക്ക് മെഷീനും യൂണിറ്റിൽ കാണാൻ കഴിഞ്ഞെങ്കിലും അവ ഇൻവോയ്സ് പ്രകാരം സപ്ളൈ ചെയ്യുവ അല്ലാത്ത കുറഞ്ഞ വിലവരുന്ന സാധാരണ മെഷീനുകളാണെന്ന് വ്യക്തമായിട്ടുണ്ട്. മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ 35/29-07-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി യൂണിറ്റിന് ഒരു ഓവർലോക്ക് മെഷീൻ ഉൾപ്പെടെ 10 മെഷീനുകൾ വിതരണം നടത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടതെന്നും യൂണിറ്റ് ആരംഭിക്കുന്നതിന് മുൻപ് രണ്ട് മെഷീനുകൾ ഉപയോഗിച്ച് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചതിനാൽ നിലവിലുള്ള രണ്ട് മെഷീനുകൾ കുറച്ച് 8 മെഷീനുകളാണ് യൂണിറ്റിന് വിതരണം ചെയ്തതെന്നും ശേഷിക്കുന്ന 2 എണ്ണം ആരോഗ്യ വിഭാഗത്തിന്റെ കൈവശം ടൗൺഹാളിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസർ മറുപടി നൽകിയിട്ടുണ്ട് . ഇതിൽ നിന്നും പദ്ധതിയ്ക്കായി 10 ഹൈസ്പീഡ് മെഷീനുകൾ വാങ്ങിയതിൽ 5 എണ്ണം നിർവ്വഹണ

ഉദ്യോഗസ്ഥൻ യൂണിറ്റിന് നൽകാതെ ക്രമവിരുദ്ധമായി സൂക്ഷിക്കുകയും പകരം ഒരു ഓവർലോക്ക് മെഷീനും 2 സാധാരണ തയ്യൽ മെഷീനുകളും യൂനിറ്റിന് നൽകുകയുമായിരുന്നു എന്നു വ്യക്തമാവുന്നു.

2. പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കോസ്റ്റൽ ഫർണിച്ചർ തുണി ഒഴികെയുള്ള സാധനങ്ങൾക്കായി ക്വാട്ട് ചെയ്ത നിരക്കിലും അധിക നിരക്കിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. കോസ്റ്റൽ ഫർണിച്ചർ ടെണ്ടറിൽ തുണിക്കായി ക്വാട്ട് ചെയ്തത് തുണിയുടെ അളവാണോ നിരക്കാണോ എന്നതിൽ വ്യക്തതയില്ല. ആയത് നിർവ്വഹണ ഉദ്യോഗസ്ഥൻ കണക്കാക്കിയത് എങ്ങിനെയെന്നും വ്യക്തമല്ല.

3. യൂണിറ്റിൽ സൂക്ഷിച്ചിരിക്കുന്ന കണക്കുകൾ പ്രകാരം 340 മീറ്റർ തുണി മാത്രമേ നിർവ്വഹണ ഉദ്യോഗസ്ഥൻ യൂണിറ്റിന് നൽകിയിട്ടുള്ളൂ. ഇൻവോയ്സ് നം 19/13-07-20-പ്രകാരം യൂനിറ്റിനായി ആകെ 632 മീറ്റർ തുണി വാങ്ങിയിട്ടുണ്ടെങ്കിലും ഇതിൽ 292 മീറ്റർ തുണി നിർവ്വഹണ ഉദ്യോഗസ്ഥൻ യൂണിറ്റിന് കൈമാറിയിട്ടില്ല.

ഇതിൽ നിന്നും സഹയോഗ് കുടുംബശ്രീ യൂണിറ്റ് പദ്ധതിക്കായി സാധനങ്ങൾ വാങ്ങി നൽകിയതിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസർ വൻക്രമക്കേട് നടത്തിയതായും യൂണിറ്റ് അംഗങ്ങളായ സാധാരണ സ്ത്രീകൾക്ക് ഉപകാരപ്പെടേണ്ട പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങളുടെ വലിയ ഭാഗം അപഹരിക്കപ്പെടുകയോ ദുരുപയോഗിക്കപ്പെടുകയോ ചെയ്തതായും ഓഡിറ്റ് നിരീക്ഷിക്കുന്നു. പദ്ധതിക്കായി ചെലവഴിച്ച തുകയിൽ യൂണിറ്റിന് നൽകാത്ത 5 തയ്യൽ മെഷീനുകളുടെ വിലയായ 49000/-രൂപ (GST ഉൾപ്പെടെ), ഇൻവോയ്സ് നം-9/13-07-20 പ്രകാരം തുണി ഒഴികെയുള്ള ഇനങ്ങൾക്കായി ടെണ്ടർ നിരക്കിലും അധികമായി ചെലവഴിച്ച 17472 രൂപ (GST ഉൾപ്പെടെ), യൂണിറ്റിന് നൽകാത്ത 292 മീറ്റർ തുണിയുടെ വിലയായ 13723/-രൂപ എന്നിങ്ങനെ ആകെ 80195/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഹെൽത്ത് ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-10, 1-23 എന്നിവയിൽ പരാമർശിച്ച ക്രമക്കേടുകൾ കൂടി പരിഗണിച്ച് ഹെൽത്ത് ഓഫീസർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-14 പഴയ ബസ് സ്റ്റാന്റ് പൊളിച്ചുമാറ്റൽ- ഉപയോഗയോഗ്യമായവ ഉപയോഗിക്കാതെ സൂക്ഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നമ്പർ 378/20-21 പഴയ ബസ് സ്റ്റാന്റ് പൊളിച്ചുമാറ്റൽ പ്രവൃത്തിയുടെ അളവു പുസ്തക പ്രകാരം (8/2019-20) 1510.88 M^2 GS ഷീറ്റ്, 5873.91 Kg GI പൈപ്പ് എന്നിവ പൊളിച്ചുമാറ്റിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ മെഷർമെന്റ് 19.9.2019 ന് പൂർത്തീകരിച്ചിട്ടുള്ളതാണ്. ഫയൽ നം PW2/13978/19 ലെ 13.12.19 ലെ കുറിപ്പ് പ്രകാരം

പഴയ ബസ് സ്റ്റാന്റിലെ ഉപയോഗ യോഗ്യമായ ഇരുമ്പ് പൈപ്പുകൾ പുതിയ ബസ് സ്റ്റാന്റിന് മുകളിലേക്ക് മാറ്റുന്നതിന് ജെ.എച്ച്.ഐ പ്രസാദിനെ ചുമതലപ്പെടുത്തുന്നതിന് സെക്രട്ടറി 16947/19 തിയ്യതി 5.12.19 നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിൽ ഉപയോഗയോഗ്യമായവയുടെ വിശദാംശം ലഭ്യമാക്കേണ്ടതും മേൽ പരാമർശിച്ച വസ്തുക്കൾ ലേലം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രകാരമുള്ള 1510.88 M2 GS ഷീറ്റ്, 5873.91 Kg GI പൈപ്പ് എന്നിവ സൂക്ഷിച്ചിരിക്കുന്നതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിനായി നടത്തിയ സ്ഥലപരിശോധനയിൽ ഇരുമ്പ് പൈപ്പുകൾ മുഴുവൻ പുതിയ ബസ് സ്റ്റാന്റിന് മുകളിലേക്ക് മാറ്റിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. ഇരുമ്പ് പൈപ്പുകളുടെ ഒരു ഭാഗം പുതിയ ബസ് സ്റ്റാന്റിന് മുകളിലും ബാക്കിയുള്ളവ പഴയ മുനിസിപ്പൽ കെട്ടിടം നിലനിന്നിരുന്ന സ്ഥലത്തും അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്നതാണ് കാണാൻ സാധിച്ചത്. ഇത് ഭാഗികമായി തുരുമ്പ് പിടിച്ചിരിക്കുന്ന അവസ്ഥയിലാണ്.

എന്നാൽ 1510.88 M^2 GS ഷീറ്റ് സൂക്ഷിച്ചിരിക്കുന്നത് കാണാൻ സാധിച്ചിട്ടില്ല. ആയത് ലേലം ചെയ്യുകയോ പുനരുപയോഗപ്പെടുത്തുകയോ സംബന്ധിച്ച യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ല. 1510.88 M^2 GS ഷീറ്റ്, 5873.91 Kg GI പൈപ്പ് എന്നിവ ഉപയോഗിക്കാതെയും ലേലം ചെയ്യാതെയും നശിച്ച പോവുന്ന അവസ്ഥയാണുള്ളത്. GS ഷീറ്റ് എവിടെ സൂക്ഷിച്ചിരിക്കുന്നു എന്ന വിവരം ലഭ്യമാക്കേണ്ടതും മേൽ സാമഗ്രികളിൽ ഉപയോഗക്ഷമമായവ ഉണ്ടായിരുന്നിട്ടും ഇവ പുനരുപയോഗപ്പെടുത്താതിരുന്നതും അല്ലെങ്കിൽ ലേലം ചെയ്ത് ഒഴിവാക്കാതിരുന്നതും എന്തുകൊണ്ടാണെന്ന് വിശദീകരിക്കേണ്ടതുണ്ട്. കൂടാതെ ഇവ ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല എന്നതും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-15 കുടിവെള്ള വിതരണം-പദ്ധതി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു.

പ്രോജക്ട് നം-558/20-21

അടങ്കൽ -2700000

ചെലവ് -2700000 (ബിൽ നം- 380/3-12-20)

നിർവ്വഹണം-ഹെൽത്ത് ഓഫീസർ

ഓഡിറ്റ് വർഷം വരൾച്ചാ കാലത്ത് ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ടാങ്കറിൽ കുടിവെള്ള വിതരണം ചെയ്യൽ പദ്ധതി പ്രകാരം കുടിവെള്ള വിതരണം ചെയ്ത ഇനത്തിൽ ലിറ്ററിന് 28 പൈസ നിരക്കിൽ 9642857 ലിറ്റർ വെള്ളം വിതരണം ചെയ്തതിന് 2700000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. കുടിവെള്ളം വിതരണം ചെയ്ത ശ്രീ.ബിജേഷ്.പി.പി, ശ്രീശക്തൻ വാട്ടർ സർവ്വീസ് സമർപ്പിച്ച കുടിവെള്ള വിതരണ വിവരങ്ങൾ പ്രകാരം 27-3-20 മുതൽ 31-3-20 വരെ 148400 രൂപയും 1-4-20 മുതൽ 31-5-20വരെ 2595600 രൂപയുമാണ് കുടിവെള്ള വിതരണത്തിന് ചെലവ് വന്നിട്ടുള്ളത് . 27/02/2020 ലെ സ.ഉ.(സാധാ) നം.494/2020/ത.സ്വ.ഭ.വ. പ്രകാരം മുനിസിപ്പാലിറ്റികൾക്ക് 31.3.20 വരെ ചെലവഴിക്കാവുന്ന തുക 11.00 ലക്ഷം രൂപയും 1.4.20 മുതൽ 31.05.20 വരെ ചെലവഴിക്കാവുന്ന തുക 16.50 ലക്ഷം രൂപയുമാണ്. മേൽ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പൽ കോർപ്പറേഷനുകളും നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ് എന്ന വ്യവസ്ഥയോടെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ആവശ്യത്തിനനുസൃതമായി കുടിവെള്ള വിതരണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനായി യഥേഷ്ട ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ ഉത്തരവിന് വിരുദ്ധമായി 1-4-20 മുതൽ 31-5-20 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണത്തിനായി ചെലവഴിക്കാവുന്ന തുകയെക്കാൾ 945600 രൂപ മുനിസിപ്പാലിറ്റി അധികമായി ചെലവഴിച്ചിട്ടുണ്ട്.

2. പ്രസ്തുത ഉത്തരവിൽ തന്നെ ജി.പി.എസ്.ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയതിനുശേഷമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവ് തുക വിനിയോഗിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കുടിവെള്ളം വിതരണം നടത്തിയ KL56 M 9681, KL 56 E 1963, KL 56 E 7208, KL 58 T 7015 എന്നീ വാഹനങ്ങളുടെ ഓഡിറ്റിന് ലഭ്യമാക്കിയ ദിവസേനയുള്ള ട്രിപ്പ് ഷീറ്റുകളിൽ ട്രിപ്പ് തുടങ്ങുന്നതിന് മുമ്പേ ഉള്ള കിലോമീറ്ററും ട്രിപ്പ് കഴിയുമ്പോളുള്ള കീലോമീറ്ററും രേഖപ്പെടുത്തുകയോ, വാഹനങ്ങളുടെ ജി.പി.എസ് ലോഗ് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. കുടിവെള്ളവുമായി ടാങ്കറുകൾ വിവിധ വാർഡുകളിലൂടെ സഞ്ചരിച്ച ദൂരം പരിശോധിക്കാതെ കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയ വാർഡുകളിൽ വിതരണം ചെയ്ത വെള്ളത്തിന്റെ അളവിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ആയതിനാൽ കുടിവെള്ള വിതരണത്തിന്റെ കൃത്യത ഉറപ്പിക്കുന്നതിനായി സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിച്ചല്ല തുക നൽകിയിരിക്കുന്നത്.

ഉദാഹരണമായി വാർഡ് 4 ൽ 1-5-20 മുതൽ 31-05-20 വരെ 898000 ലിറ്റർ വെള്ളം വിതരണം ചെയ്തതായി വാർഡ് കൗൺസിലർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ട്രിപ്പ് ഷീറ്റ് പ്രകാരം 5000 ലിറ്റർ വീതമുള്ള 149 മുഴുവൻ ട്രിപ്പുകളും 21 ഭാഗിക ട്രിപ്പുകളിലുമായി മാത്രമാണ് വാർഡ് 4 ൽ മേൽ തീയതികളിൽ കുടിവെള്ളവിതരണം നടത്തിയിട്ടുള്ളത്

3. തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്ന അടങ്കൽ തുക 500000 രൂപയിൽ കൂടുതൽ ഉള്ള പദ്ധതികളിൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണം എന്നിരിക്കെ പദ്ധതിക്കായി തയ്യാറാക്കിയ 7-03-20 ലെ ടെണ്ടർ നോട്ടീസ് പ്രകാരം പദ്ധതിക്കായി സാധരണ ടെണ്ടറാണ് നടത്തിയിരിക്കുന്നത്. ഫയൽ പ്രകാരം ടെണ്ടർ പരസ്യം പ്രസിദ്ധീകരണത്തിനായി ദേശാഭിമാനി പത്രത്തിനായി നൽകുന്നതായി പറയുന്നുണ്ടെങ്കിലും പരസ്യം പ്രസിദ്ധീകരിച്ച പത്രത്തിന്റെ കോപ്പി ഓഡിറ്റിന്

ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് 22/23-7-22 എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മുൻ വർഷങ്ങളിലും കുടിവെള്ള വിതരണ പദ്ധതി നടത്തിപ്പിലെ സമാനമായ അപാകതകൾ മുനിസിപ്പാലിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും ആയവ പരിഹരിക്കുന്നതിനാവശ്യമായ ഒരു നടപടിയും തുടർ വർഷങ്ങളിലും കൈക്കൊണ്ടതായി കാണുന്നില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കുടിവെള്ള വിതരണ ഇനത്തിൽ അധികം ചെലവഴിച്ച 995600/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഹെൽത്ത് ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതും പദ്ധതിനിർവ്വഹണത്തിലെ മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

1-16 പദ്ധതികളുടെ ഭാഗമായി വാങ്ങിയ 8800 പ്ലേറ്റുകളും ഗ്ലാസുകളും നാളിതുവരെയായും ഉപയോഗപ്പെട്ടില്ല.

ഓഡിറ്റ് വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ ഭാഗമായി താഴെപറയും പ്രകാരം സാധനങ്ങൾ വാങ്ങിയത് തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം	പ്രോജക്ടിന്റെ പേര്	ബിൽ നം/ വാങ്ങിയ സ്ഥാപനം	വാങ്ങിയ സാധനങ്ങൾ	ചെലവഴിച്ച തുക
1	കുടുംബശ്രീ വെസൽബാങ്ക് യൂനിറ്റ് പ്രോജക്ട് നം-561/20-21	lകേരളാസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡ് ഇൻവോയ്സ് നം-260/6/15637 തീയ്യതി-23-03-20	ഫൈബർപ്ളേറ്റ്-3200 എണ്ണം സ്റ്റെയിൻലസ്സ് സ്റ്റീൽഗ്ലാസ്-3200എണ്ണം	396800 (ബിൽ നം-428/ 7-01-21)
2	ഗ്രീൻ പ്രോട്ടോക്കോൾ-പുനരുപയോഗപാത്രം ഗ്ലാസ് വാങ്ങൽ (വനിത) പ്രോജക്ട്-559/20-21	കോർപ്ലസ് മാർക്കറ്റിംഗ് ഇൻവോയ്സ് നം-239/12-02-20	സ്റ്റീൽപ്ലേറ്റ് -5600 എണ്ണം സ്റ്റീൽഗ്ളാസ്-5600 എണ്ണം	593250 (ബിൽ നം-157/ 20-5-20)

എന്നാൽ മേൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മേൽപറഞ്ഞവയിൽ ക്രമനം 1,2 എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ യഥാക്രമം പേജ് 69, 17 എന്നിവയിൽ സ്റ്റോക്ക് എൻട്രി വരുത്തിയിട്ടുണ്ടെങ്കിലും മേൽ സാധനങ്ങൾ വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സ്റ്റോക്ക് രജിസ്റ്ററിൽ പേജ് 77 പ്രകാരം 11-07-2018 ന് 5000 വീതം സ്റ്റെയിൻലസ് സ്റ്റീൽ പ്ളേറ്റുകളും ഗ്ളാസുകളും വാങ്ങിയതായും പേജ് 89പ്രകാരം 20-2-19ന് 10000 സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസുകളും വാങ്ങിയതായും കാണുന്നു. എന്നാൽ മേൽ സാധനങ്ങളും ആർക്കാണ് വിതരണം ചെയ്തിരിക്കുന്നത് എന്നത് സംബന്ധിച്ച് വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഒരേയിനം സാധനങ്ങളായിട്ടും സ്റ്റോക്ക് രജിസ്റ്ററിൽ വ്യത്യസ്ത പേജുകളിലായാണ് മേൽ സാധനങ്ങളുടെ സ്റ്റോക്ക് എൻട്രി വരുത്തിയിരിക്കുന്നത്. 29-7-22ന് നടത്തിയ സ്ഥലപരിശോധനയിൽ 2020-21 വർഷം വാങ്ങിയ സ്റ്റീൽ പ്രാത്രങ്ങളും ഗ്ലാസുകളും നഗരസഭാ ടൗൺഹാളിലെ ഗ്രൗണ്ട് ഫ്ലോറിലെ മുറികളിൽ കൂട്ടിയിട്ടിരിക്കുന്നതല്ലാതെ നാളിതുവരെയായും അവയിൽ ഒന്നുപോലും ഉപയോഗപ്പെടുത്തിയിട്ടില്ല എന്നാണ് കാണാൻ കഴിഞ്ഞത്. മുൻവർഷം വാങ്ങിയ 15000 പ്ലേറ്റുകളും ഗ്ലാസുകളും വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല എന്നിരിക്കെ സ്ഥല പരിശോധനയിൽ കണ്ട പ്ലേറ്റുകളിലും ഗ്ലാസുകളിലും അവയും ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല. പ്ലേറ്റുകളും ഗ്ലാസുകളും പായ്ക്കിംഗ് പൊട്ടിക്കാത്ത നിലയിലായതിനാൽ കൃത്യമായ എണ്ണം കണക്കാക്കാനും കഴിഞ്ഞിട്ടില്ല. ഇതിൽ നിന്നും യഥാർത്ഥ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ പദ്ധതിപണം ചെലവഴിക്കുക, പർച്ചേയിസിംഗ് നടത്തുക എന്നീ ലക്ഷ്യത്തിൽ മാത്രമാണ് മേൽ പദ്ധതികൾ രൂപീകരിച്ച് സാധനങ്ങൾ വാങ്ങിയിരിക്കുന്നതെന്ന് വ്യക്തമാവുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ആവശ്യകതയുടെ അടിസ്ഥാനത്തില്ലാതെ വാങ്ങി നാളിതു വരെ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന സാധനങ്ങളുടെ വിലയായ 990050/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 പ്രവൃത്തി മെഷർ ചെയ്ത് ബിൽ തയ്യാറാക്കാതെ തുക നൽകി

പ്രോജക്ടിന്റെ പേര്,നമ്പർ	കൗൺസിൽ ഹാൾ നവീകരണം 570/21
വകയിരുത്തിയതുക	1557179/-(വികസനഫണ്ട് പൊതു.)
ചെലവുതുക, ബിൽ നമ്പർ, തിയ്യതി	1557179/-(6/28.5.20)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

കൗൺസിൽ ഹാളിൽ ശബ്ദ ശീതീകരണ സംവിധാനങ്ങൾ ഒരുക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ട പ്രകാരം പി.ഡബ്ല്യൂ.ഡി, ഇലക്ട്രോണിക്സ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ ഹാളിൽ കോൺഫറൻസ് സിസ്റ്റം ഒരുക്കുന്നതിന് 19,93,000/-രൂപയുടെ എസ്റ്റിമേറ്റ് 25.09.18 ന് വകുപ്പ് തയ്യാറാക്കി നൽകുകയും ചെയ്തു. പ്രവൃത്തി ഡെപ്പോസിറ്റ് പ്രവൃത്തിയായി ഏറ്റെടുക്കാമെന്നും തുക ചെലാൻ വഴി അടവാക്കാനും ആവശ്യപ്പെട്ടിരുന്നു. എന്നാൽ 10.10.18ലെ കൗൺസിലിന്റെ 3-ാം നമ്പർ തീരുമാനം അനുസരിച്ച് പ്രോജക്ടിൽ 1200000/-രൂപയാണ് വകയിരുത്തിയതെന്നും പി.ഡബ്ല്യൂ.ഡി.യുടെ എസ്റ്റിമേറ്റ് പ്രകാരം 19,93,000/-രൂപ ചെലവുവരുമെന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ച് കുറഞ്ഞ നിരക്കിൽ സേവനം ലഭ്യമാക്കാൻ ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്താനും തീരുമാനിച്ചു. ആയതു പ്രകാരം ബ്രയിൻ നെറ്റ് സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ (1464250/-) സ്വീകരിച്ച് വർക്ക് ഏൽപ്പിച്ച് നൽകി.പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രവൃത്തി പൂർത്തിയാക്കിയശേഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ പരിശോധിച്ച്

അളവെടുക്കുകയോ ബിൽ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

2. പ്രവൃത്തി അളവെടുത്ത് ബിൽ തയ്യാറാക്കാതെ കരാറുകാരൻ ആവശ്യപ്പെട്ട തുക (1557179/-)പൂർണ്ണമായും നൽകി.

3. കോമ്പോസിഷൻ ടേക്സബിൾ പേഴ്സണായ കരാറുകാരനിൽ നിന്നും ജി.എസ്.ടി. യിനത്തിൽ ടി.ഡി.എസ് പിടിച്ചടവാക്കി.

4. കരാറുകാരൻ ക്വാട്ട് ചെയ്ത തുകയായ 1464250/-രൂപ പരമാവധി നൽകേണ്ടതിനു പകരം 1557179/-രൂപ നൽകി.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/19.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പ്രവൃത്തി പരിശോധിച്ച് അളവെടുത്ത് ബിൽ തയ്യാറാക്കാതെ കരാറുകാരൻ ആവശ്യപ്പെട്ട തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. നിർവ്വഹണോദ്യോഗസ്ഥൻ തന്റെ ചുമതല നിർവ്വഹിക്കുന്നതിലും പൊതുപണം വിനിയോഗിക്കുന്നതിലുള്ള സൂക്ഷ്മതയിലും വീഴ്ച വരുത്തിയതായി കാണാവുന്നതാണ്. പ്രവൃത്തി നടത്തിയിട്ടുണ്ടോ എന്നുപോലും വ്യക്തതയില്ലാത്ത സാഹചര്യത്തിൽ ചെലവു തുക 1557179/-രൂപ തടസ്സപ്പെടുത്തുന്നു.

1-18 വാഹനങ്ങളുടെ പരിപാലനത്തിൽ അപാകതകൾ-പൊതുമുതൽ നശിക്കുന്നു

നഗരസഭയിൽ ആകെ 7 വാഹനങ്ങളുണ്ടെന്ന് സ്ഥാപനം ലഭ്യമാക്കിയ വിശദാംശങ്ങളിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ അഞ്ചെണ്ണം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതും ഒരെണ്ണം ചെയർമാനും മറ്റൊന്ന് ഓഫീസ് ആവശ്യങ്ങൾക്കും ഉപയോഗിച്ച് വരുന്നതുമാകുന്നു. ഈ വാഹനങ്ങളുടെ വിശദാംശവും നിലവിലെ അവസ്ഥയും താഴെ കൊടുക്കുന്നു.

ക്രമ നം	വാഹനം	നിലവിലെ അവസ്ഥ	സൂക്ഷിച്ചിരിക്കുന്ന സ്ഥലം
1	ഇന്നോവ കാർ	ചെയർമാൻ ഉപയോഗിച്ചു വരുന്നു	ഓഫീസ്
2	ബൊലേറോ ജീപ്പ് KL56N5254	വാഹനം ഓഫീസ് ആവശ്യത്തിന് ഉപയോഗിച്ചു വരുന്നു	ഓഫീസ്
3	അമ്പാസിഡർ കാർKL56D3199	കേടുവന്നതിനാൽ കുറേകാലമായി ഉപയോഗിക്കുന്നില്ല	ടൗൺഹാളിന്റെ ഗ്രൗണ്ട് ഫ്ലോറിൽ , നിലവിൽ മലബാർ മഹോത്സവത്തിന് വാടകയ്ക്ക് നല്കിയ സ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണുന്നു. പരിപാടിയുടെ ബാനറുകളും മറ്റ്

			സാധനങ്ങളും കാറിനുമുകളിലായി വെച്ചിരിക്കുന്നു
4	ടിപ്പർ ലോറി KL18A2920	കേടുവന്നതിനാൽ ഉപയോഗിക്കുന്നില്ല	ഓഫീസ് കോമ്പൗണ്ടിൽ ഉപയോഗിക്കാതെ നിർത്തിയിട്ടിരിക്കുന്നു.ലോഗ് ബുക്ക് പ്രകാരം വാഹനം 28.3.22വരെ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ
5	ഫ്രണ്ട് എൻഡ് ലോഡർ KL56D9090	പ്രവർത്തനക്ഷമമല്ല. നിലവിൽ ഉപയോഗിക്കുന്നില്ല	വർക്ക് ഷോപ്പിലെന്ന് സ്ഥലപരിശോധനയ്ക്ക് വന്ന JHI വിശദീകരിച്ചു
6	ട്രാക്ടർ&ട്രയിലർ	കേടുവന്നതിനാൽ കുറേകാലമായി ഉപയോഗിക്കുന്നില്ല	കമ്മ്യൂണിറ്റി ഹാൾ കോമ്പൗണ്ടിൽ തുറസ്സായ സ്ഥലത്ത് ഉപയോഗിക്കാത്ത അവസ്ഥയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടു
7	ഗുഡ്സ് ഓട്ടോ	മാലിന്യ നിർമ്മാർജ്ജനത്തിന്	നിലവിൽ ഉപയോഗിച്ചു വരുന്നു

മേല്പറഞ്ഞതിൽ ക്രമ നം 3 പ്രകാരമുള്ള കാർ 2011 ജൂൺ മാസത്തിൽ വാങ്ങിയതും 28.6.2011 തീയതിയിൽ രജിസ്റ്റർ ചെയ്തതുമാകുന്നു. ഇതിന്റെ രജിസ്ട്രേഷൻ 31.3.2026 വരെ നിലവിലുള്ളതും അന്നുവരേയുള്ള റോഡ് നികുതി ഒടുക്കിയതുമാണ്. ഈ വാഹനം എന്തുകൊണ്ട് ഉപേക്ഷിക്കപ്പെട്ടെന്ന് വ്യക്തമല്ല. അവസാനമായി ഉപയോഗിച്ച ലോഗ് ബുക്ക് ഹാജരാക്കാത്തതിനാൽ വാഹനം അവസാനമായി ഉപയോഗിച്ചിരിക്കുന്നത് എന്നാണെന്ന് വ്യക്തമല്ല. ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ സമയബന്ധിതമായി ലേലം ചെയ്ത് ഒഴിവാക്കിയിരുന്നെങ്കിൽ (രജിസ്ട്രേഷന്റെ കാലാവധി 31.3.2026 വരെ ഉള്ള സാഹചര്യത്തിൽ) നല്ല വില ലഭിക്കുമെന്ന കാര്യം ശ്രദ്ധേയമാണ്. ക്രമ നം 6 പ്രകാരമുള്ള ട്രാക്ടർ & ട്രയിലർ 6.11.98 ലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 23 വർഷവും 8 മാസവും കാലപ്പഴക്കമുള്ള വാഹനം കേടായതും ഉപയോഗക്ഷമവുമല്ലെങ്കിൽ കണ്ടം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.ഈ വാഹനം അവസാനമായി ഉപയോഗിച്ചത് 9.6.20 നാണെന്ന് ലോഗ് ബുക്ക് വ്യക്തമാക്കുന്നു.ക്രമ നം 4 പ്രകാരമുള്ള ടിപ്പർ ലോറി 24.6.2004 ന് രജിസ്റ്റർ ചെയ്തതും നിലവിൽ ഇൻഷ്വറൻസ് ഉൾപ്പെടെ എല്ലാ അനുമതികളും അവസാനിച്ചതുമാകുന്നു. ക്രമ നം 5 പ്രകാരമുള്ള ഫ്രണ്ട് എൻഡ് ലോഡർ 11.5.22ന് രജിസ്റ്റർ ചെയ്തതാണ്.

ഉപയോഗിക്കാത്ത വാഹനങ്ങൾ ആവശ്യമായ നടപടികളില്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിലുള്ളതിന്റെ വിവിധ ദൃശ്യങ്ങൾ താഴെ കൊടുക്കുന്നു.

മേല്പറഞ്ഞതിൽ ബൊലേറോ വാഹനത്തിന്റെ പരിപാലനം വിശദമായി പരിശോധിച്ചു. ലോഗ് ബുക്കും അനുബന്ധ ഫയലുകളും പരിശോധിച്ചതിൽ നിന്നും വാഹനത്തിന്റെ പരിപാലനത്തിൽ അപാകതകളുള്ളതായി വ്യക്തമാകുന്നു.ഇന്ധന ഉപഭോഗം, അറ്റകുറ്റപ്പണി,വാഹനത്തിന്റെ ഉപയോഗം തുടങ്ങിയ വിവിധ തലങ്ങളിൽ സംഭവിച്ച അപാകതകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ലോഗ് ബുക്കിന്റെ പരിപാലനം

ലോഗ് ബുക്കിൽ അത്യവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.യാത്രകൾ ആരംഭിക്കുന്ന സ്ഥലം അടയാളപ്പെടുത്തുന്നുവെങ്കിലും, എത്തിച്ചേരുന്ന സ്ഥലം രേഖപ്പെടുത്തുന്നില്ല. മിക്കവാറും ആരംഭിച്ച സ്ഥലത്ത് തിരിച്ചെത്തുന്നതുവരെയുള്ള കിലോമീറ്ററാണ് രേഖപ്പെടുത്തുന്നത്. കൂടാതെ യാത്രകളുടെ ഉദ്ദേശ്യം ഒരു യാത്രയുടെ കാര്യത്തിലും വ്യക്തമാക്കുന്നില്ല. വാഹനത്തിന്റെ കൺട്രോളിംഗ് ഓഫീസർ ഒരിക്കൽ പോലും ലോഗ് ബുക്ക് പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.ഇന്ധനം നിറക്കുന്നത് മിക്ക അവസരങ്ങളിലും ലോഗ് ബുക്കിൽ രേഖപ്പെടുത്തിക്കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	ഇന്ധനം വിതരണം ചെയ്ത സ്ഥാപനത്തിന്റെ ബിൽ തീയതി	ഇന്ധനത്തിന്റെ അളവ്	തുക
1	1.7.19	52.15 ലിറ്റർ	3552
2	11.7.19	47.5 1 ലിറ്റർ	3340
3	25.7.19	57.72 ലിറ്റർ	3627
4	9.8.19	45.41 ലിറ്റർ	3161
5	28.4.20	30 ലിറ്റർ	1980

<u>ഇന്ധനക്ഷമതാ പരിശോധന നടത്തുന്നില്ല</u>

GO(RT)582/75/PW തീയതി 5.5.1975 നമ്പർ ഉത്തരവ് പ്രകാരം ഏതൊരു സർക്കാർ വാഹനവും

അവസാനത്തെ ഇന്ധനക്ഷമതാ പരിശോധന നടത്തി ഒരു വർഷം അവസാനിക്കുന്നതിന് മുമ്പ് അടുത്ത പരിശോധന നടത്തേണ്ടതാണ് . എൻജിൻ ഉൾപ്പടെയുള്ള ഭാഗങ്ങൾക്ക് വലിയ റിപ്പയർ പ്രവൃത്തികൾ വരുന്നത് മുൻകൂട്ടി കണ്ട് ഒഴിവാക്കുന്നതിന് കൂടിയാണ് ഇത് നടത്തുന്നത്. 2000ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, ചട്ടം8(1) പ്രകാരം ആറു മാസത്തിലൊരിക്കലാണ് നഗരസഭാ വാഹനങ്ങളുടെ കാര്യത്തിൽ ഓരോ വാഹനത്തിന്റേയും ഇന്ധനക്ഷമതാ പരിശോധന മോട്ടോർ വെഹിക്കിൾ വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തേണ്ടത്. പരിശോധനയുടെ അടിസ്ഥാനത്തിൽ ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. 2016 വാങ്ങിയ ഈ വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന വാങ്ങിയ വർഷം(27.6.16) നടത്തിയതിന് ശേഷം നാളിതുവരെ നടത്തിയിട്ടില്ല. ആറ് വർഷത്തിനുള്ളിൽ യാതൊരു പരിശോധനയും നടത്താതെയാണ് വാഹനത്തിൽ ഇന്ധനം അടിച്ച വകയിൽ പ്രതിവർഷം വലിയ തുക ചെലവഴിച്ച് വരുന്നത്. മേൽ ചട്ടങ്ങൾക്കും കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40 ലെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി വാഹനം പരപാലിക്കുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

<u>അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് നിരീക്ഷിക്കപ്പെടുന്നില്ല</u>

മേൽ പറഞ്ഞ ചട്ടങ്ങളിലെ ചട്ടം4(1) ഡി പ്രകാരമുള്ള ഒരു റിപ്പയർ രജിസ്റ്റർ സ്ഥാപനം സൂക്ഷിക്കേണ്ടതാണ്.എന്നാൽ ഓഡിറ്റ് വർഷത്തിൽ 159971/- രൂപയുടെ അറ്റകുറ്റപ്പണികൾ വാഹനത്തിന് നടത്തിയെങ്കിലും ഇത് വിശദമാക്കുന്ന യാതൊരു വിധ രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.(ഫയലിൽ നിന്നും ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് സെക്ഷൻ ലഭ്യമാക്കിയ കണക്ക് പ്രകാരമുള്ളതാണ് ഈ തുക) ഇത് കൊണ്ട് തന്നെ വാഹനത്തിന് പ്രതിവർഷം വരുന്ന റിപ്പയർ ചെലവിന്റെ തോത് പരിശോധിക്കാനോ പ്രവർത്തനക്ഷമത വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല.കൂടാതെ അറ്റകുറ്റപ്പണിയുടെ ഭാഗമായി മാറ്റുന്ന സ്പെയറുകൾ സ്റ്റോക്കിലെടുത്ത് കൈയ്യൊഴിഞ്ഞ്, തുക നഗരസഭാ ഫണ്ടിൽ ഒടുക്കിയവിവരവും ഈ രജിസ്റ്ററിൽ നിന്നും വ്യക്തമാക്കേണ്ടതാണ്. എന്നാൽ ആ വിവരം ലഭ്യമല്ല എന്നതിനൊപ്പം ഈ ഇനത്തിൽ യാതൊരു തുകയും ഈ കാലയളവിൽ വരവായി വന്നിട്ടുമില്ല. 83630/- (69603+14027) രൂപയുടെ മേജർ പ്രവൃത്തികൾ ഈ കാലയളവിൽ നിർവ്വഹിച്ചിട്ടുണ്ടെന്ന കാര്യം ഇവിടെ പ്രസക്തമാണ്.

മേൽ കാര്യങ്ങളിൽ സ്ഥാപനത്തിന്റെ വിശദീകരണം അടിയന്തിരമായി ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ആസ്തി സംരക്ഷണത്തിൽ സ്ഥാപനത്തിന്റെ കെടുംകാര്യസ്ഥത വ്യക്തമാക്കുന്നതാണ് വാഹനങ്ങളുടെ നിലവിലെ അവസ്ഥ. പൊതുമുതൽ നശിക്കുന്ന തരത്തിൽ വാഹനങ്ങളെ കൈകാര്യം ചെയ്തതിന് വിശദീകരണം നല്കേണ്ടതും ഉത്തരവാദികളായ കസ്റ്റോഡിയൻ ഓഫീസർമാരിൽ നിന്നും ഇക്കാര്യത്തിൽ നഷ്ടമുണ്ടായെങ്കിൽ ഈടാക്കേണ്ടതുമാണ്.

1-19 ആവശ്യകത പരിഗണിക്കാതെ വാട്ടർ ടാങ്കുകൾ വാങ്ങി സൂക്ഷിക്കുന്നു

പ്രൊജക്ട് നമ്പർ - 67/20-21

നിർവ്വഹണ ഉദ്യോഗസ്ഥ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 1,87,500/-

ചെലവ് - 1,50,000 (എസ്.സി.പി)

ബിൽ നമ്പർ - 30/20-21 തീയതി 30.03.21

കൊയിലാണ്ടി നഗരസഭയിലെ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം, പട്ടികജാതി വീടുകളിൽ വിതരണം ചെയ്യുന്നതിനായി 500 ലിറ്റർ വീതമുള്ള 50 വാട്ടർ ടാങ്കുകൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്നും വാങ്ങിയിട്ടുണ്ട്. 50 വാട്ടർ ടാങ്കിന്റെ ബിൽ തുകയായ 1,87,000/- രൂപയിൽ, 1,50,000/- രൂപ 30.03.21 ന് കൈമാറിയിട്ടുണ്ട്. ബാക്കി ഗുണഭോക്തൃ വിഹിതമായ 37,500/- രൂപ നാളിതുവരെയായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന് (KSIE) കൈമാറിയതായി കാണുന്നില്ല.

വാട്ടർ ടാങ്കുകളുടെ വിതരണം പരിശോധിച്ചതിൽ, 31 ഗുണഭോക്താക്കൾക്ക് മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. ബാക്കി ടാങ്കുകൾ ടൗൺഹാളിൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ ടാങ്കുകൾ ഗുണഭോക്തൃ ലിസ്റ്റിലുള്ള അർഹതയുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വിതരണം ചെയ്യാത്തതിനും ആവശ്യകത പരിഗണിക്കാതെ ടാങ്കുകൾ വാങ്ങിയതിനും വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ 16.7.22 ലെ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന് 27.03.22 ന് 17010/- രൂപ കൂടി ഗുണഭോക്തൃ വിഹിതമായി നല്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്

വിതരണം ചെയ്യാതെ അവശേഷിക്കുന്ന 19 ടാങ്കുകളുടെ വിലയായ 71250/- രൂപ (3750 X 19) തടസത്തിൽ വയ്ക്കുന്നു.

1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ - ഫർണ്ണീച്ചറുകൾ പൂർണ്ണമായി വിതരണം ചെയ്തില്ല

പ്രൊജക്ട് നമ്പർ - 41/20-21

നിർവ്വഹണ ഉദ്യോഗസ്ഥ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 5,00,000/-

ചെലവ് - 374974 (എസ്.സി.പി)

ബിൽ നമ്പർ - 2/20-21 തീയതി 24.03.21

മേൽ പ്രൊജക്ട് പ്രകാരം കൊയിലാണ്ടി നഗരസഭാ പരിധിയിലുള്ള സ്കൂളുകളിൽ പഠിക്കുന്ന 75 വിദ്യാർത്ഥികൾക്കായി കോഴിക്കോട് ARTCO യിൽ നിന്നും സ്റ്റീൽ മേശയും കസേരയും (ഇൻവോയിസ് നം. KKD-533/ 10.03.20) പ്രകാരം വാങ്ങിയിട്ടുണ്ട്.

എന്നാൽ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 47 വിദ്യാർത്ഥികൾക്ക് മാത്രമാണ് മേശയും കസേരയും വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 28 മേശയും, കസേരയും നാളിതുവരെയായി ഗുണഭോക്തൃ ലിസ്റ്റിൽ പെടുന്ന വിദ്യാർത്ഥികൾക്കു വിതരണം ചെയ്യാതിരിക്കാനുള്ള കാരണം വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച നൽകിയ 16.7.22 ലെ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക്, രേഖകൾ ഹാജരാക്കാത്തതുകൊണ്ടാണ് മേശയും കസേരയും നൽകാനാവാത്തതെന്നും , ഇതിനോടകം 2 എണ്ണം കൂടി നൽകിയതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വിതരണം ചെയ്യാത്ത ഫർണിച്ചറുകൾ ടൗൺഹാളിൽ സൂക്ഷിച്ചിരിക്കുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 26 മേശയുടെയും,

കസേരയുടെയും വിലയായ 129974 (4999x26) രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-21 പരസ്യം സ്ഥാപിക്കുന്നതിനുള്ള അനുമതി - കരാർ തുക പിരിച്ചെടുക്കുന്നതിൽ വീഴ്ച

1. ഫയൽ നം. R2-10669/2012.

2. ഫയൽ നം. PW2-15209/2019.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള പുതിയ ബസ്സ്റ്റാന്റ് കെട്ടിടവും പരിസരവും, പഴയ ബസ് സ്റ്റാന്റ് ഭൂമി എന്നിവയിൽ പരസ്യം സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി യഥാക്രമം സോളസ് ആഡ് സൊല്യൂഷൻസ്, സുനിൽകുമാർ.ബി എന്നിവരുമായി നഗരസഭ കരാർ ചമച്ചിട്ടുണ്ട്. എന്നാൽ കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്നും കരാർ തുക കൃത്യമായി നഗരസഭാ ഫണ്ടിൽ അടവാക്കപ്പെടുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തിയിട്ടുണ്ട്. വീഴ്ച നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

A. പുതിയ ബസ്സ്റ്റാന്റ് കെട്ടിടത്തിൽ പരസ്യങ്ങൾ സ്ഥാപിക്കൽ .

(ഫയൽ നം. R2-10669/2012.)

1. ബസ് സ്റ്റാന്റ് നവീകരിച്ച് പരിപാലിക്കുന്നതിനും പരസ്യങ്ങൾ സ്ഥാപിക്കുന്നതിനും 10 വർഷത്തേക്ക് സോളസ് ആഡ് സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി നഗരസഭ 30.06.2014 തിയ്യതിയിൽ കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ വ്യവസ്ഥകൾ പ്രകാരമുള്ള 17 നിബന്ധനകളിൽ നാളിതുവരെ നിർവ്വഹിച്ച പ്രവൃത്തികളുടെയും നിർവ്വഹിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയതിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

2. സെക്രട്ടറിയുടെ 30.12.2020 തിയ്യതിയിലെ R2-10669/2012 നമ്പർ കത്ത് മുഖേന 2019 ആഗസ്റ്റ് മുതൽ 2020 ഡിസംബർ വരെയുള്ള ലൈസൻസ് ഫീ ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെ 439126 രൂപ 7 ദിവസത്തിനകം അടവാക്കുന്നതിന് ശ്രീ.തുളസീദാസ്, സോളസ് ആഡ് സൊല്യൂഷൻസ് എന്നവർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കുടിശ്ശിക നാളിതുവരെ പൂർണ്ണമായും അടവാക്കിയതായി കാണുന്നില്ല. കരാർ വ്യവസ്ഥകൾ ലംഘിച്ചതിന് കരാറുകാരനെതിരെ നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല . ഓഡിറ്റ് തിയ്യതി വരെ കരാറുകാരൻ നഗരസഭയിൽ അടവാക്കാനുള്ള കുടിശ്ശിക തുകയുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

3. സെക്രട്ടറിയുടെ 30.12.2020 തിയ്യതിയിലെ R2-10669/2012 നമ്പർ കത്തിൽ ബസ്സ്റ്റാന്റിൽ ഇരിപ്പിടങ്ങൾ ഇല്ലെന്നും ഉപയോഗിക്കാൻ കഴിയാത്ത 15 കസേരകൾ മാത്രമാണ് കാണാനായതെന്നും ബസ് സ്റ്റാന്റ് പെയിന്റിംഗ് നടത്തുകയോ ബസ് ബേകളിൽ സ്ഥലനാമം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്നും കൊയിലാണ്ടി നഗരസഭ എന്ന ബോർഡ് പൊളിഞ്ഞ് പോവുകയും വാട്ടർ കൂളർ പഴകി ദ്രവിച്ച് ഉപയോഗ ശൂന്യമാവുകയും ചെയ്തതായി സൂചിപ്പിച്ചിട്ടുണ്ട്. ആയത് കരാർ വ്യവസ്ഥകളുടെ ലംഘനമാണെന്നിരിക്കെ നഗരസഭ കരാറുകാരനെതിരെ നിയമാനുസൃത നടപടികൾ കൈക്കൊണ്ടിട്ടില്ല.

4. മേൽ ഇനത്തിലെ വരവുകൾ നിരീക്ഷിക്കുന്നതിന് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

B.പഴയ ബസ്സ്റ്റാന്റ് ഭൂമി വേലികെട്ടി പരസ്യം സ്ഥാപിക്കൽ

(ഫയൽ നം. PW2-15209/2019.)

പഴയ ബസ്സ്റ്റാന്റ് കെട്ടിടം പൊളിച്ച് മാറ്റിയതിനെ തുടർന്ന് പ്രസ്തുത ഭൂമി വേലി കെട്ടി സംരക്ഷിച്ച് പരസ്യം സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം ശ്രീ. സുനിൽകുമാർ.ബി, ചന്ദ്രവില്ല എന്നിവരുമായി പ്രതിമാസം 16500 രൂപ ഫീസ് നിശ്ചയിച്ച് 6 മാസകാലത്തേക്ക് 30.01.2020 തിയ്യതിയിൽ നഗരസഭ കരാർ ചമച്ചിട്ടുണ്ട്. പ്രസ്തുത കരാറിന്റെ കാലാവധി 31.07.2020 തിയ്യതിയിൽ അവസാനിച്ചതാണ്. കരാർ കാലാവധി നീട്ടി നൽകുന്നതിന് കരാറുകാരൻ 11.05.2020 തിയ്യതിയിൽ

നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കുടിശ്ശികയായ 78540 രൂപയും പിഴയും അടവാക്കിയാൽ മാത്രമെ അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിക്കാൻ സാധിക്കൂ എന്ന് സെക്രട്ടറി 21.08.2020 ലെ PW2-15209/2019 നമ്പർ കത്ത് മുഖേന കരാറുകാരനെ അറിയിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ 17.09.2020 തിയ്യതിയിലെ ഇതേ നമ്പർ കത്ത് മുഖേന കോവിഡ് ലോക്ഡൗൺ ആരംഭിക്കുന്നതിന് മുൻപായി കരാർ ചമച്ചതിനാലും പരസ്യം എല്ലാ സമയത്തും പ്രദർശിപ്പിക്കാൻ സാധിക്കുന്നതിനാലും വാടക ഇളവ് നൽകാൻ നിർവ്വാഹമില്ലെന്ന് സെക്രട്ടറി കരാറുകാരനെ അറിയിച്ചിട്ടുണ്ട്. നഗരസഭാ കൗൺസിലിന്റെ 20.10.20 തിയ്യതിയിലെ 15-ാം നമ്പർ തീരുമാന പ്രകാരം 2020 ജൂലായ് 31 ന് അവസാനിച്ച കരാർ 2021 ജനുവരി 31 വരെ 6 മാസത്തേക്ക് കൂടി പുതുക്കി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരം 21.12.2020 ലെ PW2-15209/2019 നമ്പർ കത്ത് മുഖേനയാണ് സെക്രട്ടറി കരാറുകാരനെ അറിയിച്ചിട്ടുള്ളത്. ആയത് 22.1.21 തിയ്യതിയിലാണ് ഡെസ്പാച്ച് ചെയ്തിട്ടുള്ളത്. 2.2.2021 ലെ കരാറുകാരന്റെ കത്തിൽ കാലാവധി നീട്ടി നൽകിയ കത്ത് തനിക്ക് ലഭ്യമായത് 23.01.2021 തിയ്യതിയിലാണെന്നാണ് കരാറുകാരൻ അവകാശപ്പെട്ടിട്ടുള്ളത്. ആയതിനാൽ നീട്ടി നൽകിയ കാലയളവിൽ പരസ്യം സ്ഥാപിക്കാൻ കരാറുകാരന് സാധിച്ചില്ലെന്നും അറിയിച്ചിട്ടുണ്ട്. 06.07.2021 തിയ്യതിയിലെ PW2-15209/2019 നമ്പർ കത്ത് മുഖേന 2020 ആഗസ്റ്റ് മുതൽ 2021 ജനുവരി വരെയുള്ള കാലത്തെ കുടിശ്ശിക തുകയായ 117810 രൂപ അടവാക്കുന്നതിന് സെക്രട്ടറി കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. 13.09.2021 ലെ (തപാൽ നം. 7264/21) കരാറുകാരന്റെ കത്തിൽ എഗ്രിമെന്റ് അവസാനിപ്പിച്ച് തരുന്നതിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 30.10.2021 തിയ്യതിയിൽ പുതിയ ക്വട്ടേഷൻ നടത്തിയിട്ടുണ്ട്. പ്രതിമാസം 19000 രൂപ നിരക്കിൽ ജാഫർ.എം.കെ എന്നവരുമായി പുതിയ കരാർ ചമച്ചിട്ടുമുണ്ട്. മേൽ ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. 13.09.2021 ലെ കരാറുകാരന്റെ കത്തിൽ നിന്നും 01.02.2020 തിയ്യതി മുതൽ 13.09.2021 വരെയുള്ള കാലയളവിൽ സുനിൽകുമാർ എന്ന കരാറുകാരനായിരുന്നു കുത്തക പിരിവവകാശമെന്നത് വ്യക്തമാണ്. എന്നാൽ മേൽ കാലയളവിൽ നഗരസഭക്ക് ലഭ്യമാകേണ്ട 392700 രൂപയും നിയമാനുസൃത പിഴയും ഉൾപ്പെടുന്ന തുക പൂർണ്ണമായും നഗരസഭയിൽ വരവ് വന്നിട്ടില്ല. ടി കാലയളവിൽ കരാറുകാരൻ നഗരസഭയിൽ അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.
2. ടെണ്ടർ/ക്വട്ടേഷൻ നടപടി സ്വീകരിക്കാതെയും, വാർഷിക വർദ്ധനവ് വരുത്താതെയുമാണ് കരാറുകാരന് കരാർ പുതുക്കി നൽകിയിട്ടുള്ളത്. 2021-22 വർഷത്തിൽ പുനർലേലം ചെയ്തതിൽ പ്രതിമാസ നിരക്കിൽ 2500 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ടെന്നതും ഇവിടെ പ്രസക്തമാണ്.
3. 01.02.2021 തിയ്യതി മുതൽ 13.09.2021 വരെയുള്ള കാലയളവിൽ ശ്രീ.സുനിൽകുമാറിന് കരാർ പുതുക്കി നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
4. കാലാവധി നീട്ടി നൽകുന്നതിന് കരാറുകാരൻ 11.05.2020 തിയ്യതിയിൽ നഗരസഭയിൽ സമർപ്പിച്ച അപേക്ഷയിന്മേൽ കൗൺസിൽ തീരുമാനമെടുത്തത് 20.10.20 തിയ്യതിയിലാണ്. പ്രസ്തുത വിവരം സംബന്ധിച്ച അറിയിപ്പ് സെക്രട്ടറി കരാറുകാരന് അയച്ചിട്ടുള്ളത് 22.1.21 തിയ്യതിയിലാണ്. നടപടിക്രമങ്ങളിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയിരുന്നെങ്കിലും സെക്രട്ടറി ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച രണ്ട് കരാറുകാരും ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം നഗരസഭാ ഫണ്ടിൽ തുക അടവാക്കേണ്ടതുണ്ടായിരുന്നു. എന്നാൽ കരാറുകാർ പ്രസ്തുത വർഷം തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. സോളസ് ആഡ് സൊല്യൂഷൻസ് എന്ന സ്ഥാപനം കരാർ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടും സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കാൻ നഗരസഭ തയ്യാറായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കരാറുകാരൻ	അടവാക്കേണ്ട തുക	അടവാക്കിയ തുക	കുടിശ്ശിക

സോളസ് ആഡ് സൊല്യൂഷൻസ്	439126* (31.12.20 വരെയുള്ള കുടിശ്ശിക +77457(31.03.2021 വരെ അടവാക്കേണ്ട തുക) =516583	210357 (സാംഖ്യയിൽ നിന്നും ലഭ്യമാക്കിയ രശീത് വിവരങ്ങളുടെ അടിസ്ഥാനത്തിൽ)	306226 (31.3.21 തിയ്യതിയിൽ നഗരസഭയിൽ അടവാക്കേണ്ട തുക)
സുനിൽ കുമാർ	392700 (01.02.2020 മുതൽ 30.09.2020 വരെ അടവാക്കേണ്ട തുക)	210710(ഫയലിലെ വിവരങ്ങളുടെയും അക്കൗണ്ടന്റ് ലഭ്യമാക്കിയ രശീത് വിവരങ്ങളുടെയും അടിസ്ഥാനത്തിൽ)	181990

* സെക്രട്ടറിയുടെ 30.12.2020 തിയ്യതിയിലെ 10669/12 നമ്പർ കത്ത് പ്രകാരം.

മേൽ വരവിനങ്ങളുമായി ബന്ധപ്പെട്ട് ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നതിലും ഡിമാന്റ്, വരവ് വിവരങ്ങൾ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തുന്നതിലും സെക്രട്ടറി വീഴ്ച വരുത്തിയിട്ടുണ്ട്. ശ്രീ സുനിൽകുമാർ.ബി എന്നവർ കരാറിൽ നിന്നും നീക്കം ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചത് 13.09.2021 തിയ്യതിയിലാണ്. എന്നാൽ നിയമപരമായി നഗരസഭ കരാർ ചമച്ചിട്ടുള്ളത് 31.01.2021 തിയ്യതി വരെ മാത്രമാണ്. കരാറിലേർപ്പെടാതെയാണ് 13.09.2021 വരെ ശ്രീ.സുനിൽകുമാർ പരസ്യം സ്ഥാപിക്കുന്നതിനുള്ള അവകാശം കൈക്കൊണ്ടിട്ടുള്ളത്. കരാർ അവസാനിക്കുന്ന മുറക്ക് പുനർ ലേലം നടത്തുന്നതിനോ, കരാറ് അവസാനിച്ച ശ്രീ.സുനിൽകുമാറിനെ നീക്കം ചെയ്യുന്നതിനോ നഗരസഭ തയ്യാറായിട്ടില്ല.

മേൽ ഇനത്തിലെ കുടിശ്ശിക വിവരങ്ങൾ നിരീക്ഷിക്കാനാവുന്ന വിധത്തിൽ രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കുന്നതിലും വരുമാനത്തിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിലും കരാർ വ്യവസ്ഥകളുടെ ലംഘനത്തിനെതിരെ നടപടി സ്വീകരിക്കുന്നതിലും സെക്രട്ടറി വീഴ്ച വരുത്തിയിട്ടുണ്ട്. മേൽ ഇനങ്ങളിൽ ഓഡിറ്റ് തിയ്യതിവരെയുള്ള കുടിശ്ശിക അറിയിക്കുന്നതിനുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിന് പോലും മറുപടി ലഭ്യമാക്കാൻ സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. സോളസ് ആഡ് സൊല്യൂഷൻസ് കരാർ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെട്ടു എന്ന ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 പെൻഷൻ അർഹത പുന:പരിശോധന സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല

നഗരസഭയിൽ നിന്നും സാമൂഹ്യക്ഷേമ പെൻഷൻ കൈപ്പറ്റുന്നവർ അനർഹരാകുമ്പോൾ/മരണപ്പെടുമ്പോൾ പെൻഷൻ റദ്ദ് ചെയ്യുന്നതിന് സമയബന്ധിതമായ നടപടികൾ നഗരസഭയുടെ ഭാഗത്തു നിന്നുണ്ടാകുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1. മുനിസിപ്പാലിറ്റിയിൽ തന്നെ മരണം രജിസ്ററർ ചെയ്തിട്ടുപോലും പെൻഷൻ റദ്ദ് ചെയ്യാൻ കാലതാമസം

ഉണ്ടാവുന്നു. ഉദാ:

H2.5396/22/17.6.22 ഫയൽ പ്രകാരം വാർദ്ധക്യകാലപെൻഷൻ ഗുണഭോക്താവായിരുന്ന മമ്മു (പെൻഷൻ ഐ.ഡി.നമ്പർ 102150203054) 29.12.2020ന് മരണപ്പെട്ട വിവരം 12.1.21 ന് മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തെങ്കിലും മെയ് 2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിലവിൽ പെൻഷൻ റദ്ദ് ചെയ്തതായി കാണുന്നു. മുനിസിപ്പാലിറ്റിയിൽ മരണവിവരം രജിസ്റ്റർ ചെയ്തിട്ടു പോലും മെയ് 2022 വരെ 26900 രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

H2.5514/22/22.6.22 ഫയൽ പ്രകാരം വാർദ്ധക്യകാലപെൻഷൻ ഗുണഭോക്താവായിരുന്ന മല്ലിക.കെ.ടി (പെൻഷൻ ഐ.ഡി.നമ്പർ 102150203976) 27.11.2020ന് മരണപ്പെട്ട വിവരം 16.12.20 ന് മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സേവന പരിശോധിച്ചതിൽ നിലവിൽ പെൻഷൻ റദ്ദ് ചെയ്തതായി കാണുന്നുണ്ടെങ്കിലും ജൂൺ 2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റിയിൽ മരണവിവരം രജിസ്റ്റർ ചെയ്തിട്ടുപോലും ഡിസംബർ 2020 ജൂൺ 2022 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

നഗരസഭ ആരോഗ്യവിഭാഗത്തിൽ തന്നെ ലഭ്യമാവുന്ന വിവരം പോലും പെൻഷൻ വിതരണത്തിന് ആധാരമാവുന്നില്ല എന്ന വസ്തുതയാണ് ഇവിടെ വ്യക്തമാവുന്നത്.

2. പെൻഷൻ റദ്ദ് ചെയ്യാൻ ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ H2 5761/22/29.6.22 ഫയൽ പ്രകാരം വാർദ്ധക്യപെൻഷൻ കൈപ്പറ്റി വരുന്ന ബാലകൃഷ്ണൻ.കെ.എം, പെൻഷൻ ഐ.ഡി.നമ്പർ 102150202826 എന്ന ഗുണഭോക്താവ് 26.6.20 ന് മരണപ്പെട്ട വിവരം മേൽ അപേക്ഷ ലഭിക്കും വരെ മുനിസിപ്പാലിറ്റിയിൽ അറിവായിട്ടില്ല. ജൂൺ 2022 വരെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. സേവന പരിശോധിച്ചതിൽ നിന്നും നിലവിൽ ഈ ഗുണഭോക്താവിന്റെ പെൻഷൻ റദ്ദ് ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടച്ചിട്ടില്ല.

നിലവിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ജോലി ലഭിക്കുകയോ മരണപ്പെടുകയോ ചെയ്യുന്നത് മൂലം അനർഹരാവുന്നത് സമയബന്ധിതമായി പരിശോധിക്കുന്നതിനുള്ള സംവിധാനം സ്ഥാപനത്തിൽ ഇല്ല. ഇത്തരത്തിൽ പെൻഷൻ ലഭിച്ചവരുടെ അർഹത പുന:പരിശോധിക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നതിന് മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടാൽ ടിയാളുടെ ബന്ധുക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പെൻഷൻ റദ്ദ് ചെയ്തുവരുന്നതെന്ന് മറുപടിയിൽ അറിയിച്ചു. ആരോഗ്യ വിഭാഗത്തിൽ മരണം രജിസ്റ്റർ ചെയ്യുന്നുണ്ടെങ്കിലും നിലവിൽ ടി ആളുകളുടെ ആധാർ നമ്പർ ചേർക്കുന്നതിനുള്ള ഓപ്ഷൻ ഇല്ലാത്തതിനാലാണ് മരണ രജിസ്റ്റർ നോക്കി പെൻഷൻ റദ്ദ് ചെയ്യാൻ സാധിക്കാത്തത് എന്നും പെൻഷൻ റദ്ദ് ചെയ്തതിനു ശേഷം ടി ആളുകളുടെ മരണശേഷം അക്കൗണ്ടിൽ ക്രെഡിറ്റായ തുക ബന്ധപ്പെട്ട ബാങ്ക് മാനേജർമാർക്ക് കത്ത് നൽകി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തുക അടവാക്കുന്നുണ്ടെന്നും നിലവിൽ മരണം രജിസ്റ്റർ ചെയ്യുന്ന സമയത്ത് ആധാർ നമ്പർ ചേർക്കുന്നത് നിർബന്ധമല്ലാത്തതിനാൽ മരണരജിസ്റ്റർ പരിശോധിച്ച് പെൻഷൻ റദ്ദ് ചെയ്യുന്നത് പ്രായോഗികമല്ല എന്നും മറുപടിയിൽ പറയുന്നു.

പെൻഷൻ റദ്ദ് ചെയ്യാൻ ലഭിച്ച ഏതാനും അപേക്ഷകൾ സേവന സോഫ്റ്റ് വെയറിലെ വിവരങ്ങളുമായി താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് മരണ ശേഷം വൻതുകകൾ അനുവദിച്ചതായി കണ്ടു.

	ഗുണഭോക്താവിന്റെ പേര്	പെൻഷൻ ഐ.ഡി	മരണശേഷം അനുവദിച്ച തുക
1	ബാലകൃഷ്ണൻ.കെ.എം	102150202826	15000
2	ദേവകി	102150201453	6400
3	മല്ലിക കെടി	102150203976	12000

4	വാസു ആർ.കെ രാമൻ ഇ.പി.കെ	102150201505	8000
5	രാജന്. ടി.പി	102150205512	3200
6	അബു	2220193908	19200
7	മമ്മു	102150203054	26900
		ആകെ	90700

ഇത്രയും തുക തിരിച്ചടയ്ക്കേണ്ട അവസ്ഥയാണുള്ളത്. കൃത്യസമയത്ത് വിവരങ്ങൾ പരിശോധിച്ച് പെൻഷൻ റദ്ദ് ചെയ്യാനുള്ള സംവിധാനത്തിന്റെ അഭാവമാണ് ഇവിടെ കാണുന്നത്.

മുനിസിപ്പാലിറ്റിയിൽ നാളിതുവരെ മരിച്ചവരുടെ വിവരം പരിശോധിച്ച് പെൻഷൻ ഗുണഭോക്താവാണെങ്കിൽ പെൻഷൻ റദ്ദ് ചെയ്ത് അധികം നൽകിയ തുക തിരിച്ചടപ്പിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. കൂടാതെ മരിച്ചതിന്റെ /ജോലി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ റദ്ദ ചെയ്യുകയും എന്നാൽ തിരികെ ഈടാക്കേണ്ട തുക ഈടാക്കാത്തതുമായ സംഗതികളിൽ, തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. മുനിസിപ്പാലിറ്റിയിൽ മരണം രജിസ്റ്റർ ചെയ്യുന്ന അപേക്ഷയിൽ നിർബന്ധമായും ആധാർ നമ്പർ ഉൾപ്പെടുത്തേണ്ടതാണ്. മരണം രജിസ്റ്റർ ചെയ്യുന്ന സെക്ഷൻ മരണപ്പെട്ട വ്യക്തിയുടെ പേര്, ആധാർ നമ്പർ എന്നിവ പട്ടികയാക്കി ആഴ്ചയിലൊരിക്കൽ പെൻഷൻ സെക്ഷന് കൈമാറേണ്ടതും പെൻഷൻ സെക്ഷൻ ആയത് സമയബന്ധിതമായി പരിശോധിച്ച്, പെൻഷനറാണെങ്കിൽ പെൻഷൻ പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. ഇവരുടെ കാര്യത്തിലും അധികം നൽകിയ തുക തിരിച്ച് ഈടാക്കി പെൻഷൻ നൽകുന്നതിലെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

1-23 കണ്ടിജന്റ് ജീവനക്കാർക്ക് യൂനിഫോം വാങ്ങിയത്-അപാകതകൾ

ഫയൽ നം-H1-10632/19

വൗച്ചർ നം-2200702/17.11.20-Rs. 162548/

നികുതികൾ അഡ്ജസ്റ്റ് ചെയ്തത്- 6772

ആകെ ചെലവ്-169320/-

കണ്ടിജന്റ് ജീവനക്കാർക്ക് യൂനിഫോം വാങ്ങിയ ഇനത്തിൽ മേൽ വൗച്ചർ പ്രകാരം 169320/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ആകെ 23 കണ്ടിജന്റ് ജീവനക്കാരുള്ളതിൽ 17 പേർ പുരുഷന്മാരും 6 പേർ സ്ത്രീകളുമാണെന്ന് ഫയലിൽ നിന്നും വ്യക്തമാക്കുന്നു. ഒരാൾക്ക് 4 ജോഡി എന്ന നിരക്കിലാണ് ഇത്രയും പേർക്ക് യൂനിഫോം വിതരണം ചെയ്തത്. പുരുഷന്മാർക്ക് ഷർട്ടിനും പാന്റ്സിനുമായി(4ജോഡി) 12മീറ്റർ കാക്കി ഡ്രിൽ തുണിയും സ്ത്രീകൾക്ക് 4 ജോഡി സാരിയും ബ്ലൗസും ഓവർകോട്ടുമാണ് വിതരണം ചെയ്തത്. യൂനിഫോമിനായി വാങ്ങിയ തുണികൾക്ക്, മാർക്കറ്റിൽ ലഭ്യമായതിലും വളരെ കൂടിയ നിരക്കിലാണ് തുക നല്കിയതെന്ന് വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു. ടെണ്ടർ സമർപ്പിച്ച മൂന്ന് സ്ഥാപനങ്ങളും(ആകെ മൂന്ന് സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചത്) ക്വോട്ട് ചെയ്ത വിലവിവരം തുണികളുടെ ഉയർന്ന വിലനിലവാരം വ്യക്തമാക്കുന്നുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ക്വോട്ട് ചെയ്ത സ്ഥാപനം	ക്വോട്ട് ചെയ്ത നിരക്ക്			
	കാക്കി ഡ്രിൽ	സാരി(നീല കളർ)	ബ്ലൗസ് പീസ്	ഓവർകോട്ട്
കൃഷ്ണ ടെക്സ്റ്റൈൽസ്	Rs.600/meter	Rs.780/piece	Rs.275/piece	Rs.1000/piece
ശ്രീകൃഷ്ണ ടെക്സ്റ്റൈൽസ്	Rs.650/meter	Rs.800/piece	Rs.300/piece	Rs.1005/piece
ശോഭ ടെക്സ്റ്റൈൽസ്	Rs.635/meter	Rs.815/piece	Rs.290/piece	Rs.1030/piece

ഓരോ ഇനത്തിനും മാർക്കറ്റിൽ നിലവിലുള്ളതിനേക്കാൾ വളരെ കൂടിയ വിലയാണ് മൂന്ന്

സ്ഥാപനങ്ങളും ക്വോട്ട് ചെയ്തതെന്ന് കാണാം. കൂടാതെ 2021-22 വർഷത്തിൽ യൂനിഫോം വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ ടെണ്ടറുകളിലെ നിരക്കുകൾ ഇത് സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. 2021-22 വർഷത്തിൽ ലഭ്യമായ നിരക്കുകൾ താഴെ കൊടുക്കുന്നു.

ക്വോട്ട് ചെയ്ത സ്ഥാപനം	ക്വോട്ട് ചെയ്ത നിരക്ക്			
	കാക്കി ഡ്രിൽ	സാരി(നീല കളർ)	ബ്ലൗസ് പീസ്	ഓവർകോട്ട്
കൃഷ്ണ ടെക്സ്റ്റൈൽസ്	Rs.135/meter	Rs.210/piece	Rs.70/piece	Rs.385/piece
HEADCO	Rs.142/meter	Rs.215/piece	Rs.75/piece	Rs.390/piece
ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്	Rs.138/meter	Rs.260/piece	Rs.78/piece	Rs.420/piece

എല്ലാ ഇനങ്ങൾക്കും ഓഡിറ്റ് വർഷം ക്വോട്ട് ചെയ്തതിനേക്കാൾ ഏകദേശം നാലിലൊന്നു തുക മാത്രമാണ് 2021-22 വർഷത്തിൽ ക്വോട്ട് ചെയ്യപ്പെട്ടതെന്ന് കാണാം. കൂടാതെ ഓഡിറ്റ് വർഷം ഉയർന്ന നിരക്കിൽ വിതരണം ചെയ്ത സ്ഥാപനം തന്നെയാണ് വളരെ കുറഞ്ഞ നിരക്കിൽ ഈ വർഷം തുണികൾ വിതരണം ചെയ്തിരിക്കുന്നത്.

2019-20 വർഷത്തിലും, ഓഡിറ്റ് വർഷം ടെണ്ടറുകൾ/ക്വട്ടേഷനുകൾ സമർപ്പിച്ച സ്ഥാപനങ്ങൾ തന്നെയാണ് ടെണ്ടറിൽ പങ്കെടുത്തതെന്നും കൃഷ്ണാ ടെക്സ്റ്റൈൽസിനു തന്നെയാണ് വിതരണാവകാശം ലഭിച്ചതെന്നും കാണുന്നു. കൂടാതെ മേൽ വർഷത്തിലും ഓഡിറ്റ് വർഷത്തെ ഏകദേശം അതേ നിരക്കിലാണ് വസ്തുങ്ങൾ വിതരണം ചെയ്തതെന്നും ആകെ 164100/-രൂപ ഇതിനായി വിനിയോഗിച്ചിട്ടുണ്ടെന്നും കാണുന്നു. മുൻ വർഷങ്ങളിൽ ഏകദേശം ഒരേ തരത്തിലുള്ള ഉയർന്ന നിരക്കിൽ ക്വോട്ട് ചെയ്യപ്പെട്ട ഇനങ്ങൾക്ക് 2021-22വർഷത്തിൽ വളരെ കുറഞ്ഞനിരക്കിൽ ടെണ്ടറുകൾ ലഭിക്കാൻ കാരണം പുതിയ സ്ഥാപനങ്ങൾ ടെണ്ടറുകളിൽ പങ്കെടുത്തതു കൊണ്ടാണെന്ന് കാണാം. ഓഡിറ്റ് വർഷമുൾപ്പടെ മുൻവർഷങ്ങളിലെ വാങ്ങൽ നടപടിക്രമങ്ങളിലെ സുതാര്യതകുറവാണ് ഇത് കാണിക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 40(B) 1 പ്രകാരമുള്ള ഫിനാൻഷ്യൽ പ്രൊപ്രൈറ്റി ഈ വാങ്ങലുകളിൽ പാലിക്കപ്പെട്ടില്ലെന്ന് മേൽ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് നല്കിയ മറുപടിയിൽ ഓഡിറ്റ് വർഷത്തെ സപ്ലൈ ഓർഡർ നല്കുന്ന സമയത്ത് 2021-22 വർഷത്തെ നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ നഗരസഭയുടെ മുമ്പാകെ ഉണ്ടായിരുന്നില്ല എന്നാണ് വിശദമാക്കിയത്. ഓഡിറ്റ് നിരീക്ഷണത്തെ ലാഘവത്തോടെയാണ് സ്ഥാപനം കണ്ടതെന്ന് മറുപടിയിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഗുണമേന്മയുള്ള തുണിത്തരങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്കാണോ ലഭ്യമായത് എന്ന് പരിശോധിക്കാതെ ലഭ്യമായ ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തി വലിയ തുക ചെലവഴിച്ചത് സാമാന്യ ബുദ്ധിക്ക് നിരക്കാത്തതായതിനാൽ വാങ്ങൽ നടപടികളിൽ മന:പൂർവ്വമായ ക്രമക്കേട് നടത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. മാർക്കറ്റിനേക്കാൾ കുറഞ്ഞ വില ലഭിക്കലാണ് ടെണ്ടറിന്റെ ഉദ്ദേശ്യമെന്നിരിക്കെ, സാങ്കേതിക നടപടി എന്ന നിലക്ക് ടെണ്ടർ നടത്തി തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകയാൽ 2021-22 വർഷത്തെ നിരക്ക് അടിസ്ഥാനപ്പെടുത്തി ഓഡിറ്റ് വർഷത്തിൽ അധികം നല്കിയ 125820/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ക്രമ നം	ഇനം	വാങ്ങിയ അളവ്	20-21 വർഷം വാങ്ങിയ നിരക്ക്	21-22 വർഷം വാങ്ങിയ നിരക്ക്	20-21 വർഷം നല്കിയ വില	21-22 വർഷത്തെ നിരക്കിൽ നല്കേണ്ട വില	അധികം നല്കിയത്
1	കാക്കിഡ്രിൽ	204m	600/m	135/m	122400	27540	94860

2	സാരി(നീല കളർ)	24nos	780/1no.	210/1no.	18720	5040	13680
3	ബ്ലൗസ് പീസ്	24nos	275/1 No.	70/1 No.	6600	1680	4920
4	ഓവർകോട്ട്	24nos	900/1 No.	385/1 No.	21600	9240	12360
					169320	43500	125820

അധികം നല്കിയ 125820/-രൂപ ഉത്തരവാദിയായ ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-24 മഴക്കാലപൂർവ്വശുചീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

പ്രോജക്ട് നം-35/20-21

അടങ്കൽ -1000000/-

ചെലവ്-733000/-(ബിൽ നം-384/3-12-20)

നിർവ്വഹണം-ഹെൽത്ത് ഓഫീസർ.

മഴക്കാല പൂർവ്വശുചീകരണ പദ്ധതിയിൽ തനത് ഫണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അഡ്വാൻസായി തുക ചെലവഴിക്കുകയും പിന്നീട് ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ നിന്നും ബിൽ നം 384/3-12-20 പ്രകാരം 733000 രൂപ പിൻവലിച്ച് 705000 രൂപ മുൻകൂർ ക്രമീകരിക്കുന്നതിനായി മുനിസിപ്പൽ ഫണ്ടിലേക്കും ബാക്കി 28000/-രൂപ കുടിവെള്ളവിതരണം പദ്ധതിക്കായി കെ.പി.രമേശൻ എച്ച്.ഐക്ക് കൈയ്യിൽ നിന്നും ചെലവായ തുക നൽകുന്നതിനുമായാണ് വിനിയോഗിച്ചത്. മുനിസിപ്പൽ പരിധിയിലെ ഡ്രൈയിനേജ് , കാനകൾ എന്നിവയുടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തു ന്നതിനായി തയ്യാറാക്കിയ പദ്ധതിക്കായി 30 റോഡുകളിലെ 12392 മീറ്റർ നീളമുള്ള ഓടകളിലെ 3358.05 എം ക്യൂബ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 583000 രൂപയുടെയും, 8 റോഡുകളിലായുള്ള 2410 മീറ്റർ നീളത്തിലുള്ള ഓടകളിലെ 640 എംക്യൂബ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 150000 രൂപയുടെയും അടക്കം ആകെ 3998.05 എം ക്യൂബ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാണ് രണ്ട് എസ്റ്റിമേറ്റുകളിലുമായി ആകെ 733000 രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയത്. മേൽ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ ഓടകളിലെ മുഴുവൻ നീളത്തിലും വീതിയിലും ആഴത്തിലും മാലിന്യങ്ങൾ നിറഞ്ഞിരിക്കുന്നുണ്ട് എന്ന് കണക്കാക്കിയാണ് എസ്റ്റിമേറ്റിൽ മാലിന്യത്തിന്റെ അളവായി 3998.05 എം ക്യൂബ് കണക്കാക്കിയിട്ടുള്ളതും ചെലവ് തുക കണക്കാക്കിയിട്ടുള്ളതും .പദ്ധതിക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും നിർവ്വഹണ ഉദ്യോഗസ്ഥന് ചെലവ് വന്നു എന്നിരിക്കെ ഓടകളിൽ നിന്നും നീക്കം ചെയ്ത 3998.05 എം ക്യൂബ് മാലിന്യങ്ങൾ എങ്ങിനെ, എവിടെയാണ് ഒഴിവാക്കിയത് എന്നത് വ്യക്തമല്ല. ഇതിൽ നിന്നു തന്നെ എസ്റ്റിമേറ്റ് പ്രകാരമുള്ള അത്രയും അളവ് മാലിന്യങ്ങൾ ഓടകളിൽ ഇല്ലായിരുന്നുവെന്നും അത്രയും മൂല്ല്യമുള്ള പ്രവൃത്തികൾ യഥാർത്ഥത്തിൽ നടന്നിട്ടില്ലെന്നും വ്യക്തമാവുന്നു.

ഓഡിറ്റ് വർഷം ഓൺഫണ്ടിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർക്ക് താഴെപറയും പ്രകാരമാണ് തുകകൾ അഡ്വാൻസായി നൽകി പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത്.

തീയ്യതി	തുക
14-05-20	100000

5-06-20	150000
16-06-20	200000
9-07-20	50000
25-08-20	100000
9-09-20	30000
17-09-20	75000
ആകെ	705000

പദ്ധതി നിർവ്വഹണത്തിലെ മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രവൃത്തിയുടെ മസ്റ്റർറോൾ പ്രകാരം 2021 മെയ് 1 മുതൽ ജൂലായ് 14 വരെ 37 റോഡുകളിലെ പ്രവൃത്തികൾക്കായി 988 തൊഴിലാളികൾക്ക് 675രൂപ നിരക്കിൽ ആകെ 666900/-രൂപയാണ് ചെലവ് വന്നിട്ടുള്ളത്. അഡ്വാൻസ് ഉൾപ്പെടെ ആകെ പ്രവൃത്തികൾക്കായി ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകിയ 733000 രൂപയിൽ മസ്റ്റർ റോൾ പ്രകാരം ചെലവുവന്ന 666900 രൂപ കഴിച്ച് അവശേഷിക്കുന്ന 66360 രൂപ ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല.

2. പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ ബന്ധപ്പെട്ട മുനിസിപ്പൽ എഞ്ചിനീയറോ ക്ഷമതയുള്ള മറ്റ് ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഡ്രൈനേജുകളുടെ നീളം, വീതി, ആഴം എന്നിവ ഓഡിറ്റിൽ പരിശോധിച്ചുറപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ എസ്റ്റിമേറ്റ് പ്രകാരം 3998 എം^{3} പ്രവൃത്തി കണക്കാക്കിയിരിക്കുന്നത് ആകെ 14802 (12392+2410) മീറ്റർ നീളമുള്ള ഓടകളിൽ നിറയെ മാലിന്യം ഉണ്ടെന്നകണക്കിലാണ്.

3. മഴക്കാലപൂർവ്വശുചീകരണം എന്ന ലക്ഷ്യത്തിലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നതെങ്കിലും മസ്റ്റർറോൾ പ്രകാരം ഭൂരിഭാഗം പ്രവൃത്തികളും നിർവ്വഹിച്ചിരിക്കുന്നത് മഴക്കാലം ആരംഭിച്ച് ജൂൺ ജൂലായ് മാസങ്ങളി ലായാണ്

4. 1000000 രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയായിട്ടും ഇ-ടെണ്ടർ ചെയ്ത് കരാർ പ്രവൃത്തിയായി ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

5. മസ്റ്റർ റോൾ പ്രകാരം തൊഴിലാളികൾക്ക് കൂലി അക്കൗണ്ടിലേക്ക് നൽകാതെ നിർവ്വണ ഉദ്യോഗസ്ഥൻ പണമായി നേരിട്ട് നൽകുകയാണ് ചെയ്തിരിക്കുന്നത്.

6. മസ്റ്റർ റോൾ പ്രകാരം ജൂലായ് 14 ന് പ്രവൃത്തികൾ പൂർത്തിയായി എങ്കിലും 25-08-20, 9-09-20, 17-09-20 തീയതികളിലും ഹെൽത്ത് ഇൻസ്പെക്ടർക്ക് പ്രവൃത്തികൾക്കായി അഡ്വാൻസ് തുക അനുവദിച്ചതായി കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 19/23-7-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. പദ്ധതിക്കായി ചെലവഴിച്ച 733000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വർഷാവർഷം യാതൊരു അടിസ്ഥാനവുമില്ലാതെ വൻതുക മഴക്കാലശുചീകരണമെന്ന നിലയ്ക്ക് മുനിസിപ്പാലിറ്റി ചെലവഴിക്കുന്നുണ്ട് എന്നിരിക്കെ ഓടകളിൽ മാലിന്യം നിറയുന്നത് തടയുന്നതിനാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതും സമ്പൂർണ്ണ യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ചുള്ള ഓടശുചീകരണ സാധ്യതകൾ പരിശോധിക്കേണ്ടതുമാണ് . ആരും തന്നെ ഈ പ്രവൃത്തി നിർവ്വഹണം മോണിറ്റർ ചെയ്തില്ലെന്നതും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ മേൽനോട്ടം വഹിച്ചില്ലെന്നതും ശ്രദ്ധേയമാണ്.

1-25 മൂല്യ നിർണ്ണയം നടത്താതെ കരാറുകാരന് തുക നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നഗരസഭ റെക്കോർഡ് റൂം (പ്രോ.നം- 149/2020-21) പദ്ധതിയുടെ ഭാഗമായി 999952 രൂപ കരാറുകാരായ ആർട്കോക്ക് നൽകിയിട്ടുണ്ട് (ബിൽ നം. 259, തി. 31.03.2021) ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. മേൽ പ്രൊജക്ട് പ്രകാരമുള്ള എസ്റ്റിമേറ്റിലെ ഇനങ്ങളുടെ നിരക്ക് നിശ്ചയിക്കുന്നതിന് ആധാരമാക്കിയ ഡാറ്റ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് തുക അനുവദിക്കും മുൻപ് ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തുകയും ചെയ്തിട്ടില്ല.
2. ഒരു ചതുരശ്ര മീറ്റർ വാൾ റാക്ക് തയ്യാറാക്കുന്നതിന് 10575 രൂപയാണ് സ്ഥാപനത്തിന് ചെലവായിട്ടുള്ളത്. എന്നാൽ ഉപയോഗപ്പെടുത്തിയ ഷീറ്റുകൾ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണോ എന്ന വസ്തുത പരിശോധിക്കപ്പെട്ടിട്ടില്ല.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ആധാരമാക്കിയ ഡാറ്റ, പൂർത്തീകരിച്ച പ്രവൃത്തിയുടെ വാല്യേഷൻ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ അളവെടുക്കാതെയും മൂല്യനിർണ്ണയം നടത്താതെയും ബിൽ തുക കരാറുകാരായ ആർട്കോക്ക് അനുവദിച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുകയായ 999952 രൂപ തടസ്സപ്പെടുത്തുന്നു.

1-26 പ്രവൃത്തിയുടെ സ്വഭാവത്തിൽ മാറ്റം വന്നിട്ടും റീ ടെണ്ടർ നടപടി സ്വീകരിച്ചില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പുനയം കണ്ടി മീത്തൽ- നെല്ലിക്കോട്ട് കുന്നുമ്മൽ റോഡ് (പ്രൊജക്ട് നം- 328/2020-21, സ്പിൽ ഓവർ) എന്ന പ്രവൃത്തിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 2019-20 വർഷത്തിൽ ആസൂത്രണം ചെയ്തതും 2020-21 വർഷത്തിൽ സ്പിൽ ഓവറായി പൂർത്തീകരിച്ചതുമായ മേൽ പദ്ധതിയുടെ ഭാഗമായി റോഡ് ടാറിംഗ് പ്രവൃത്തി നടത്തുന്നതിനും ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് പ്രകാരം ആസൂത്രണം ചെയ്തിട്ടുള്ളത്. ആയത് പ്രകാരം ടെണ്ടർ നടപടി സ്വീകരിക്കുകയും ആരും പങ്കെടുക്കാത്തതിനാൽ ശ്രീ.അബ്ദുൾ മൻസൂർ എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ച് 01.01.2020 തിയ്യതിയിലെ 64/2019-20 നമ്പറായി കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 15.02.2020 ലെ നഗരസഭാ കൗൺസിലിന്റെ 16-ാം നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ടാറിംഗ് പ്രവൃത്തികൾ ഒഴിവാക്കി പകരം കോൺക്രീറ്റിംഗിനുള്ള ഇനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ സ്വഭാവത്തിലും ഇനങ്ങളിലും സമൂലമായ മാറ്റം ഉണ്ടായിട്ടും ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ടാറിംഗ് പ്രവൃത്തിക്ക് ക്വട്ടേഷൻ സമർപ്പിച്ച കരാറുകാരന് തന്നെ പ്രവൃത്തി ഏൽപ്പിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. നഗരസഭ ഇ-ടെണ്ടർ നടപടി സ്വീകരിച്ച പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗ് ഇനങ്ങൾക്ക് കരാറുകാർ എസ്റ്റിമേറ്റിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന സാഹചര്യത്തിൽ പ്രവൃത്തി ടെണ്ടർ നടപടി സ്വീകരിക്കാതെ നിർവ്വഹിച്ചത് സ്ഥാപനത്തിന് ലാഭകരമായിരുന്നില്ലെന്ന് വ്യക്തമാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
2. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ റിപ്പോർട്ടിൽ ചെങ്കുത്തായ ചെരിവും ചെങ്കൽപാറ നിറഞ്ഞതുമായ ആയതിനാലാണ് ടാറിംഗ് ഒഴിവാക്കി കോൺക്രീറ്റിംഗ് ആക്കുന്നതെന്ന് പരാമർശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിലും ജി.എസ്.ബി ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് 25.07.22 തിയ്യതിയിൽ നൽകിയ 29-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ സ്വഭാവത്തിലും ഇനങ്ങളിലും സമൂലമായ മാറ്റം ഉണ്ടായിട്ടും ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ടാറിംഗ് പ്രവൃത്തിക്ക് ക്വട്ടേഷൻ സമർപ്പിച്ച കരാറുകാരന് തന്നെ പ്രവൃത്തി ഏൽപ്പിച്ച് നൽകിയ നടപടി സ്ഥാപനത്തിന് ലാഭകരമല്ല. ഇ-ടെണ്ടർ ചെയ്യുതും കോൺക്രീറ്റ് ഇനങ്ങൾ ഉൾപ്പെടുന്നതുമായ പ്രവൃത്തികളിൽ കരാറുകാർ കോൺക്രീറ്റ് ഇനങ്ങൾക്ക് എസ്റ്റിമേറ്റ് നിരക്കിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന സാഹചര്യം നിലനിൽക്കവെയാണ് പുനർ ടെണ്ടർ നടപടി സ്വീകരിക്കാതെ നഗരസഭ മുന്നോട്ട് പോയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-27 ബില്ല് തയ്യാറാക്കുന്നതിൽ കാലതാമസം- ഫണ്ട് നഷ്ടപ്പെടുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരണത്തിന് ശേഷവും ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ട്. കാലതാമസം മൂലം സാമ്പത്തിക വർഷത്തിൽ തന്നെ ഫണ്ടുകൾ ചെലവഴിക്കാനാകാതെ നഷ്ടപ്പെടുന്ന സാഹചര്യവും ഉണ്ടാകുന്നുണ്ട്.

ഉദാ- 1. പ്രോജക്ട് നം. 392/2020-21, കൊളാർതാഴ പുതുക്കുടിമുക്ക് റോഡ് ടാറിംഗ് പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം 17.08.2019 തിയ്യതിയിലാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ മേൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചത് 13.11.2020 തിയ്യതിയിലാണ്. (ബിൽ ബുക്ക് ക്രമ നം. 97/2020).

2. പ്രോജക്ട് നം. 569/2020-21, കൊളാർതാഴ പുതുക്കുടിമുക്ക് റോഡ് ടാറിംഗ് പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം 04.05.2019 തിയ്യതിയിലാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ മേൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചത് 13.11.2020 തിയ്യതിയിലാണ്. (ബിൽ ബുക്ക് ക്രമ നം. 101/2020)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് 25.07.22 തിയ്യതിയിൽ നൽകിയ 26-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് എന്നിവ ചുമതലാപരമായ ഇടപെടലുകളും മോണിറ്ററിംഗും നടത്തുന്നതിലുണ്ടായ വീഴ്ചയാണ് ഉദ്യോഗസ്ഥ തലത്തിലുണ്ടായിട്ടുള്ള കാലതാമസത്തിന് കാരണമായിട്ടുള്ളത്. ബില്ല് തയ്യാറാക്കി നൽകുന്നതിലുണ്ടായ കാലതാമസം മൂലം പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട ഫണ്ട് ചെലവഴിക്കാനാവാതെ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-28 എസ്റ്റിമേറ്റിലെ ഇനങ്ങളുടെ 25 ശതമാനത്തിൽ അധികരിച്ച് പ്രവൃത്തി ചെയ്തു- എസ്റ്റിമേറ്റ് പുതുക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാറപ്പള്ളി റോഡ് നിർമ്മാണം (പ്രോ.നം- 474/2020-21) പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. എസ്റ്റിമേറ്റ് പ്രകാരം 340 മീറ്റർ റോഡ് ടാർ ചെയ്യുന്നതിനാണ് പ്രവൃത്തി ആസൂത്രണം ചെയ്തിട്ടുള്ളത്. എന്നാൽ GSB, Prime Coat, Tack Coat എന്നിവയുടെ അളവ് പ്രവൃത്തിക്ക് ആനുപാതികമായല്ല എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ളത് . അധികരിച്ച അളവിൽ മേൽ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2. എസ്റ്റിമേറ്റിലെ ഇനങ്ങൾ 25 % ത്തിൽ അധികരിച്ച് നിർവ്വഹിച്ചതായി കാണുന്നു. 25 ശതമാനത്തിൽ അധികരിച്ച് ചെയ്ത ഇനങ്ങളുടെ തുക പരിമിതപ്പെടുത്താതെ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഉദാ- എസ്റ്റിമേറ്റിലെ ക്രമനമ്പർ 1,6,7,11 ആയ ഇനങ്ങൾ.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 340 മീറ്റർ നീളത്തിൽ റോഡ് ടാറിംഗ് പ്രവൃത്തി ആസൂത്രണം ചെയ്ത പ്രവൃത്തിക്ക് 610 മീറ്റർ നീളത്തിൽ Tack Coat എസ്റ്റിമേറ്റിൽ ഉൾകൊള്ളിച്ചതിന്റെ സാംഗത്യം വ്യക്തമാക്കിയിട്ടില്ല. GSB, Prime Coat എന്നീ ഇനങ്ങളുടെ അളവിലും സമാനമായ അപാകത ആവർത്തിച്ചിട്ടുണ്ട്.

റിവൈസ്ഡ് പി.ഡബ്ല്യു.ഡി മാന്വലിലെ അധ്യായം 2111 ൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങളുടെ അളവിന്റെ 25% അധികരിക്കാനോ, ഒരു ഇനത്തിന് അനുവദിക്കുന്ന തുക എസ്റ്റിമേറ്റിൽ വകയിരുത്തിയതിനേക്കാളും കരാർ തുകയുടെ ഒരു ശതമാനത്തിൽ അധികരിക്കാനും പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വ്യവസ്ഥകൾ പാലിക്കാതെയാണ് എസ്റ്റിമേറ്റിലെ ക്രമനമ്പർ 1, 6, 11 ആയ ഇനങ്ങൾ 25 ശതമാനത്തിൽ അധികരിച്ച് നിർവ്വഹിച്ചിട്ടുള്ളത്. 25% അംഗീകരിച്ച് പ്രവൃത്തി നടത്തേണ്ടി വന്നപ്പോഴും എസ്റ്റിമറ്റ് പുതുക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റിലെ ക്രമ നം	ഇനം	എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ്	നിർവ്വഹിച്ച അളവ്	വ്യതിയാനത്തിന്റെ ശതമാനം (+)
1	Preparation Of Foundation For Embankment	231	340.12	47.23
2	Prime Coat (SS1)	231	340.12	47.23
3	Providing Concrete For Irish Drain (11.4.3.1)	15.07	19.31	28.13

എസ്റ്റിമേറ്റിൽ അധിക അളവിൽ ഇനങ്ങൾ ഉൾപ്പെടുത്തുകയും പ്രസ്തുത ഇനങ്ങൾ നിർവ്വഹിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാറുകാരൻ ക്വാട്ട് ചെയ്ത തുകക്കുള്ള അളവിൽ മൂല്യം ഉറപ്പ് വരുത്തുന്നതിനാണ് കോൺക്രീറ്റ് പേവിംഗ് ഉൾപ്പെടെയുള്ള ഇനങ്ങൾ പരിധിയിൽ അധികരിച്ച് നിർവ്വഹിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് അനുമാനിക്കുന്നു. സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റിലെ ഇനങ്ങളുടെയും അളവിന്റെയും ആധികാരികത പരിശോധിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം ചെലവഴിച്ച 696972 രൂപ (ബിൽ നം- 286/20-21, 31.03.2021) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-29 നഗരസൗന്ദര്യവത്കരണം- കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ആസൂത്രണം ചെയ്ത് 2020-21 വർഷത്തിൽ നടപ്പാക്കിയ നഗര സൗന്ദര്യവത്കരണം- (പ്രോ.നം- 414/2020-21 , SO) എന്ന പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു. പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1	പി.എ.സി.	999480

2	അടങ്കൽ	1000000
3	ചെലവ്	870150
4	എഗ്രിമെന്റ് തിയ്യതി	11.03.2019
5	സൈറ്റ് ഹാൻഡ് ഓവർ തിയ്യതി	11.03.2019
6	കരാർ കാലാവധി	5 മാസം (10.08.2019)

1. ബസ് സ്റ്റാന്റിന് കവാടം നിർമ്മിക്കുന്നതിനുള്ള കരാർ പ്രകാരം 10-08-2019 തിയ്യതിക്കകം പൂർത്തീകരിക്കേണ്ട പ്രവൃത്തി കരാറുകാരനായ റാണാ.കെ.ബാലൻ പൂർത്തീകരിച്ചത് 28.12.2020 തിയ്യതിയിലാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് അനുവദിച്ച സമയ പരിധി പിന്നിട്ട് 16 മാസങ്ങൾക്ക് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്നും നീക്കം ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നതിലുണ്ടായ വീഴ്ച വിശദീകരിച്ചിട്ടില്ല.
2. 10-08-2019 തിയ്യതിയിൽ കരാർ കാലാവധി അവസാനിച്ചിട്ടും, കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്ന് വ്യക്തമായിരുന്നിട്ടും കരാറുകാരനെതിരെ തുടർ നടപടി സ്വീകരിക്കാതെ 15.02.2020 തിയ്യതിയിലെ 10/10 നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
3. കൊയിലാണ്ടി നഗരസഭ 2018-19 വാർഷികപദ്ധതി പ്രകാരമുള്ള നഗരസൗന്ദര്യവത്ക്കരണം പ്രവൃത്തി തുടങ്ങിയപ്പോൾ കരാറുകാരന് അസുഖമായതിനാലും, COVID-19 സാഹചര്യത്തിൽ തൊഴിലാളികളെ കിട്ടാത്തതും വസ്തുക്കളുടെ ലഭ്യതക്കുറവും കാരണം പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ ഫൈൻ ഈടാക്കുന്നതിൽനിന്ന് ഒഴിവാക്കിത്തരണമെന്നും ആവശ്യപ്പെട്ട് കരാറുകാരൻ റാണ കെ ബാലൻ സമർപ്പിച്ച അപേക്ഷ (28.01.2021 ലെ) കൗൺസിൽ ചർച്ച ചെയ്തു നഗരസഭാ കൗൺസിലിന്റെ 22.02.2021 തിയ്യതിയിലെ 18 നമ്പർ തീരുമാന പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതില്ലെന്ന് 19 അംഗങ്ങളുടെ വിയോജിപ്പോടെ തീരുമാനമെടുത്തിട്ടുണ്ട്. കരാറുകാരൻ കരാർ കാലാവധിക്കുള്ളിൽ ഇളവിന് അപേക്ഷ സമർപ്പിച്ചിട്ടില്ല. കരാറിലേർപ്പെട്ട് ഒരു വർഷത്തിന് ശേഷമാണ് കോവിഡ് പ്രതിസന്ധി ഉടലെടുത്തതെന്നും വ്യക്തമാണ്. 5 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തിക്ക് 3 സാമ്പത്തിക വർഷമാണ് വിനിയോഗിച്ചിട്ടുള്ളത്. ആദ്യത്തെ രണ്ട് വർഷവും പദ്ധതിക്കായി വകയിരുത്തിയ തുക കരാറുകാരന്റെ വീഴ്ചമൂലം ചെലവഴിക്കാനാകാതെ നഗരസഭക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിലും പിഴ ഒഴിവാക്കി നൽകുന്നതിന് തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
4. പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2112.1 പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. പ്രവൃത്തി ദീർഘീകരണത്തിന് കരാറുകാരൻ, നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തരം അപേക്ഷ സമർപ്പിച്ചതായും കാണുന്നില്ല. കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുമ്പോൾ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ സമർപ്പിക്കണം. ഈ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി.എ.സി തുകയുടെ 1% പിഴ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നല്കാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുമ്പോൾ 2% പിഴയാണ് ഈടാക്കേണ്ടത്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% അധികമാകുവാനും പാടുള്ളതല്ല. 50 % ത്തിൽ അധികരിക്കുന്ന പക്ഷം കരാറുകാരനെ നീക്കം ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാതെ കരാറുകാരന് പിഴ ഒഴിവാക്കി നൽകിയതിലൂടെ മുനിസിപ്പൽ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്.

നടപടിക്രമങ്ങളിലുണ്ടായ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞത് കരാർ തുകയുടെ 3 ശതമാനമായ

29984 രൂപയെങ്കിലും കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. യോഗത്തിന്റെ അജണ്ടാ കുറിപ്പ് പരിശോധിച്ചതിൽ നിന്നും പിഴ ഒഴിവാക്കി നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനോ, സെക്രട്ടറിയോ ശുപാർശ ചെയ്തിട്ടില്ലെന്നത് വ്യക്തമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. COVID-19 സാഹചര്യത്തിൽ തൊഴിലാളികളെ കിട്ടാത്തതും വസ്തുക്കളുടെ ലഭ്യതക്കുറവും കാരണവുമാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടായതെന്ന കരാറുകാരന്റെ വാദം വസ്തുതാപരമല്ല. കരാറുകാരൻ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടില്ല. നഗരസഭാ കൗൺസിലിന്റെ തെറ്റായ തീരുമാനം മൂലം 29984 രൂപയാണ് നഗരസഭാ ഫണ്ടിന് നഷ്ടപ്പെട്ടിട്ടുള്ളത്. നഷ്ടതുക തീരുമാനത്തെ പിന്തുണച്ച 24 നഗരസഭാ കൗൺസിലർമാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 കരാറിൽ നിന്നും പിന്മാറിയ കരാറുകാരനിൽ നിന്നും നഷ്ടം ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ കരാറിൽ നിന്നും കരാറുകാരനായ ശ്രീ.മുഹമ്മദ് ഫൈസൽ പിന്മാറിയിട്ടുണ്ട്. മേൽ പ്രവൃത്തികൾ പുനർ ടെണ്ടർ നടപടികൾ സ്വീകരിച്ച് പൂർത്തീകരിച്ചത് 2 വരെ വർഷങ്ങൾക്ക് ശേഷമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് പേര്, നം.	ടെണ്ടർ അംഗീകരിച്ച തിയ്യതി. കരാർ നം, തിയ്യതി.	മെമ്മോ അയച്ച തിയ്യതി	ഓഫർ തുക	ശ്രീ. മുഹമ്മദ് ഫൈസൽ ടെണ്ടർ ഓഫറിൽ നിന്നും പിന്മാറിയ തിയ്യതി.	തുടർന്ന് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ	പൂർത്തീകരിച്ച തിയ്യതി.
1	456/20-21 പൊയിൽ പൂണിച്ചേരി	25.11.2019 കരാർ ചമച്ചിട്ടില്ല. (സിംഗിൾ ടെണ്ടർ)	07.02.20	342125	24.02.2020	ശ്രീ. ഗോവിന്ദൻ. സി.എം.	18.01.21
2	496/21 പുത്തൻ വളപ്പിൽ റോഡ്.	25.11.2019 കരാർ ചമച്ചിട്ടില്ല. (സിംഗിൾ ടെണ്ടർ)	07.02.20	301950	24.02.20	ശ്രീ.നിർജാസ്.പി	08.03.21
3	499/20-21. പുതിയ ബസ്സ്റ്റാന്റ്	25.11.2019 കരാർ ചമച്ചിട്ടില്ല.	ലഭ്യമല്ല.	487500	24.02.20	ശ്രീ.കെ.പി. ഗണേശൻ	15.12.20

	റോഡ് മെയിന്റനൻസ്.	(സിംഗിൾ ടെണ്ടർ)						

ടെണ്ടർ അംഗീകരിച്ച് 24 ദിവസങ്ങൾക്ക് ശേഷവും (കരാർ ചമയ്ക്കേണ്ട 14 ദിവസവും പിഴയോടുകൂടി കരാർ ചമയ്ക്കേണ്ട 10 ദിവസവും ഉൾപ്പെടെ ആകെ 24 ദിവസം) കരാറിലേർപ്പെടുന്നതിന് തയ്യാറാകാത്ത കരാറുകാരനെതിരെ തുടർ നടപടി സ്വീകരിക്കുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർ വീഴ്ച വരുത്തിയിട്ടുണ്ട്. മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പും മേൽ അപാകത പരിശോധിച്ച് തുടർ നടപടി കൈക്കൊണ്ടിട്ടില്ല. കരാറുകാരൻ സമർപ്പിച്ച സെക്യൂരിറ്റിയായി സമർപ്പിച്ച 34000 രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ ഓഡിറ്റ് തിയ്യതി വരെയും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനാണ് നഗരസഭാ കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. എന്നാൽ മേൽ തീരുമാനത്തിന്മേൽ തുടർ നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല.

2012 ലെ പി.ഡബ്ല്യു.ഡി റിവൈസ്ഡ് മാന്വൽ 2116-1 മുതൽ 2116.2.1 വരെയുള്ള ഭാഗത്ത് കരാറുകാരെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള വ്യവസ്ഥകളും ഈടാക്കേണ്ട പിഴയെ സംബന്ധിച്ചും വ്യക്തമാക്കിയിട്ടുണ്ട്. കരാറുകാരെ ടെർമിനേറ്റ് ചെയ്യുന്നതിന് തീരുമാനമെടുത്ത് രണ്ട് വർഷത്തോളമായിട്ടും ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിലും കരാറുകാരെ കരിമ്പട്ടികയിൽ പെടുത്തുന്നതിലും നഗരസഭ വീഴ്ച വരുത്തിയിട്ടുണ്ട്.

ഭരണസമിതി കരാറുകാരനെ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് തീരുമാനമെടുത്ത മേൽ മൂന്ന് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഓഡിറ്റ് തിയ്യതിവരെയും നഗരസഭ നഷ്ടതുക ഈടാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതും മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-31 കോൺക്രീറ്റ് പേവിംഗ്-ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് ഫോം വർക്കിനുള്ള തുക നൽകി.

1. അനാവശ്യമായി ഫോം വർക്കിന് തുക നൽകുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഇനം Mord SOR 11.4.3.1 പ്രകാരമുള്ളതാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ നിന്നും ആകെ തുകയുടെ 4 ശതമാനം ഫോം വർക്കിനായാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ വലിയ വീതിയുള്ളതൊഴികെയുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡിന്റെ ഷോൾഡർ അതിര് വരെ കോൺക്രീറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തികൾക്ക് ഫോം വർക്ക് അനിവാര്യമല്ല. എന്നാൽ പ്രസ്തുത പ്രവൃത്തികൾക്കും നാല് ശതമാനം ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. 29.07.22 തിയ്യതിയിൽ നടത്തിയ സൈറ്റ് പരിശോധനയിൽ നടുക്കണ്ടി മീത്തൽ റോഡ് പ്രവൃത്തിയുടെ ഭാഗമായി 101.3 മീറ്ററിൽ കോൺക്രീറ്റിംഗ് നടത്തിയതിൽ ആദ്യത്തെ 21 മീറ്ററിൽ ഒരു വശത്ത് മാത്രമെ ഫോം വർക്ക് നടത്തിയിട്ടുള്ളൂ. ബാക്കിയുള്ള 80 മീറ്ററിൽ ഫോം വർക്ക് ചെയ്തിട്ടുമില്ല. മറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും മൂന്ന് മീറ്ററിൽ താഴെയുള്ള കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികൾക്കും ആവശ്യകത പരിഗണിക്കാതെ ഇതേ ഇനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും 11.4.3.1 എന്ന ഇനം അനുവദിച്ചതിലൂടെ നഗരസഭാ ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്.

2.അനുയോജ്യമല്ലാത്ത ഇനം തെരഞ്ഞെടുക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികളിൽ റോഡ് കോൺക്രീറ്റ് പേവ്മെന്റുകൾക്ക് 11.4.3.1 എന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്യുന്നതിന് പരിഗണിച്ചിട്ടുള്ള ഈ ഇനം റോഡ് കോൺക്രീറ്റിംഗിന് അനുയോജ്യമല്ല. മോർഡ്

സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6 ൽ കോൺക്രീറ്റ് പേവ്മെന്റിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

അപാകതകൾക്ക് വിശദീകണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-32 റോഡ് ടാറിംഗ് ഗുണമേന്മയുള്ള ഇനം തെരെഞ്ഞെടുത്തില്ല

സ്ഥാപനത്തിൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹിക്കപ്പെട്ട ഭൂരിഭാഗം റോഡ് ടാറിംഗ് പ്രവൃത്തികൾക്കും ഉപയോഗപ്പെടുത്തിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണ്. മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മേൽപറഞ്ഞതും മറ്റൊന്ന് MSS(Mixed Seal Surfacing) മാണ്. ആദ്യത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനുമുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ രണ്ടാമത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീല് കോട്ടുമാണ്. യഥാക്രമം 153.03 രൂപയും 60.63 രൂപയും നിരക്കിൽ ഇത് രണ്ടിനം കൂടി ഒരു ചതുരശ്ര മീറ്റർ ചെയ്യാൻ ആകെ 213.66 രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പെടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇതിന്റെ നിരക്ക് ചതുരശ്ര മീറ്ററിന് (മെക്കാനിക്കൽ) 161.97/-രൂപ മാത്രമാണ്. അതായത് 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറിന് 51.69 രൂപ അധിക ചെലവ് വരുന്നുണ്ടെന്ന് കാണാം.

മിക്സഡ് സീൽ സർഫസ് (MSS) എന്ന രണ്ടാമത്തെ ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്നതരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും

അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations) മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800 ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്,ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6mmഉം കുറഞ്ഞത് – 6 Mmമാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത (Undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരാമാവധി + 10mmഉം – 10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത (Undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ് (Tolerance) ആയ + 10mm ഉം -10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി നഗരസഭാ റോഡുകളിൽ അവലംബിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭാ റോഡുകളിൽ ഭൂരിഭാഗവും മെക്കാനിക്കൽ പേവർ ഉപയോഗിക്കാൻ സാധിക്കും വിധം വീതിയുള്ളതാണെന്നത് പ്രസക്തമാണ്. നഗരസഭാ റോഡുകളിൽ സാധ്യമായവയിൽ ടാറിംഗ് പ്രവൃത്തിക്ക് MSS തെരഞ്ഞെടുക്കേണ്ടതാണ്.

1-33 കോവിഡ് പ്രവർത്തനങ്ങൾ- വാങ്ങിയ പൾസ് ഓക്സിമീറ്ററുകളുടെ നിലവിലെ സ്ഥിതി വ്യക്തമല്ല.

ചെലവഴിച്ച തുക-86968/-രൂപ

വൗച്ചർ നം- 22000636/23.10.20

ഫയൽ നം- H1-2710/20

നഗരസഭയിലെ കോവിഡ് ബാധിതരെ നിരീക്ഷിക്കുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായും 100 ഓക്സിമീറ്ററുകൾ 86968/-രൂപ ചെലവഴിച്ച് മേൽ വൗച്ചറുകൾ പ്രകാരം വാങ്ങിയിട്ടുണ്ട്. ഇത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. കോവിഡാനന്തരം ഈ ഓക്സിമീറ്ററുകൾ തിരികെ വാങ്ങി പൊതുജനാരോഗ്യ സംരക്ഷണത്തിനായി വിനിയോഗിക്കുന്നുണ്ടോയെന്നും ആരുടെ കസ്റ്റഡിയിലാണ് ഇവയുള്ളതെന്നും വ്യക്തമാക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

1-34 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് -പ്രതിമാസം വാഹനം സഞ്ചരിക്കേണ്ട ദൂരം കണക്കാക്കാതെ കരാറിൽ ഏർപ്പെട്ടത് വഴി അധികചെലവ് .

പ്രോജക്റ്റ് നം-386/20-21

അടങ്കൽ-447325

ചെലവ്-118424

നിർവ്വഹണം-പ്രോജക്റ്റ് ഓഫീസർ

സ്പിൽഓവർ പദ്ധതിയായി നടപ്പിലാക്കിയ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് പദ്ധതിയിൽ മാർച്ച് മാസത്തെ അധ്യാപകന്റെയും ആയയുടെയും ഹോണറേറിയം ഇനത്തിൽ

40425/-രൂപയും സെന്ററിലേക്ക് കുട്ടികളെ എത്തിച്ചതിനുള്ള ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ചെലവിനത്തിൽ 59402/- രൂപയും മറ്റ് ചെലവുകൾക്കായുള്ള 18597 രൂപയും ഉൾപ്പെടെ ആകെ 118424/-രൂപയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ സെന്ററിലേക്ക് KL 56 U 2383 വാഹനത്തിൽ കുട്ടികളെ എത്തിക്കുന്നതിന് 750 കിലോമീറ്റർ വരെ ദൂരം ഓടുന്നതിന് പ്രതിമാസം 34000/-രൂപയും അതിനുശേഷം ഓടുന്ന ദൂരത്തിന് കിലോമീറ്ററിന് 11 രൂപ നിരക്ക് കണക്കാക്കിയുമാണ് ശ്രീ ജിഷ്ണ എന്നയാൾക്ക് തുക അനുവദിച്ചിട്ടുള്ളത്. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പരിശോധിച്ചതിൽ വാഹനം പ്രതിദിനം ശരാശരി 72 കിലോമീറ്റർ ദൂരം യാത്രചെയ്യുന്നുണ്ട്. പ്രതിമാസം 2000 കിലോമീറ്ററുകൾക്ക് മുകളിൽ വാഹനത്തിന് സഞ്ചരിക്കേണ്ടിവരുമെന്ന് മുൻകൂട്ടി അറിയാമെന്നിരിക്കെയാണ് ആയത് പരിഗണിക്കാതെ പ്രതിമാസം 750 കിലോമീറ്റർ വരെ 34000/-രൂപയും അതിനുമേൽ വരുന്ന ദൂരത്തിന് 11 രൂപയും കണക്കാക്കി ബഡ്സ് റീഹാബിലിറ്റേഷൻ കേന്ദ്രത്തിനായി വാഹനസൗകര്യം ഏർപ്പെടുത്തിയത്. ഇത് കാരണം വാഹന ചെലവ് ഇനത്തിൽ അധികചെലവ് വരുന്നതിനിടയാക്കുന്നുണ്ട്. വാഹനത്തിന് പ്രതിദിനം സഞ്ചരിക്കേണ്ടിവരുന്ന ദൂരത്തിന് നിലവിലുള്ള ഗവൺമെന് അംഗീകൃത നിരക്കിന്റെ അടിസ്ഥാനത്തിലല്ലാതെ തുക കണക്കാക്കി വാഹനസൗകര്യം ഏർപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. തുടർ വർഷങ്ങളിൽ അപാകത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-35 സ്റ്റീറ്റ് ടാപ്പ് രജിസ്റ്ററോ സംയുക്ത പരിശോധനാ റിപ്പോർട്ടോ ഇല്ലാതെ വാട്ടർചാർജ്ജിനത്തിൽ വലിയ തുക അടവാക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ടിന്റെ പേര്,നമ്പർ	KWA ക്ക് കുടിവെള്ളക്കരം അടവാക്കൽ 640/21
വകയിരുത്തിയ തുക	18,00,000/-(CFC Grant)
ആകെ ചെലവ്	1761989/-(4/20മുതൽ 3/21വരെ)

ഗ്രാമപഞ്ചായത്ത് പരിധിയിലെ 223 പൊതുടാപ്പുകളുടെ വാട്ടർചാർജ്ജിനത്തിൽ പ്രതിമാസം 146511/-രൂപ വാട്ടർ അതോറിറ്റിയിൽ മേൽ പ്രോജക്റ്റ് വഴി അടവാക്കിവരുന്നുണ്ട്. 4/20 മുതൽ 10/20 വരെയുള്ള (7x146511/-) ഏഴ് മാസത്തെ ബിൽ തുകയായ 1025577/-രൂപ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് റീക്കുപ്പ് ചെയ്യുകയും ബാക്കി തുക വാട്ടർ അതോറിക്ക് നേരിട്ട് അടവാക്കുകയും ചെയ്തു. ഫയൽ പരിശോധിച്ചതിൽ സ്റ്റീറ്റ് ടാപ്പുകളുടെ വിശദവിവരം കാണിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാതെയും സംയുക്ത പരിശോധനാറിപ്പോർട്ട് തയ്യാറാക്കി പ്രവർത്തിക്കാത്ത ടാപ്പുകൾ കണ്ടെത്തി വാട്ടർ ചാർജ്ജിൽ കുറവു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതെയും പഴയ കണക്കിൽ തന്നെ വർഷങ്ങളായി വാട്ടർ ചാർജ്ജിനത്തിൽ വലിയതുക അടവാക്കി വരുകയാണ്. ഇത് നഗരസഭാ ഫണ്ടിനു നഷ്ടം വരുത്തുന്നതിന് ഇടയാക്കുന്നുണ്ട്. നടപടിക്രമങ്ങൾ പാലിക്കാതെയും രജിസ്റ്ററുകൾ തയ്യാറാക്കി ചെലവിന്റെ ആവശ്യകത ഉറപ്പുവരുത്താതെയും പൊതുപണം ചെലവഴിക്കുന്നത് ഉചിതമായ നടപടിയല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/21.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവുതുക 1761989/-രൂപ തടസ്സത്തിൽ വെക്കുന്നു. വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തി പ്രവർത്തിക്കുന്ന ടാപ്പുകൾക്കു മാത്രം വാട്ടർചാർജ് അടവാക്കേണ്ടതും ഇതുവരെയും അധികമായി തുക അടവാക്കിയിട്ടുണ്ടെങ്കിൽ തുടർന്നുള്ള ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-36 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പ്രവൃത്തി പൂർത്തിയാക്കിയില്ല

നിർവഹണം- പട്ടികജാതി വികസന ഓഫീസർ

കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളുടെ പഠന

സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വീടിന് അനുബന്ധമായി 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നതിനുള്ള പ്രൊജക്ട് പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് വിവിധ വർഷങ്ങളിലായി അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെക്കൊടുക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	വാർഡ്	ആദ്യം ഗഡു കൈപ്പറ്റിയ തിയ്യതി	ആകെ കൈപ്പറ്റിയ തുക
1	രവീന്ദ്രൻ.എസ്.കെ	32	50000,12.3.19	100000
2	ബിന്ദു.കെ.എം	21	50000/11.4.20	100000
3	അനിത.വി.എം	25	50000/11.4.20	50000
4	രവി.കെ	11	50000/29.2.20	100000
5	ശിവദാസൻ.കെ.പി	4	50000/18.3.20	125000

മേൽ പറഞ്ഞ അഞ്ച് ഗുണഭോക്താക്കളും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ച് പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഠനമുറി നിർമ്മിക്കാത്ത പക്ഷം ഇവർ കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്.

1-37 വീട് വാസയോഗ്യമാക്കൽ-പദ്ധതി പൂർത്തീകരിച്ചില്ല

നിർവ്വഹണം- പട്ടികജാതി വികസന ഓഫീസർ

150000/- രൂപ വീതം നൽകി പട്ടികജാതി കുടുംബങ്ങളുടെ വീട് വാസയോഗ്യമാക്കുന്നതിനായി തുടർച്ചയായ വർഷങ്ങളിൽ എസ്.സി.ഡി.ഒ പദ്ധതി നടപ്പിലാക്കുന്നുണ്ട്. 75000/- രൂപ അഡ്വാൻസ് നൽകി പണി പൂർത്തിയാക്കിയതിനു ശേഷം ബാക്കി തുക നൽകുകയാണ് ചെയ്യുന്നത്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന മൂന്ന് പേർ വിവിധ പ്രോജക്ടുകളിലായി അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നാളിതുവരെയായി പ്രവൃത്തി പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയതായി കാണുന്നില്ല.

ഗുണഭോക്താവിന്റെ പേര്	വാർഡ്	ആദ്യഗഡു കൈപ്പറ്റിയ തുക	കൈപ്പറ്റിയ തിയ്യതി
ജാനു.ടി.പി,തെക്കെപിലാത്തോട്ടം	3	75000	8.11.19
രാഘവൻ.പി.ടി,പുതുക്കോട്ട് താഴെ	15	75000	22.1.20
ബാലൻ,മഞ്ഞ്യാർക്കുനി	27	75000	22.1.20

മേൽ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കാൻ നടപടികൾ സ്വീകരിച്ച് വീട് വാസയോഗ്യമാക്കി അറിയിക്കേണ്ടതാണ്.

1-38 വസ്തുനികുതി നിർണ്ണയവും പിരിച്ചെടുക്കലും-കൃത്യത ഉറപ്പുവരുത്താനായില്ല.

കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2020-21 ലെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയവും നികുതി പിരിച്ചെടുക്കലും ആയതിന്റെ കൃത്യതയും പരിശോധിക്കുന്നതിനായി താഴെ കൊടുത്ത വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. മുനിസിപ്പൽ സെക്രട്ടറി 01.11.2019ലെ G1-2050/10 നമ്പർ ഉത്തരവ് പ്രകാരം തന്നിൽ നിക്ഷിപ്തമായ വസ്തുനികുതി സംബന്ധിച്ച ചുമതലകളും ഉത്തരവാദിത്വങ്ങളും അധികാരങ്ങളും റവന്യ ഇൻസ്പെക്ടർക്ക് ഏൽപ്പിച്ച് കൊടുത്തിട്ടുണ്ട്. ആയതു പ്രകാരം തന്നിൽ നിക്ഷിപ്തമായ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ, അധികാരങ്ങൾ എന്നിവയിൽ ഏതെല്ലാം റവന്യ ഇൻസ്പെക്ടർ തന്റെ കീഴിലുള്ള ജീവനക്കാർക്ക് ഏൽപ്പിച്ചു കൊടുത്തിട്ടുണ്ടെന്ന വിവരം (ഉത്തരവിന്റെ പകർപ്പ്)
2. മാന്വലായി പിരിച്ചെടുക്കുന്ന നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യുന്നതും ആയതിന്റെ മേൽനോട്ടവും സംബന്ധിച്ച വിവരങ്ങൾ.
3. സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള ലോഗിൻ ഏതെല്ലാം ജീവനക്കാർക്കാണ് അനുവദിച്ചിട്ടുള്ളതെന്നും യൂസർനെയിം പാസ്സ് വേർഡ് എന്നിവയുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരം.
4. വാർഡ് അടിസ്ഥാനത്തിലുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്റർ,റോഡ് മാസ്റ്റർ രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
5. വസ്തുനികുതി നിർണ്ണയവും ആയതിന്റെ കൃത്യതയും പരിശോധിക്കുന്നതിനായി ഓഡിറ്റർക്കുള്ള ലോഗിൻ ലഭ്യമാക്കിയില്ല.

എന്നാൽ മേൽ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ വസ്തുനികുതി നിർണ്ണയിച്ചതിന്റെയും പിരിച്ചെടുത്തതിന്റെയും കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

ഫയൽസൂക്ഷിപ്പിലെ അപാകതകൾ

ലഭ്യമാക്കിയ വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ ഫയലിനോടൊപ്പം സൂക്ഷിക്കേണ്ട ബിൽഡിംഗ് പെർമിറ്റും അനുബന്ധരേഖകളും സഞ്ചയയിൽനിന്നും ലഭിക്കുന്ന ഫോറം 6 ഉം സൂക്ഷിക്കുന്നില്ല. വസ്തുനികുതി നിർണ്ണയിക്കുമ്പോൾ എല്ലാ ഘടകങ്ങളും പരിഗണിക്കപ്പെട്ടു എന്ന് ഉറപ്പു വരുത്താൻ ഫയലിന്റെ അപൂർണ്ണതമൂലം സാധിച്ചിട്ടില്ല.

1-39 വസ്തുനികുതി കുടിശ്ശിക പെരുകുന്നു-കളക്ഷൻ ത്വരിതപ്പെടുത്തുന്നില്ല.

നഗരസഭയുടെ 2020-21 ലെ വർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള വസ്തുനികുതി ഇനത്തിലെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

ഹെഡ് ഓഫ് അക്കൗണ്ട്	വസ്തു നികുതി കുടിശ്ശിക ബാക്കി (വാർഷിക കണക്ക് പ്രകാരം) (₹)
വസ്തുനികുതി ജനറൽ (കറന്റ്)	6,858,729
വസ്തുനികുതി ജനറൽ (അരിയർ)	4,523,654
ആകെ	11,382,383

മേൽ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്കും, ഡിമാന്റ് രജിസ്റ്ററും , അരിയർ ഡിമാന്റ് രജിസ്റ്ററും, ഡി.സി.ബി സ്റ്റേറ്റുമെന്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക്

ഹാജരാക്കേണ്ടതും കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/23.07.22) മറുപടി ലഭിച്ചിട്ടില്ല. കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമല്ലാത്തതിനാലും ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി സ്റ്റേറ്റുമെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാലും കാലഹരണപ്പെട്ട തുകയുടെ മൂല്യം കണക്കാക്കുന്നതിന് സാധിച്ചിട്ടില്ല. തനത് വരുമാനം പിരിച്ചെടുക്കുന്നതിനായി ഓഡിറ്റ് വർഷമോ തുടർ വർഷങ്ങളിലോ ക്യാമ്പ് കളക്ഷൻ നടത്തിയിട്ടില്ല. തനത് വരുമാനം കുടിശ്ശികയായത് സംബന്ധിച്ച് കൃത്യമായി പരിശോധന നടത്തി, ഡിമാന്റ് നോട്ടീസ് നൽകി, ക്യാമ്പ് കളക്ഷൻ നടത്തി സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് ഭരണസമിതിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, തനത് വരുമാനത്തിൽ ചോർച്ചയില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-40 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരികൾക്കുംസംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ

കൊയിലാണ്ടി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരം രേഖപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെങ്കിലും ആയത് നാളിതുവരെ തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം തിട്ടപ്പെടുത്താനോ നിയമനടപടി സ്വീകരിക്കുവാനോ കഴിയില്ല.

നഗരസഭയിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം 2020-21 ൽ ആകെ 2267 പേർക്കാണ് ലൈസൻസുകൾ അനുവദിക്കപ്പെട്ടത്. നഗരസഭയിൽ ലൈസൻസിനായി അപേക്ഷിക്കുന്നവർക്ക് മാത്രം ലൈസൻസ് നൽകുകയാണ് ചെയ്യുന്നത്. സ്ഥാപനങ്ങളുടെ വിശദമായ ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ എത്ര സ്ഥാപനങ്ങളാണ് ലൈസൻസ് പരിധിക്ക് പുറത്തുള്ളത് എന്ന് കണ്ടെത്താനായിട്ടില്ല. ധാരാളം പേർ ലൈസൻസ് ഇല്ലാതെതന്നെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. നഗരസഭയ്ക്ക് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഇത് മൂലം ഉള്ളത്. മേൽ സാഹചര്യത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സെക്രട്ടറിയുടെ 16.9.19 ലെ G1/2050/11 നമ്പർ ഉത്തരവ് പ്രകാരം 1994ലെ മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 447 പ്രകാരവും ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരവും ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വിവരങ്ങൾ നിയമാനുസരണം ഓരോ മാസവും വർഷാവസാനവും ലിസ്റ്റുകൾ തയ്യാറാക്കി ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് വസൂലാക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.അതുപോലെ ലൈസൻസുകൾ, അനുവാദങ്ങൾ എന്നിവ വാങ്ങാതെ പ്രവർത്തിക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് (വകുപ്പ് 492) സെക്രട്ടറിക്കുള്ള അധികാരങ്ങളും ചുമതലകളും ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ സെക്രട്ടറി പ്രത്യേക ഉത്തരവ് വഴി തന്നിൽ നിക്ഷിപ്തമാക്കിയ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും ചുമതലകളും നിറവേറ്റുന്നതിൽ ഹെൽത്ത് ഇൻസ്പെക്ടർ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/27.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. തങ്ങളിൽ നിക്ഷിപ്തമാക്കപ്പെട്ട അധികാരങ്ങളും ഉത്തരവാദിത്വങ്ങളും ചുമതലകളും യഥാസമയം നിറവേറ്റി നഗരസഭാ ഫണ്ടിന് നഷ്ടം വരാത്ത രീതിയിൽ ലൈസൻസ് ഫീസ് പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-41 മത്സ്യമാർക്കറ്റ് -ലേലത്തുക മുഴുവൻ അടവാക്കിയില്ല

മുനിസിപ്പാലിറ്റിയുടെ മത്സ്യമാർക്കറ്റ് ഫീസ് പിരിവിന് ക്വട്ടേഷൻ പ്രകാരം ശ്രീ.അബ്ദുൾ അസീസ്, മേലേടത്ത് സമർപ്പിച്ച 81000 രൂപയുടെ ഓഫർ 28.3.20 ന് അംഗീകരിച്ച് 50% തുക അടവാക്കാൻ ആവശ്യപ്പെട്ട് 2.4.20 ന് കത്ത് നൽകിയിരുന്നു.

ലെഡ്ജർ പ്രകാരം ലേലത്തുക അടവാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	തിയ്യതി	തുക
1	6.4.20	12000
2	15.3.21	33500
3	30.3.21	25500
		71000

എന്നാൽ നാളിതുവരെ 71000/- രൂപയേ അടവാക്കിയിട്ടുള്ളൂ. ലേലത്തുകയിൽ 10000/- രൂപ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. ലേല ഫയൽ പരിശോധിച്ചതിൽ ശ്രീ.അസീസ് ലേലത്തുകയിൽ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 20.4.21 ന് അപേക്ഷ നൽകിയതായി കാണുന്നു. പ്രസ്തുത അപേക്ഷയ്ക്ക് നൽകിയ മറുപടി നോട്ടീസിൽ 1998 ലെ കേരള മുനിസിപ്പാലിറ്റി പാട്ടക്കാർക്കും ലൈസൻസിക്കും കിസ്തിളവ് അനുവദിക്കൽ ചട്ടങ്ങൾ (5) പ്രകാരം പാട്ടക്കരാറിലെ/ലൈസൻസിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കാതെയും പ്രസ്തുത വ്യവസ്ഥകൾ പ്രകാരമുള്ള മുഴുവൻ തുകയും നിശ്ചിത സമയത്തിനുള്ളിൽ അടയ്ക്കാതെയും കിസ്തിളവ് അനുവദിക്കുന്നതിനുള്ള യാതൊരു അപേക്ഷയും കൗൺസിൽ പരിഗണിക്കുവാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണെന്നും മേൽ സാഹചര്യത്തിൽ കുടിശ്ശികയായ ലേല തുക നഗരസഭയിൽ അടവാക്കി ഇളവ് അനുവദിക്കുന്നതിന് വേണ്ടി പ്രത്യേക അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് കൗൺസിൽ/സർക്കാർ ഉത്തരവിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ലേലത്തുക അടവാക്കുകയോ ഇളവ് അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലത്തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-42 A4 ഷീറ്റും ഫയൽ പാഡുകളും വാങ്ങിയത്-പൂർണ്ണമായും ഉപയോഗിച്ചിട്ടില്ല

ഫയൽ നം G1-17327/19-ഫയൽ പാഡ് പർച്ചേസ്

ഫയൽ നം G1-17756/19-A4 ഷീറ്റ് പർച്ചേസ്

ഓഡിറ്റ് വർഷത്തിൽ ഫയൽ പാഡുകളും A4 ഷീറ്റ് പേപ്പറുകളും വാങ്ങിയ ഇനത്തിൽ താഴെ പറയും പ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്. A4 ഷീറ്റ് പേപ്പർ ബണ്ടിലിന് 220/- രൂപ നിരക്കിൽ സ്റ്റുഡൻസ് ബുക്ക് സ്റ്റാൾ കൊയിലാണ്ടി എന്ന സ്ഥാപനത്തിൽ നിന്നും പേപ്പർ പാഡുകൾ ഒന്നിന് 24/- രൂപ നിരക്കിൽ വെൽബൗണ്ട് പേപ്പർ പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്.

<u>പേപ്പർ വാങ്ങിയതിന്റെ വിവരം</u>

ക്രമ നം	പാഡുകളുടെ/പേപ്പർ ബണ്ടിലുകളുടെ എണ്ണം	തുക	വൗച്ചർ നം
1	40	8800	
2	40	8800	
3	40	8800	
4	44	9200	
5	40	8800	2200700/13.11.20

6	40	8800	22001122/24.12.20
7	40	8800	22001379/16.2.21
ആകെ	284	62000	
ഫയൽ പാഡ് വാങ്ങിയതിന്റെ വിവരം			
1	1000	24000	22000710/17.11.20

മേൽ സാധനങ്ങൾ സ്ഥാപനത്തിൽ ലഭിച്ചതിന്റേയും വിതരണം ചെയ്തതിന്റേയും വിവരങ്ങളടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പേപ്പർ ബണ്ടിലുകൾ 111 എണ്ണവും ഫയൽ പാഡ് 335 എണ്ണവും മാത്രമേ വിതരണം ചെയ്തിട്ടുള്ളൂവെന്ന് കാണുന്നു. ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ വിശദീകരണം ആവശ്യപ്പെട്ടതിന് നല്കിയ മറുപടിയിൽ ഫയൽ പാഡുകൾ സെക്ഷനിൽ നല്കിയെന്നും തിരക്കുള്ള സമയങ്ങളിൽ ഒപ്പ് വയ്ക്കാൻ വിട്ടുപോയതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എ4 ഷീറ്റിന്റെ കാര്യത്തിൽ സെക്ഷനുകൾക്ക് നല്കുന്ന പേപ്പറുകൾ ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയെന്നും പ്രിന്ററിൽ നിന്നും പൊതുവായി ഉപയോഗിക്കുന്നവ ഇപ്രകാരം ചേർത്തില്ലെന്നും മറുപടി നല്കിയിട്ടുണ്ട്. ഈ മറുപടികൾ അംഗീകരിക്കാവുന്നതല്ല. പാഡിന്റെ കാര്യത്തിൽ 665 എണ്ണവും പേപ്പറിന്റെ കാര്യത്തിൽ 173 ബണ്ടിലും വിതരണം ചെയ്തത് രേഖപ്പെടുത്തുന്ന മറന്നതാണെന്നത് (രണ്ടിനത്തിലും 60 ശതമാനത്തിലധികം) സ്വീകാര്യമല്ല. ഇത്രയും സ്റ്റേഷനറികൾ വിതരണം ചെയ്യാത്തതിനാൽ ഇവ സ്ഥാപനത്തിൽ ലഭ്യമായിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആകയാൽ വിതരണം ചെയ്യാത്തവയുടെ ചെലവ് 50560/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

ക്രമ നം	ഇനം	ഇഷ്യൂ ചെയ്യാത്ത പേപ്പർ ബണ്ടിലുകളുടെ/പാഡുകളുടെ എണ്ണം	നിരക്ക്	തുക
1	പേപ്പർ	173	220	38060
2	ഫയൽ പാഡുകൾ	665	24	15960
ആകെ				54020

തുക ഉത്തരവാദികളായ സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട്, സെക്രട്ടറി എന്നവരിൽ നിന്നും തുല്യമായി ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2021-22 വർഷത്തിൽ 28.1.22 തീയതി വരെ 200 പേപ്പർ ബണ്ടിലുകൾ വാങ്ങിയിട്ടുണ്ട്. ഇതിൽ നിന്നും 63 എണ്ണം മാത്രമാണ് വിതരണം ചെയ്തു കാണുന്നത് എന്നതു ശ്രദ്ധയിൽ പെടുത്തുന്നു.

1-43 തെരുവ് വിളക്ക് പരിപാലനം(എ.എം.സി) പദ്ധതി നടത്തിപ്പിലെ അപാകതകൾ

കൊയിലാണ്ടി നഗരസഭാ പരിധിയിൽ തെരുവു വിളക്കുകളുടെ വാർഷിക പരിപാലനത്തിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ കൊടുത്ത പ്രവൃത്തികൾക്കായി, പ്രവൃത്തി ഏറ്റെടുത്ത വിവിധ കരാറുകാർക്ക് തുക കൈമാറിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	1	2	3
പ്രോജക്ടിന്റെ	തെരുവു വിളക്ക്	തെരുവു വിളക്ക്	തെരുവു വിളക്ക്

പേര്,നം.	പരിപാലനം എ.എം.സി - 61/21 New	പരിപാലനം എ.എം.സി -286/21 (SO)	പരിപാലനം എ.എം.സി - 367/21 (SO)
വകയിരുത്തിയതുക	25,00,000/- (CFC Grant)	384375/- (CFC Grant)	10,00,000/- (CFC Grant)
ചെലവുതുക, ബിൽ നം. ,തിയ്യതി	480683/-(363/ 11.11.20) 951366/-(634/ 24.3.21) 67637/-(507/ 26.2.21) 135275/-(700/ 29.3.21) 763000/-(694/ 29.3.21)	115625/-(175 /20.5.20) 231250/-(2/11.4.20)	954714/-(1 /11.4.20)
ആകെ ചെലവ്	2397961/-	346875/-	954714/-

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന തെരുവു വിളക്കുകളുടെ എണ്ണം, ഇനം, സ്ഥാപിച്ച സ്ഥലം എന്നിവ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടില്ല.
2. തെരുവു വിളക്കുകളുടെ എണ്ണം, ഇനം, സ്ഥാപിച്ച സ്ഥലം, സ്ഥാപിച്ച തിയ്യതി എന്നിവ കാണിക്കുന്ന തെരുവിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
3. പ്രവൃത്തി നടത്തുന്നതിനായി കെ.എസ്.ഇ.ബി.യിൽ നിന്നും അനുമതി വാങ്ങിയതായി കാണുന്നില്ല.
4. നിലവിലുള്ള തെരുവ് വിളക്കുകളുടെ വാറണ്ടി പരിശോധിക്കപ്പെടാതെയാണ് പ്രോജക്ട് തയ്യാറാക്കി ടെണ്ടർ നടപടികളുമായി മുന്നോട്ട് പോയിട്ടുള്ളത്.
5. ക്രമ നമ്പർ 2,3എന്നീ പ്രോജക്ടുകളുടെ ചെലവിനത്തിൽ യഥാക്രമം ശ്രീ സുനിൽകുമാർ,ശ്രീ ശിവാനന്ദൻ എന്നീ കരാറുകാർക്കാണ് മേൽ കാണിച്ച തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രോജക്ടുകളുടെ ടെണ്ടർ, കരാർ, കരാറുകാരൻ സമർപ്പിച്ച ബില്ലുകൾ, പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ടുകൾ, പരിശോധനാ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ക്രമ നമ്പർ 1,2 എന്നീ രേഖകളുടെ അഭാവത്തിൽ എങ്ങിനെയാണ് 1850 LED ബൾബുകളും 2417 CFL ലൈറ്റുകളുമാണ് മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്നത് എന്ന് കണക്കാക്കി കരാർ നൽകിയത് എന്ന് ഓഡിറ്റിന് വ്യക്തമാവുന്നില്ല. ഹൈമാസ്റ്റ്, ലോമാസ്റ്റ് വിളക്കുകളുടെ പരിപാലനം കെൽട്രോണിനെ ഏൽപ്പിക്കുന്നതിനു മുമ്പെ അവയുടെ വാറണ്ടി പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല. ഇത്രയും വലിയ തുകകൾ ചെലവഴിക്കുന്നതിനുമുമ്പെ സ്വീകരിക്കേണ്ട അടിസ്ഥാനപരമായ നടപടിക്രമങ്ങളൊന്നും പാലിക്കാതെ നിരുത്തരവാദപരമായാണ് തുക ചെലവഴിക്കപ്പെട്ടത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/27.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ വെളിച്ചത്തിൽ ചെലവു തുക 3699550/-രൂപ തടസ്സത്തിൽ വെക്കുന്നു. രേഖകളും മറുപടിയും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-44 സ്കൂളുകളിൽ സോളാർപാനൽ -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ടിന്റെ പേര്,നമ്പർ	സ്കൂളുകളിൽ സോളാർപാനൽ 82/21
വകയിരുത്തിയ തുക	15,00,000/-(MG-NR)
ചെലവുതുക, ബിൽനമ്പർ , തിയ്യതി	1422825/-(591/18.3.21)
നിർവ്വഹണോദ്യോഗസ്ഥൻ	പ്രിൻസിപ്പാൾ,ഗേൾസ് എച്ച്.എസ്.എസ്, കൊയിലാണ്ടി

നഗരസഭയിലെ വിവിധ സ്കൂളുകളിൽ സോളാർപാനൽ സ്ഥാപിച്ച് സ്ഥാപനത്തിനാവശ്യമായ വൈദ്യുതി സ്വയം കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. നഗരസഭയിലെ രണ്ട് സ്കൂളുകളിൽ (കൺസ്യൂമർ നമ്പർ-1166195003202-12kwp &1166196033343-18kwp)30 Kwp ശേഷിയുള്ള മോഡൽ-3 സൗര റൂഫ് ടോപ്പ് സോളാർ പാനൽ സ്ഥാപിക്കുന്നതിന് 1422825/- രൂപ KSEB യിൽ അടവാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.സാധ്യതാ പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2.ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി കെ.എസ്.ഇ.ബി.യെ ഏൽപ്പിച്ചെങ്കിലും എസ്റ്റിമേറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3.കെ.എസ്.ഇ.ബി.യുമായി കരാർ ചമച്ചിട്ടില്ല.

4.പണം അടവാക്കി ഒരു വർഷം നാല് മാസം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/21.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽബില്ലിന്റെ പകർപ്പും സോളാർ പാനൽ സ്ഥാപിച്ച സ്കൂളുകളുടെ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനു മുമ്പും ശേഷവുമുള്ള മൂന്ന് മാസത്തെ വൈദ്യുതിബില്ലും സഹിതം വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 1422825/-രൂപ തടസ്സത്തിൽവെക്കുന്നു.

1-45 പി.എം.എ.വൈ.ഭവനപദ്ധതി-ലക്ഷ്യം കൈവരിച്ചില്ല.

2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ 2016 ഏപ്രിൽ 1 മുതൽ പ്രധാനമന്ത്രി ആവാസ് യോജന എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിൽ ഇപ്പോൾ ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി പൊതു, പട്ടികജാതി വിഭാഗക്കാർക്ക് നാല് ലക്ഷം രൂപ വീതം സഹായം നൽകുന്നുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ നഗരസഭയുടെ ഇടപെടൽ കാര്യക്ഷമമല്ല.

കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ ഭവനനിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതി ചുവടെ കൊടുക്കുന്നു.

DPR NO.	ഗുണഭോക്താക്കളുടെ എണ്ണം	ഗുണഭോക്താക്കളുടെ എണ്ണം (പുതുക്കിയത്)	ബിൽഡിംഗ് പെർമിറ്റ് ലഭിച്ചത്	കരാർ ചമച്ചത്	ഒന്നാം ഗഡു കൈപ്പറ്റിയവർ	രണ്ടാം ഗഡു കൈപ്പറ്റിയവർ	മൂന്നാം ഗഡു കൈപ്പറ്റിയവർ	നാലാം ഗഡു കൈപ്പറ്റിയവർ	കരാർ ചമക്കാത്തവർ
1	633	527	509	509	508	498	477	400	18

2	274	163	141	141	141	133	126	86	22
3	39	27	26	26	26	22	20	16	1
4	136	127	116	116	116	114	108	76	11
5	244	220	182	182	177	150	129	21	38
6	1	1	0	0	0	0	0	0	1
7	45	44	23	23	0	0	0	0	21
8	144	144	16	16	0	0	0	0	128
Total	1516	1253	1013	1013	968	917	860	599	240

മേൽ ഡി.പി.ആർ. പ്രകാരം 1253 പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 1013 പേർ മാത്രമാണ് ഭവന നിർമ്മാണത്തിനായി കരാർ ചമച്ചിട്ടുള്ളത്. ലിസ്റ്റിലുൾപ്പെട്ട 240 പേർ ഇതുവരെയും കരാർ വെച്ചിട്ടില്ല.

കരാർ ചമച്ച 1013 ഗുണഭോക്താക്കളിൽ 599 പേർ മാത്രമാണ് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. (59%) ഒന്നാം ഡി.പി.ആറിൽ ഉൾപ്പെട്ടവർ പോലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ നഗരസഭ ഏറെ പിന്നിലായതായി മേൽ കണക്കുകളിൽ നിന്നും വ്യക്തമാകുന്നതാണ്.

2.രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല .

ആയിരത്തിലധികമുള്ള പി.എം.എ.വൈ. ഗുണഭോക്താക്കൾക്ക് വിവിധ ഘട്ടങ്ങളിലായി നൽകിയ തുകയുടെ വിവരം കാണിക്കുന്ന രജിസ്റ്ററിന്റെ സൂക്ഷിപ്പ് ശരിയായ രീതിയിലല്ല. ഓരോ ബില്ലിൽ നിന്നും ഓരോ ഗുണഭോക്താക്കൾക്കും അനുവദിച്ച തുകകൾ രജിസ്റ്ററിലേക്ക് ഒത്തുനോക്കാൻ കഴിയുന്ന രീതിയിലല്ല രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്. ആയതുകൊണ്ടുതന്നെ ചെലവിന്റെ കൃത്യത പരിശോധിച്ചുറപ്പുവരുത്താനായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കരാർ ചമക്കാത്ത 240 പേരിൽ പകുതിയിലേറെപ്പേരും 7,8 ഡി.പി.ആറുകളിൽ പെട്ടവരാണെന്നും മറ്റ് ഡി.പി.ആറുകളിൽപെട്ട 91 പേർ മാത്രമാണ് കരാർ ചമക്കാനുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. എല്ലാ ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും രജിസ്റ്ററുകൾ ഓഡിറ്റ് നിർദ്ദേശപ്രകാരം തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-46 ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

അക്കൗണ്ട്സിലെ ബാലൻസ് ഷീറ്റ് ബി 7 പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 4,87,31,408/-രൂപ അവശേഷിക്കുന്നുണ്ട്. എന്നാൽ ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച വിശദ വിവരങ്ങൾ മുൻവർഷത്തെ ബാലൻസ് തുക, തൻവർഷം ലഭിച്ച തുക, തൻവർഷത്തെ ബാലൻസ് തുക എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നില്ല.

രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ബാലൻസ് ഷീറ്റ് ബി 7 നിലെ വിവിധ ഹെഡുകളിലായി (Auction Deposit ,EMD,retention) വരവ് വരുന്ന തുകകൾക്ക് അതാത് സെക്ഷനുകളിൽ രജിസ്റ്ററുകൾ സൂക്ഷിച്ചുവരുന്നുണ്ടെന്നും വിവിധ സെക്ഷനുകളിലെ രജിസ്റ്ററുകൾ പരിശോധിച്ച് സംക്ഷിപ്തം സഹിതം ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയെങ്കിലും ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-47 അഡ്വാൻസ് തുകകൾ ക്രമീകരിച്ചില്ല

1. ഫെസ്റ്റിവൽ അഡ്വാൻസ്

2019-20 വർഷം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ജീവനക്കാർക്ക് തുക അനുവദിച്ചിരുന്നു. എന്നാൽ താഴെ പറയുന്ന ജീവനക്കാർ തുക പൂർണ്ണമായും തിരിച്ചടച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

ക്രമ നം.	പേര്	അഡ്വാൻസ് തുക	ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
1	ഷാജു.വി	15000	6000
2	ഉണ്ണി.വി.എം	15000	15000
3	ശ്യാംജിത്ത്	5000	2000

മുൻകൂർ നൽകിയ തുക നാളിതുവരെ മുനിസിപ്പാലിറ്റി ഫണ്ടിലേക്ക് തിരിച്ചടയ്ക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

2. മിസലേനിയസ് അഡ്വാൻസ്

മേൽ ഇനത്തിൽ രജിസ്റ്റർ പ്രകാരം 964591 രൂപ ക്രമീകരിക്കാനുണ്ട്. എന്നാൽ അക്കൗണ്ട്സ് പ്രകാരം (ബാലൻസ് ഷീറ്റ് ബി 18-460100700) 960139 രൂപയാണ് ക്രമീകരിക്കാനുള്ളത്.

മിസലേനിയസ് അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2004-05 മുതൽക്കുള്ള അഡ്വാൻസ് തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. നിലവിൽ ക്രമീകരിക്കാനുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	വർഷം	ക്രമീകരിക്കാൻ അവശേഷിക്കുന്ന അഡ്വാൻസ് തുക
1.	2004-05	235441
2.	2005-06	28500
3.	2006-07	12000
4.	2007-08	500

5.	2008-09	20000
6.	2009-10	25900
7.	2010-11	56000
8.	2011-12	10000
9.	2012-13	155000
10.	2015-16	25000
11.	2016-17	16250
12.	2018-19	15000
13.	2019-20	40548
14.	2020-21	300000
ആകെ		940139

മേൽ തുകകൾ ക്രമീകരിക്കാത്തതിന് കാരണം വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള ബാലൻസ് തുകയായ 964591/- രൂപയിൽ ശ്രീമതി.ഷീബ.ടി.കെ , ജെ.എച്ച്.ഐ ഗ്രേഡ്-1 ന് അനുവദിച്ച അഡ്വാൻസ് തുകയുടെ ചെലവഴിക്കാത്ത തുകയായ 1452/- രൂപ 120010117597 തിയ്യതി 12.3.21 പ്രകാരവും 3000/- രൂപ 120010102557 തിയ്യതി 3.7.2020 പ്രകാരവും 460100700-miscellaneous Advance എന്ന ഹെഡിലേക്ക് അടവാക്കിയതിനാലാണ് Miscellaneous Advance ലെഡ്ജറിൽ 4452/- രൂപ അധികമായി വന്നത് എന്നും പ്രസ്തുത അഡ്വാൻസുകൾ 2021-22 വർഷത്തിൽ ക്രമീകരിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2004-05 മുതൽ ക്രമവത്ക്കരിപ്പെടാതെ രജിസ്റ്ററിൽ അവശേഷിച്ചിട്ടുള്ള മുൻകൂറുകളിൽ നിലവിൽ വിവിധ നഗരസഭകളിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് അറിയിപ്പ് നൽകിയിട്ടുള്ളതും തുടർനടപടികൾ സ്വീകിച്ചുവരുന്നതുമാണ്. വിരമിച്ചിട്ടുള്ളതോ, മരണപ്പെട്ടതോ ആയ വ്യക്തികളിൽ നിന്നും മുൻകൂറുകൾ ക്രമവത്കരിക്കുന്നതിനാവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വാൻസ് തുകകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

1-48 കെട്ടിട നിർമ്മാണ നിയന്ത്രണം- ചുമതലാ നിർവ്വഹണത്തിൽ വീഴ്ച

2020-21 വർഷത്തിൽ കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട് നഗരസഭയിൽ ലഭ്യമായ അപേക്ഷകളിന്മേൽ പ്രാഥമിക പരിശോധന നടത്തിയതിൽ, ലഭ്യമാകുന്ന അപേക്ഷകളിൽ ഭൂരിഭാഗവും കെട്ടിട നിർമ്മാണ ക്രമവത്കരണത്തിനുള്ളവയാണെന്നത് ബോധ്യപ്പെട്ടിട്ടുണ്ട്. അനുമതിയില്ലാതെ നിർമ്മിച്ചതും ഘടനാപരമായി മാറ്റം വരുത്തിയതുമായ കെട്ടിടങ്ങളുടെ ക്രമവത്കരണ അപേക്ഷയാണ്

നഗരസഭയിൽ ലഭ്യമാവുന്നത്. ഫീൽഡ് തല പരിശോധനയിലൂടെ ഇത്തരം കെട്ടിടങ്ങളെ നിർമ്മാണ ആരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തുകയും ഇപ്രകാരം പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങൾ വ്യവഹാരങ്ങൾ ഉൾപ്പെടെയുള്ള സങ്കീർണ്ണതകളിലേക്ക് സ്ഥാപനത്തെ എത്തിച്ചിട്ടുണ്ട്.

ദേശീയ പാത കടന്നുപോകുന്ന നഗരസഭ നേരിടുന്ന പ്രധാന പ്രശ്നം ഗതാഗത സ്തംഭനമാണ്. കെട്ടിടങ്ങളുടെ പാർക്കിംഗ് ഏരിയയിൽ ഉൾപ്പെടെ അനധികൃത നിർമ്മാണം നടത്തിയതും മതിയായ പാർക്കിംഗ് സൗകര്യം ഇല്ലാതെ കെട്ടിടങ്ങൾ നിർമ്മിച്ചതും സംബന്ധിച്ച ഉദാഹരണങ്ങൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. മേൽ കെട്ടിടങ്ങളുടെ ഉടമകൾക്കെതിരെ കെ.എം.ബി.ആർ, കേരള നഗരപാലികാ നിയമം എന്നിവ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 21 ൽ 50 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളിൽ സെക്രട്ടറി ഒക്യുപൻസി അനുവദിച്ച് രണ്ട് വർഷത്തിനുള്ളിൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ കഴിഞ്ഞ മൂന്ന് വർഷകാലയളവിനുള്ളിൽ സെക്രട്ടറി കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തത് പ്രകാരമുള്ള ഒരു പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ല. ഇത് മൂലം ഒക്യുപൻസി അനുവദിക്കപ്പെട്ടതിന് ശേഷം കെട്ടിടത്തിൽ വരുത്തുന്ന വ്യതിയാനങ്ങളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടി സ്വീകരിക്കുന്നതിന് നഗരസഭക്ക് സാധിക്കുന്നില്ല.

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിക്കേണ്ടതും പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-49 ഓഡിറ്റിന് ഡിജിറ്റൽ ഡാറ്റ ലഭ്യമാക്കുന്നില്ല.

1. ഓഡിറ്റിന് ലോഗിൻ സൗകര്യം ലഭ്യമല്ല .

നഗരസഭയിലെ വസ്തുനികുതി, കെട്ടിട നിർമ്മാണ നിയന്ത്രണം, കണക്കുകളുടെ സൂക്ഷിപ്പ് എന്നിവയുമായി ബന്ധപ്പെട്ട സഞ്ചയ, സങ്കേതം, സാംഖ്യ സോഫ്റ്റ്‌വെയറുകളിൽ ഓഡിറ്റിന് ലോഗിൻ സൗകര്യം ഒരുക്കിയിട്ടില്ല. ഇക്കാരണത്താൽ തന്നെ ഓഡിറ്റിന് ലഭ്യമാക്കുന്ന ഹാർഡ് കോപ്പികളുടെ ആധികാരികത ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നില്ല . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയറിൽ ഓഡിറ്റിന് ലോഗിൻ ലഭ്യമല്ലാത്തതിനാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകളുടെ ഹാർഡ് കോപ്പിയും സോഫ്റ്റ്‌വെയറിലെ ലൈവ് ഡാറ്റയും തമ്മിൽ പൊരുത്തപ്പെടുത്തി പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. ഫോറം 6 ഉൾപ്പെടെയുള്ളവ പ്രിന്റ് എടുത്തതിന് ശേഷം സോഫ്റ്റ്‌വെയറിൽ വരുത്തുന്ന മാറ്റങ്ങൾ പരിശോധിക്കുന്നതിലേക്ക് ഓഡിറ്റിന് ലോഗിൻ അനിവാര്യമാണ്. ഇത്തരത്തിൽ സോഫ്റ്റ്‌വെയറിലെ ഡാറ്റയിൽ അനധികൃതമായ തിരുത്തലുകൾ വരുത്തി ക്രമക്കേട് നടത്തുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. എന്നാൽ സോഫ്റ്റ്‌വെയറിലേക്കുള്ള പ്രവേശനം ലഭ്യമല്ലാത്തതിനാൽ ഇത്തരത്തിലുള്ള ക്രമക്കേടുകളുടെ സാധ്യത ഓഡിറ്റിന് പരിശോധിക്കാനാവുന്നില്ല. സാംഖ്യ, സങ്കേതം സോഫ്റ്റവെയറുകളുടെ കാര്യത്തിലും സമാനമായ അപാകത നിലനിൽക്കുന്നു.

2. നഗരസഭാ വെബ്സൈറ്റ് സുതാര്യത ഉറപ്പാക്കുന്നില്ല .

നഗരസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലോക്കൽ ക്വട്ടേഷനുകൾ, ലേലങ്ങൾ എന്നിവയുടെ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. വിവിധ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ്, അറിയിപ്പുകൾ എന്നിവ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. ഓഡിറ്റ് തിയ്യതി വരെയും നഗരസഭയിൽ സൂചിക (ബാക്ക് ഓഫീസ്) വിന്യസിച്ചിട്ടില്ല. സൂചിക വിന്യസിക്കുന്ന പക്ഷം ഫയലിലെ നടപടിക്രമങ്ങൾ നിരീക്ഷിക്കുന്നതിന് പൊതുജനങ്ങൾക്ക് സാധിക്കുന്നതാണ്. ഇത് ഭരണനിർവ്വഹണത്തിലെ സുതാര്യത ഉറപ്പ് വരുത്തുകയും

ചെയ്യുന്നതാണ്.

അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റർക്കുള്ള ലോഗിൻ തയ്യാറാക്കി നൽകുന്നതിന് ഐ.കെ.എമ്മിനോട് ആവശ്യപ്പെടേണ്ടതും സൂചിക വിന്യസിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നഗരസഭാ വെബ്സൈറ്റ് കാലികമാക്കേണ്ടതും ഗുണഭോക്തൃ പട്ടിക, ട്രേഡേഴ്സ് ലിസ്റ്റ്, ലോക്കൽ ക്വട്ടേഷൻ, ലേലം, മറ്റ് അറിയിപ്പുകൾ എന്നിവ വെബ്സൈറ്റ് മുഖേന പൊതുജന സമക്ഷം പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

ഭാഗം -2

വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 പുളിയഞ്ചേരികുളം മണ്ണ് നീക്കം ചെയ്യൽ- നഗരസഭാ ഫണ്ടിന് 676260 രൂപ നഷ്ടം

ഫയൽ നം- H1-1562/2020

ഫയൽ നം- PW1-2562/2020.

കൊയിലാണ്ടി നഗരസഭയുടെ ആസ്തിയായ 3-ാം വാർഡിലെ പുളിയഞ്ചേരികുളം എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നീന്തൽകുളമായി മാറ്റിയ പദ്ധതിയുടെ ഭാഗമായി കുളത്തിൽ നിന്നും മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ 19.02.2020 ലെ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മണ്ണ് ലേലം ചെയ്യുന്നതിലേക്കായി 06.03.2020 ലെ H1-1562/2020 നമ്പർ നോട്ടീസ് പ്രകാരം നഗരസഭാ ആരോഗ്യവിഭാഗം 12.03.2020 തിയ്യതിയിൽ ക്വട്ടേഷൻ സ്വീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡിന് (100 ക്യൂബിക് ഫീറ്റ് ഒരു ലോഡ് എന്ന നിലയിലാണ് കരാറുകാർ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത്.) ഏറ്റവും ഉയർന്ന നിരക്കായ 700 രൂപ ക്വാട്ട് ചെയ്തത് അബ്ദുൾ സമദ്, ബൈദുൽ മിലാദ് എന്നവരായിരുന്നു. 495 രൂപ ക്വാട്ട് ചെയ്ത ശ്രീ. സുനിൽകുമാർ എന്നവർ ശ്രീ.അബ്ദുൾ സമദ് നിശ്ചിത സമയപരിധിക്ക് ശേഷമാണ് ക്വട്ടേഷൻ സമർപ്പിച്ചത് എന്ന് ചൂണ്ടികാട്ടി പരാതി സമർപ്പിച്ചിട്ടുണ്ട്. പരാതിയിൽ ടിയാൻ 730 രൂപ നിരക്കിൽ കരാർ ഏറ്റെടുക്കാൻ തയ്യാറാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ 28.05.2020 ൽ പുനർ ക്വട്ടേഷൻ നടത്തിയതിൽ ശ്രീ സുനിൽ കുമാർ 1102 രൂപ ക്വാട്ട് ചെയ്യുകയും ആയത് നെഗോസിയേഷൻ നടത്തി 1105 രൂപയാക്കി 29.05.2020 ലെ H1-1562/2020 നമ്പർ വർക്ക് ഓർഡർ പ്രകാരം മണ്ണ് എടുത്ത് മാറ്റുന്നതിന് കരാറുകാരന് അനുമതി നൽകുകയും, നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് പരിശോധിക്കുന്നതിന് ഓവർസിയറായ ശ്രീമതി.ശ്രീലമോൾ എന്നവരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ 29.05.2020 തിയ്യതിയിൽ 100 ലോഡിന്റെ തുകയായ 110500 രൂപ നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. മണ്ണ് ലേലം ചെയ്ത് വിൽപന നടത്തുന്നതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. എം.എൽ.എ ഫണ്ടുപയോഗിച്ച് പൂർത്തിയാക്കിയ പുളിയഞ്ചേരികുളം പുനരുദ്ധാരണം പ്രവൃത്തിയുടെ വർക്ക് സ്ലിപ് പരിശോധിച്ചതിൽ നിന്നും എസ്റ്റിമേറ്റിലെ 3, 4 എന്നീ ഇനങ്ങൾ പ്രകാരം കുളത്തിൽ നിന്നും 2277.54 ക്യൂബിക് മീറ്റർ (80430.56 ക്യൂബിക് ഫീറ്റ്) മണ്ണ് ഖനനം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ E6 പ്രകാരം 259.98 ക്യൂബിക് മീറ്റർ മണ്ണ് ഫില്ലിംഗിന് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഖനനം ചെയ്തതിൽ 2017.56 ക്യൂബിക് മീറ്റർ മണ്ണ് അവശേഷിക്കുന്നുണ്ട്. എന്നാൽ 100 ലോഡ് (ആകെ 283.16 ക്യൂബിക് മീറ്റർ) നീക്കം ചെയ്തതിനുള്ള തുക മാത്രമെ നഗരസഭ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുള്ളൂ. വർക്ക് സ്ലിപ്

പ്രകാരം കുളത്തിൽ നിന്നും ഖനനം ചെയ്ത 712 ലോഡിൽ (2017.56 ക്യൂബിക് മീറ്റർ) 612 ലോഡ് മണ്ണിന്റെ തുക നഗരസഭാ ഫണ്ടിൽ അടവാക്കപ്പെട്ടിട്ടില്ല.

2. മണ്ണ് ലേലം ചെയ്തിരിക്കുന്നത് ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിലാണ്. അളവ് രേഖപ്പെടുത്തുന്നതിന് സാങ്കേതിക വൈദഗ്ധ്യമില്ലാത്തവരും, കോവിഡ് പ്രതിരോധ- ആരോഗ്യ പ്രവർത്തനങ്ങൾക്ക് വേണ്ടി ചുമതലപ്പെട്ടവരുമായ ജെ.എച്ച്.ഐ ഷീബയെ ആണ്, ഹെൽത്ത് ഇൻസ്പെക്ടർ മണ്ണിന്റെ അളവ് പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. പരിശോധന നടത്തി " ഏകദേശം 100 ലോഡ് മണ്ണുണ്ട് " എന്നാണ് JHI റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സാങ്കേതിക ജ്ഞാനമുള്ള ഒരു എഞ്ചിനീയർ നീന്തൽ കുളം നിർമ്മാണ പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ 2277.54 ക്യൂബിക് മീറ്റർ മണ്ണ് കുളത്തിൽ നിന്നും ഖനനം ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ രേഖ നിലനിൽക്കെ, സാങ്കേതിക പരിജ്ഞാനമില്ലാത്ത JHI യുടെ റിപ്പോർട്ടിന്റെ സാംഗത്യം വ്യക്തമല്ല. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചത് നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്.

3. നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് നിരീക്ഷിക്കുന്നതിന് ഓവർസിയറായ ശ്രീമതി.ശ്രീലമോൾ എന്നവരെ ചുമതലപ്പെടുത്തിയതായി സെക്രട്ടറി പുറപ്പെടുവിച്ച വർക്ക് ഓർഡറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സൈറ്റിൽ നിന്നും നീക്കം ചെയ്ത മണ്ണിന്റെ അളവ് / ലോഡിന്റെ എണ്ണം സംബന്ധിച്ച ഓവർസിയറുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

4. ഫയൽ നം- PW1-2562/2020 പ്രകാരം നീക്കം ചെയ്ത മണ്ണിന്റെ വിലയും ഗ്രഡേഷൻ/ക്വാളിറ്റിയും നിശ്ചയിക്കുന്നതിന് ഗവ.എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാളിനോട് 24.02.2020 തിയ്യതിയിൽ PW1/93A/20 നമ്പർ കത്ത് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി 13.05.2020 തിയ്യതിയിൽ 5000 രൂപ ഫീ ഇനത്തിൽ നഗരസഭ അടവാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിലും ആയത് പരിഗണിക്കാതെ ആരോഗ്യ വിഭാഗത്തിൽ ലേലത്തിന്റെ തുടർ നടപടികൾ സ്വീകരിച്ച് മണ്ണ് നീക്കം ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്.

25.07.2022 തിയ്യതിക്കകം അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് 22.07.2022 തിയ്യതിയിൽ നൽകിയ 16-ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് പ്രകാരം 712 ലോഡ് മണ്ണിന് 786760 രൂപ നഗരസഭക്ക് ലഭിക്കേണ്ടതാണ്. എന്നാൽ 110500 രൂപ മാത്രമെ നഗരസഭാ ഫണ്ടിൽ അടവാക്കപ്പെട്ടിട്ടുള്ളൂ. 676260 രൂപയാണ് നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായിട്ടുള്ളത്.

മണ്ണ് പരിശോധന നടത്തുന്നതിനും മൂല്യം നിർണ്ണയിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ 20.03.2020 തിയ്യതിയിൽ ഫയൽ നം- PW1-2562/2020 പ്രകാരം സാങ്കേതിക വിഭാഗത്തിൽ ആരംഭിച്ച ഘട്ടത്തിലും 28.05.2020 തിയ്യതിയിൽ ഖനനം ചെയ്ത മണ്ണിന്റെ അളവ്, മൂല്യം എന്നിവ പരിഗണിക്കാതെ ആരോഗ്യ വിഭാഗം ക്വട്ടേഷൻ നടപടി സ്വീകരിച്ചതും മണ്ണ് നീക്കം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ ഓവർസിയറുടെ മേൽനോട്ടം ഉറപ്പ് വരുത്തി റിപ്പോർട്ട് ലഭ്യമാക്കാത്തതും വീഴ്ചക്ക് കാരണമായിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ, സെക്രട്ടറി എന്നിവർ ചുമതലാ നിർവ്വഹണത്തിൽ വരുത്തിയ വീഴ്ചയാണ് നഷ്ടത്തിന് കാരണമായിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ചുമതലാപരമായ പങ്ക് വഹിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. നഷ്ടതുക സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ എന്നവരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഫർണിച്ചർ ലഭിക്കാതെ പണം നൽകി-നഗരസഭാ ഫണ്ടിന് നഷ്ടം

പ്രോജക്ടിന്റെ പേര്, നമ്പർ	ആയുർവേദ ആശുപത്രി ഫർണ്ണിഷിംഗ് 554/21
വകയിരുത്തിയതുക	300,000/-(MG-NR)
ചെലവുതുക, ബിൽനമ്പർ, തിയ്യതി	299995/-(350/11.11.20)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ആയുർവേദ ആശുപത്രിക്ക് ആവശ്യമായ ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ആർട്കോ ലിമിറ്റഡിൽ നിന്നും (Invoice No:KKD/276/10.11.20) ടെണ്ടർ കൂടാതെ വിവിധ ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. ആശുപത്രിയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ഇൻവോയ്സ് പ്രകാരം വാങ്ങിയ 200 ഫൈബർ ചെയറുകളിൽ 100 എണ്ണവും അലൂമിനിയം ലാഡറും ആശുപത്രിക്ക് ലഭിച്ചിട്ടില്ല. ഫർണ്ണിച്ചർ ലഭിക്കാതെ പണം നൽകി നഗരസഭാ ഫണ്ടിന് നഷ്ടം വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/21.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. 22.07.22ന് 10 മണിക്ക് ഓഡിറ്റ് ടീം ആയുർവേദ ആശുപത്രിയിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ പ്രോജക്ട് പ്രകാരം വാങ്ങിയതായി പറയുന്ന സുപ്രീം കമ്പനിയുടെ 200 കസേരകളിൽ 97 കസേരകൾ നേരിൽ കാണുകയും അലൂമിനിയം ലാഡർ ആശുപത്രിയിൽ ലഭിച്ചിട്ടില്ല എന്ന ബോധ്യപ്പെടുകയും ചെയ്തു. ആശുപത്രിക്ക് ലഭിക്കാത്ത സാധനങ്ങളുടെ വിലവിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ഇനം	നൽകിയ തുക
1	FCGQ-FIBRE CHAIR (100എണ്ണംx713.90=71390) GST ഉൾപ്പെടെ	71390
2	ALUMINIUM LADDER	5546
	TOTAL	76936

സാധനങ്ങൾ ലഭിക്കാതെ പണം ചെലവഴിച്ചയിനത്തിൽ നഗരസഭക്ക് നഷ്ടം വന്ന 76936/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

സ്റ്റോക്കിലെടുത്ത 100 കസേരകളിൽ 3 എണ്ണം കാണാതായത് സംബന്ധിച്ച് ആയുർവേദ ഡോക്ടറിൽ നിന്നും ആർട്കോ നേരിട്ട് ഉത്പാദിപ്പിക്കാത്ത സുപ്രീം ബ്രാന്റിലുള്ള കസേരകൾ ടെണ്ടർ കൂടാതെ വാങ്ങിയതിന് സെക്രട്ടറിയിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

3-2 സഹയോഗ് കുടുംബശ്രീ ഗ്രീൻ കവർ യൂണിറ്റ് -പദ്ധതി നടത്തിപ്പിലെ ക്രമക്കേട് വഴി ചെലവഴിച്ച തുകയിൽ 80195 രൂപ യൂണിറ്റിന് ഉപകാരപ്പെട്ടില്ല.

പ്രോജക്ട് നം-550-20-21

ചെലവ്-195800/-(ട്രഷറി ബിൽ നം-326/11-11-20)

നിർവ്വഹണം -ഹെൽത്ത് ഓഫീസർ

ഗ്രീൻകവർ(തുണി സഞ്ചി) നിർമ്മാണത്തിന് ആവശ്യത്തിന് സംവിധാനങ്ങൾ ഒരുക്കുന്നതിനായി നിലവിലുള്ള ഹരിത കർമ്മസേനയിൽ നിന്നും താൽപര്യമുള്ള 5മുതൽ10വരെ പേരെ ചേർത്ത് യൂണിറ്റ് രൂപീകരിക്കുന്നതിനും, ഹരിത കർമ്മസേനയെ സ്വയം പര്യാപ്തമാക്കുന്നതിന് ഉതകും വിധത്തിൽ തുണിസഞ്ചി നിർമ്മാണം ആരംഭിക്കുന്നതിനുമാണ് പദ്ധതി രൂപീകരിച്ചത്. യൂനിറ്റിനാവശ്യമായ

തയ്യൽമെഷീൻ, ടേബിൾ, റാക്ക്, തുണി ഇവ വാങ്ങി നൽകുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ കോസ്റ്റൽ ഫർണ്ണിച്ചർ ഇൻഡസ്ട്രീസ്, കടലുണ്ടിയുടെ ഇൻവോയ്സ് നം-19/13-6-20 പ്രകാരം 98234/- രൂപയ്ക്ക് യൂനിറ്റിനാവശ്യമായ ഫർണിച്ചറുകളും തുണിയും, ഇൻവോയ്സ് നം-20/13-6-20 പ്രകാരം 98000/-രൂപയ്ക്ക് 10 ഹൈസ്പീഡ് തുന്നൽ മെഷീനുകളും വാങ്ങിച്ച ഇനത്തിലുള്ള 196234 രൂപയിൽ ആകെ 195800 ബിൽ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസ്, കടലുണ്ടിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനായി ചെയർമാൻ നൽകിയ മുൻകൂർ അനുമതി 19-03-20 ലെ കൗൺസിൽ സാധൂകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. എന്നാൽ കോസ്റ്റൽ ഫർണിച്ചർ സാധനങ്ങൾക്കായി ക്വാട്ട് ചെയ്ത തുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ ബിൽ പ്രകാരം അനുവദിച്ച തുകയും താഴെ പറയും പ്രകാരമാണ്.

ഇനം	ക്വാട്ട് ചെയ്ത നിരക്ക്	അനുവദി ക്കേണ്ട തുക ജി.എസ്.ടി. ഉൾപ്പെടെ	വാങ്ങിയ നിരക്ക്	വാങ്ങിയ എണ്ണം	അനുവദിച്ച തുക ജി.എസ്.ടി. ഉൾപ്പെടെ	ഇൻവോയ്സ് നം	അധികം നൽകിയ തുക
സ്റ്റീൽ ടേബിൾ വിത്ത് വുഡൻടോപ്പ്	10000+ GST (18%)	11800	12058.82 GST	1	14229.40	19/13-07-20 85877 CGST9%-5183 SGST9%-5183 CGST2.5%-707.21 SGST2.5%-707.21 KFC-575.90 Round Off-(-1)0.13 ആകെ-98234	2429
ഓഫീസ് ടേബിൾ	6500+ GST(18%)	7670	7075.63 GST	1	8349.24		679
സ്റ്റീൽ റാക്ക്	12500 + GST(18%)	29500	14689.08 GST	2	34666.22		5166

വുഡൻ സ്റ്റൂൾ	700+ GST(18%)	9912	756.40 GST	12	10710.62		798
തുണി	600+GST		44.76	632 മീറ്റർ	29702.73		
തയ്യൽമെഷീൻ	8000+ GST (12%)	89600	8750+ GST	10	98000	20/13-07-20 87500 CGST-5250 SGST-5250 ആകെ-98000/-	8400

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന ക്രമക്കേടുകൾ നടന്നതായി കാണുന്നു.

1. ഇൻവോയ്സ് നം 20/13-07-20 പ്രകാരം വാങ്ങിയ 10 ഹൈസ്പീഡ് തയ്യൽ മെഷീനുകൾ സ്റ്റോക്ക് രജിസ്റ്റർ പേജ് 69 പ്രകാരം സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും 29-07-22ന് നടത്തിയ സ്ഥലപരിശോധനാസമയത്ത് യൂണിറ്റിൽ കാണാൻ കഴിഞ്ഞത് പുതിയ 5 ഹൈസ്പീഡ് തയ്യൽ മെഷീനുകളും ഒരു ഓവർലോക്ക് മെഷീനും രണ്ട് സാധാരണ തയ്യൽ മെഷീനുകളും മുൻപ് യൂണിറ്റ് അംഗങ്ങളുടെ കൈവശം ഉണ്ടായിരുന്ന 2 സാധാരണ മെഷീനുകളും ഉൾപ്പെടെ ആകെ 10 മെഷീനുകളാണ്. ഇവയിൽ തന്നെ പുതിയ രണ്ട് സാധാരണ മെഷീനുകളിൽ ഒന്നിന്റെ ഫ്രെയിമിൽ പഴയ ഒരു തയ്യൽ മെഷീൻ മാറ്റി ഫിറ്റ് ചെയ്ത് ഉപയോഗിച്ചുവരുന്ന നിലയിലുമാണ്. വിതരണ ഏജൻസിയായ കേസ്റ്റൽ ഫർണ്ണിച്ചറിന്റെ 20/13-07-20 ഇൻവോയ്സ് പ്രകാരം ഒരു ഹൈസ്പീഡ് മെഷീന് GST ഉൾപ്പെടെ 9800 രൂപ പ്രകാരം ആകെ 98000 രൂപ നൽകിയിട്ടുണ്ട് എന്നിരിക്കെ വാങ്ങിയ 5 ഹൈസ്പീഡ് മെഷീനുകൾ യൂണിറ്റിന് നൽകിയിട്ടില്ല. ഇവയ്ക്ക് പകരം 2 സാധാരണ മെഷീനുകളും 1 ഓവർലോക്ക് മെഷീനും യൂണിറ്റിൽ കാണാനായി കഴിഞ്ഞെങ്കിലും അവ ഇൻവോയ്സ് പ്രകാരം സപ്ലൈ ചെയ്തവ അല്ലാത്ത കുറഞ്ഞ വിലവരുന്ന സാധാരണ മെഷീനുകളാണ്. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 35/29-07-22 ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി യൂണിറ്റിന് ഒരു ഓവർലോക്ക് മെഷീൻ ഉൾപ്പെടെ 10 മെഷീനുകൾ വിതരണം നടത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടത്. യൂണിറ്റ് ആരംഭിക്കുന്നതിന് മുൻപ് രണ്ട് മെഷീനുകൾ ഉപയോഗിച്ച് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചതിനാൽ നിലവിലുള്ള രണ്ട് മെഷീനുകൾ കുറച്ച് 8 മെഷീനുകളാണ് യൂണിറ്റിന് വിതരണം ചെയ്തത്. ശേഷിക്കുന്ന 2 എണ്ണം ആരോഗ്യ വിഭാഗത്തിന്റെ കൈവശം ടൗൺഹാളിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ഇവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല. ഇതിൽ നിന്നും പദ്ധതിയ്ക്കായി 10 ഹൈസ്പീഡ് മെഷീനുകൾ വാങ്ങിയതിൽ പകുതി നിർവ്വഹണ ഉദ്യോഗസ്ഥൻ യൂണിറ്റിന് നൽകാതെ ക്രമവിരുദ്ധമായി സൂക്ഷിക്കുകയും പകരം ഒരു ഇന്റർലോക്ക് മെഷീനും 2 സാധാരണ തയ്യൽ മെഷീനുകളും യൂനിറ്റിന് നൽകുകയുമായിരുന്നു എന്നു വ്യക്തമാവുന്നു. സ്റ്റോക്കിൽ എടുത്തതായി പറയപ്പെടുന്ന 10 ഹൈസ്പീഡ് മെഷീനുകളിൽ 5 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. ബാക്കി 5 എണ്ണം സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ഹാജരാക്കിയിട്ടില്ല. മാത്രമല്ല വാങ്ങിയതായി രേഖകളില്ലാത്ത ഒരു ഓവർലോഡ് മെഷീനും 2 സാധാരണ മെഷീനും സ്ഥാപനത്തിൽ എപ്രകാരം ലഭ്യമായി എന്നത് സംബന്ധിച്ച വിശദീകരണമോ രേഖകളോ ഹാജരാക്കിയിട്ടുമില്ല.
2. പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കോസ്റ്റൽ ഫർണ്ണിച്ചർ തുണി ഒഴികെയുള്ള സാധനങ്ങൾക്കായി ക്വാട്ട് ചെയ്ത നിരക്കിലും ആധിക നിരക്കിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. കോസ്റ്റൽ ഫർണ്ണിച്ചർ ടെണ്ടറിൽ തുണിക്കായി ക്വാട്ട് ചെയ്തത് തുണിയുടെ അളവാണോ നിരക്കാണോ എന്നതിൽ വ്യക്തതയില്ല. ആയത് നിർവ്വഹണ ഉദ്യോഗസ്ഥൻ കണക്കാക്കിയത് എങ്ങിനെയെന്നും വ്യക്തമല്ല.

3. യൂണിറ്റിൽ സൂക്ഷിച്ചിരിക്കുന്ന കണക്കുകൾ പ്രകാരം 340 മീറ്റർ തുണി മാത്രമേ നിർവ്വഹണ ഉദ്യോഗസ്ഥൻ യൂണിറ്റിന് നൽകിയിട്ടുള്ളൂ. ഇൻവോയ്സ് നം 19/13-07-20-പ്രകാരം യൂനിറ്റിനായി ആകെ 632 മീറ്റർ തുണി വാങ്ങിയിട്ടുണ്ടെങ്കിലും ഇതിൽ 292 മീറ്റർ തുണി നിർവ്വഹണ ഉദ്യോഗസ്ഥൻ യൂണിറ്റിന് കൈമാറിയിട്ടില്ല.

ഇതിൽ നിന്നും സഹയോഗ് കുടുംബശ്രീ യൂണിറ്റ് പദ്ധതിക്കായി സാധനങ്ങൾ വാങ്ങി നൽകിയതിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസർ വൻക്രമക്കേട് നടത്തിയതായും യൂണിറ്റ് അംഗങ്ങളായ സാധാരണ സ്ത്രീകൾക്ക് ഉപകാരപ്പെടേണ്ട പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങളുടെ വലിയ ഭാഗം അപഹരിക്കപ്പെടുകയോ ദുരുപയോഗിക്കപ്പെടുകയോ ചെയ്തതായും ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയത് വിശദീകരിക്കേണ്ടതും പദ്ധതിക്കായി ചെലവഴിച്ച തുകയിൽ യൂണിറ്റിന് നൽകാത്ത 5 തയ്യൽ മെഷീനുകളുടെ വിലയായ 49000/-രൂപ (GST ഉൾപ്പെടെ), ഇൻവോയ്സ് നം-9/13-07-20 പ്രകാരം തുണി ഒഴികെയുള്ള ഇനങ്ങൾക്കായി ടെണ്ടർ നിരക്കിലും അധികമായി ചെലവഴിച്ച 17472 രൂപ (GST ഉൾപ്പെടെ) . യൂണിറ്റിന് നൽകാത്ത 292 മീറ്റർ തുണിയുടെ വിലയായ 13723/- രൂപ എന്നിങ്ങനെ ആകെ 80195/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഹെൽത്ത് ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3-3 കുടിവെള്ള വിതരണം-പദ്ധതി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു.

പ്രോജക്ട് നം-558/20-21

അടങ്കൽ -2700000

ചെലവ് -2700000 (ബിൽ നം- 380/3-12-20)

നിർവ്വഹണം-ഹെൽത്ത് ഓഫീസർ

ഓഡിറ്റ് വർഷം വരൾച്ചാ കാലത്ത് ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ടാങ്കറിൽ കുടിവെള്ള വിതരണം ചെയ്യൽ പദ്ധതി പ്രകാരം കുടിവെള്ള വിതരണം ചെയ്ത ഇനത്തിൽ ലിറ്ററിന് 28 പൈസ നിരക്കിൽ 9642857 ലിറ്റർ വെള്ളം വിതരണം ചെയ്തതിന് 2700000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. കുടിവെള്ളം വിതരണം ചെയ്ത ശ്രീ.ബിജേഷ്.പി.പി, ശ്രീശക്തൻ വാട്ടർ സർവ്വീസ് സമർപ്പിച്ച കുടിവെള്ള വിതരണ വിവരങ്ങൾ പ്രകാരം 27-3-20 മുതൽ 31-3-20 വരെ 148400 രൂപയും 1-4-20 മുതൽ 31-5-20വരെ 2595600 രൂപയുമാണ് കുടിവെള്ള വിതരണത്തിന് ചെലവ് വന്നിട്ടുള്ളത് . 27/02/2020 ലെ സ.ഉ.(സാധാ) നം.494/2020/ത.സ്വ.ഭ.വ. പ്രകാരം മുനിസിപ്പാലിറ്റികൾക്ക് 31.3.20 വരെ ചെലവഴിക്കാവുന്ന തുക 11.00 ലക്ഷം രൂപയും 1.4.20 മുതൽ 31.05.20 വരെ ചെലവഴിക്കാവുന്ന തുക 16.50ലക്ഷം രൂപയുമാണ്.മേൽ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പൽ കോർപ്പറേഷനുകളും നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ് എന് നവ്യവസ്ഥയോടെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ആവശ്യത്തിനനുസൃതമായി കുടിവെള്ളവിതരണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ

ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനായി യഥേഷ്ട ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ ഉത്തരവിന് വിരുദ്ധമായി 1-4-20 മുതൽ 31-5-20 വരെയുള്ള കാലയളവിൽ കുടിവെള്ളവിതരണത്തിനായി ചെലവഴിക്കാവുന്ന തുകയെക്കാൾ 945600 രൂപ മുനിസിപ്പാലിറ്റി അധികമായി ചെലവഴിച്ചിട്ടുണ്ട്.

2. പ്രസ്തുത ഉത്തരവിൽ തന്നെ ജി.പി.എസ്.ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയതിനുശേഷമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവ് തുക വിനിയോഗിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കുടിവെള്ളം വിതരണം നടത്തിയ KL56 M9681,KL 56 E1963,KL 56 E7208,KL58 T7015 എന്നീ വാഹനങ്ങളുടെ ഓഡിറ്റിന് ലഭ്യമാക്കിയ ദിവസേനയുള്ള ട്രിപ്പ് ഷീറ്റുകളിൽ ട്രിപ്പ് തുടങ്ങുന്നതിന് മുമ്പേ ഉള്ള കിലോമീറ്ററും ട്രിപ്പ് കഴിയുമ്പോളുള്ള കിലോമീറ്ററും രേഖപ്പെടുത്തുകയോ, വാഹനങ്ങളുടെ ജി.പി.എസ് ലോഗ് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. കുടിവെള്ളവുമായി ടാങ്കറുകൾ വിവിധ വാർഡുകളിലൂടെ സഞ്ചരിച്ച ദൂരം പരിശോധിക്കാതെ കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയ വാർഡുകളിൽ വിതരണം ചെയ്ത വെള്ളത്തിന്റെ അളവിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ആയതിനാൽ കുടിവെള്ള വിതരണത്തിന്റെ കൃത്യത ഉറപ്പിക്കുന്നതിനായി സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിച്ചല്ല തുക നൽകിയിരിക്കുന്നത്.

ഉദാഹരണമായി വാർഡ് 4 ൽ 1-5-20 മുതൽ 31-05-20 വരെ 898000 ലിറ്റർ വെള്ളം വിതരണം ചെയ്തതായി വാർഡ് കൗൺസിലർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ട്രിപ്പ് ഷീറ്റ് പ്രകാരം 5000 ലിറ്റർ വീതമുള്ള 149 മുഴുവൻ ട്രിപ്പുകളും 21 ഭാഗിക ട്രിപ്പുകളിലുമായി മാത്രമാണ് വാർഡ് 4 ൽ മേൽ തീയതികളിൽ കുടിവെള്ളവിതരണം നടത്തിയിട്ടുള്ളത്.

3. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന അടങ്കൽ തുക 500000 രൂപയിൽ കൂടുതൽ ഉള്ള പദ്ധതികളിൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണം എന്നിരിക്കെ പദ്ധതിക്കായി തയ്യാറാക്കിയ 7-03-20 ലെ ടെണ്ടർ നോട്ടീസ് പ്രകാരം പദ്ധതിക്കായി സാധരണ ടെണ്ടറാണ് നടത്തിയിരിക്കുന്നത്. ഫയൽ പ്രകാരം ടെണ്ടർ പരസ്യം പ്രസിദ്ധീകരണത്തിനായി ദേശാഭിമാനി പത്രത്തിനായി നൽകുന്നതായി പറയുന്നുണ്ടെങ്കിലും പരസ്യം പ്രസിദ്ധീകരിച്ച പത്രത്തിന്റെ കോപ്പി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മുൻ വർഷങ്ങളിലും കുടിവെള്ള വിതരണ പദ്ധതി നടത്തിപ്പിലെ സമാനമായ അപാകതകൾ മുനിസിപ്പാലിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും ആയവ പരിഹരിക്കുന്നതിനാവശ്യമായ ഒരു നടപടിയും തുടർ വർഷങ്ങളിലും കൈക്കൊണ്ടതായി കാണുന്നില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കുടിവെള്ള വിതരണ ഇനത്തിൽ അധികം ചെലവഴിച്ച 995600/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഹെൽത്ത് ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതും പദ്ധതിനിർവ്വഹണത്തിലെ മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

3-4 കണ്ടിജന്റ് ജീവനക്കാർക്ക് യൂനിഫോം വാങ്ങിയത്-അപാകതകൾ

ഫയൽ നം-H1-10632/19

വൗച്ചർ നം-2200702/17.11.20-Rs. 162548/

നികുതികൾ അഡ്ജസ്റ്റ് ചെയ്തത്- 6772

ആകെ ചെലവ്-169320/-

കണ്ടിജന്റ് ജീവനക്കാർക്ക് യൂനിഫോം വാങ്ങിയ ഇനത്തിൽ മേൽ വൗച്ചർ പ്രകാരം 169320/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ആകെ 23 കണ്ടിജന്റ് ജീവനക്കാരുള്ളതിൽ 17 പേർ പുരുഷന്മാരും 6 പേർ സ്ത്രീകളുമാണെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. ഒരാൾക്ക് 4 ജോഡി എന്ന നിരക്കിലാണ് ഇത്രയും

പേർക്ക് യൂനിഫോം വിതരണം ചെയ്തത്. പുരുഷന്മാർക്ക് ഷർട്ടിനും പാന്റ്സിനുമായി (4ജോഡി) 12 മീറ്റർ കാക്കി ഡ്രിൽ തുണിയും സ്ത്രീകൾക്ക് 4 ജോഡി സാരിയും ബ്ലൗസും ഓവർകോട്ടുമാണ് വിതരണം ചെയ്തത്. യൂനിഫോമിനായി വാങ്ങിയ തുണികൾക്ക് , മാർക്കറ്റിൽ ലഭ്യമായതിലും വളരെ കൂടിയ നിരക്കിലാണ് തുക നല്കിയതെന്ന് വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു. ടെണ്ടർ സമർപ്പിച്ച മൂന്ന് സ്ഥാപനങ്ങളും (ആകെ മൂന്ന് സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചത്) ക്വോട്ട് ചെയ്ത വിലവിവരം തുണികളുടെ ഉയർന്ന വിലനിലവാരം വ്യക്തമാക്കുന്നുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ക്വോട്ട് ചെയ്ത സ്ഥാപനം	ക്വോട്ട് ചെയ്ത നിരക്ക്			
	കാക്കി ഡ്രിൽ	സാരി(നീല കളർ)	ബ്ലൗസ് പീസ്	ഓവർകോട്ട്
കൃഷ്ണ ടെക്സ്റ്റൈൽസ്	Rs.600/meter	Rs.780/piece	Rs.275/piece	Rs.1000/piece
ശ്രീകൃഷ്ണ ടെക്സ്റ്റൈൽസ്	Rs.650/meter	Rs.800/piece	Rs.300/piece	Rs.1005/piece
ശോഭ ടെക്സ്റ്റൈൽസ്	Rs.635/meter	Rs.815/piece	Rs.290/piece	Rs.1030/piece

ഓരോ ഇനത്തിനും മാർക്കറ്റിൽ നിലവിലുള്ളതിനേക്കാൾ വളരെ കൂടിയ വിലയാണ് മൂന്ന് സ്ഥാപനങ്ങളും ക്വോട്ട് ചെയ്തതെന്ന് കാണാം. കൂടാതെ 2021-22 വർഷത്തിൽ യൂനിഫോം വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ ടെണ്ടറുകളിലെ നിരക്കുകൾ ഇത് സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. 2021-22 വർഷത്തിൽ ലഭ്യമായ നിരക്കുകൾ താഴെ കൊടുക്കുന്നു.

ക്വോട്ട് ചെയ്ത സ്ഥാപനം	ക്വോട്ട് ചെയ്ത നിരക്ക്			
	കാക്കി ഡ്രിൽ	സാരി (നീല കളർ)	ബ്ലൗസ് പീസ്	ഓവർകോട്ട്
കൃഷ്ണ ടെക്സ്റ്റൈൽസ്	Rs.135/meter	Rs.210/piece	Rs.70/piece	Rs.385/piece
HEADCO	Rs.142/meter	Rs.215/piece	Rs.75/piece	Rs.390/piece
ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്	Rs.138/meter	Rs.260/piece	Rs.78/piece	Rs.420/piece

എല്ലാ ഇനങ്ങൾക്കും ഓഡിറ്റ് വർഷം ക്വോട്ട് ചെയ്തതിനേക്കാൾ ഏകദേശം നാലിലൊന്നു തുക മാത്രമാണ്

2021-22 വർഷത്തിൽ ക്വോട്ട് ചെയ്യപ്പെട്ടതെന്ന് കാണാം. കൂടാതെ ഓഡിറ്റ് വർഷം ഉയർന്ന നിരക്കിൽ വിതരണം ചെയ്ത സ്ഥാപനം തന്നെയാണ് വളരെ കുറഞ്ഞ നിരക്കിൽ ഈ വർഷം തുണികൾ വിതരണം ചെയ്തിരിക്കുന്നത്.

2019-20 വർഷത്തിലും, ഓഡിറ്റ് വർഷം ടെണ്ടറുകൾ/ക്വട്ടേഷനുകൾ സമർപ്പിച്ച സ്ഥാപനങ്ങൾ തന്നെയാണ് ടെണ്ടറിൽ പങ്കെടുത്തതെന്നും കൃഷ്ണാ ടെക്സ്റ്റൈൽസിനു തന്നെയാണ് വിതരണാവകാശം ലഭിച്ചതെന്നും കാണുന്നു. കൂടാതെ മേൽ വർഷത്തിലും ഓഡിറ്റ് വർഷത്തെ ഏകദേശം അതേ നിരക്കിലാണ് വസ്തുങ്ങൾ വിതരണം ചെയ്തതെന്നും ആകെ 164100/-രൂപ ഇതിനായി വിനിയോഗിച്ചിട്ടുണ്ടെന്നും കാണുന്നു. മുൻ വർഷങ്ങളിൽ ഏകദേശം ഒരേ തരത്തിലുള്ള ഉയർന്ന നിരക്കിൽ ക്വോട്ട് ചെയ്യപ്പെട്ട ഇനങ്ങൾക്ക് 2021-22 വർഷത്തിൽ വളരെ കുറഞ്ഞനിരക്കിൽ ടെണ്ടറുകൾ ലഭിക്കാൻ കാരണം പുതിയ സ്ഥാപനങ്ങൾ ടെണ്ടറുകളിൽ പങ്കെടുത്തതു കൊണ്ടാണെന്ന് കാണാം. ഓഡിറ്റ് വർഷമുൾപ്പെടെ മുൻവർഷങ്ങളിലെ വാങ്ങൽ നടപടിക്രമങ്ങളിലെ സുതാര്യത കുറവാണ് ഇത് കാണിക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 40(B) 1 പ്രകാരമുള്ള ഫിനാൻഷ്യൽ പ്രൊപ്രൈറ്റി ഈ വാങ്ങലുകളിൽ പാലിക്കപ്പെട്ടില്ലെന്ന് മേൽ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് നല്കിയ മറുപടിയിൽ ഓഡിറ്റ് വർഷത്തെ സപ്ലൈ ഓർഡർ നല്കുന്ന സമയത്ത് 2021-22 വർഷത്തെ നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ നഗരസഭയുടെ മുമ്പാകെ ഉണ്ടായിരുന്നില്ല എന്നാണ് വിശദമാക്കിയത്. ഓഡിറ്റ് നിരീക്ഷണത്തെ ലാഘവത്തോടെയാണ് സ്ഥാപനം കണ്ടതെന്ന് മറുപടിയിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഗുണമേന്മയുള്ള തുണിത്തരങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്കാണോ ലഭ്യമായത് എന്ന് പരിശോധിക്കാതെ ലഭ്യമായ ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തി വലിയ തുക ചെലവഴിച്ചത് സാമാന്യ ബുദ്ധിക്ക് നിരക്കാത്തതായതിനാൽ വാങ്ങൽ നടപടികളിൽ മനപൂർവ്വമായ ക്രമക്കേട് നടത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. മാർക്കറ്റിനേക്കാൾ കുറഞ്ഞ വില ലഭിക്കലാണ് ടെണ്ടറിന്റെ ഉദ്ദേശ്യമെന്നിരിക്കെ, സാങ്കേതിക നടപടി എന്ന നിലക്ക് ടെണ്ടർ നടത്തി തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകയാൽ 2021-22 വർഷത്തെ നിരക്ക് അടിസ്ഥാനപ്പെടുത്തി ഓഡിറ്റ് വർഷത്തിൽ അധികം നല്കിയ 125820/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ക്രമ നം	ഇനം	വാങ്ങിയ അളവ്	20-21 വർഷം വാങ്ങിയ നിരക്ക്	21-22 വർഷം വാങ്ങിയ നിരക്ക്	20-21 വർഷം നല്കിയ വില	21-22 വർഷത്തെ നിരക്കിൽ നല്കേണ്ട വില	അധികം നല്കിയത്
1	കാക്കി ഡ്രിൽ	204m	600/m	135/m	122400	27540	94860
2	സാരി(നീല കളർ)	24nos	780/1no.	210/1no.	18720	5040	13680
3	ബ്ലൗസ് പീസ്	24nos	275/1no.	70/1no.	6600	1680	4920
4	ഓവർകോട്ട്	24nos	900/1no.	385/1no.	21600	9240	12360
					169320	43500	125820

അധികം നല്കിയ 125820/-രൂപ ഉത്തരവാദിയായ ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-5 നഗരസൗന്ദര്യവത്കരണം- കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ആസൂത്രണം ചെയ്ത് 2020-21 വർഷത്തിൽ നടപ്പാക്കിയ നഗര സൗന്ദര്യവത്കരണം- (പ്രോ.നം- 414/2020-21 , SO) എന്ന പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു. പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1	പി.എ.സി.	999480
2	അടങ്കൽ	1000000
3	ചെലവ്	870150
4	എഗ്രിമെന്റ് തിയ്യതി	11.03.2019
5	സൈറ്റ് ഹാൻഡ് ഓവർ തിയ്യതി	11.03.2019
6	കരാർ കാലാവധി	5 മാസം (10.08.2019)

1. ബസ് സ്റ്റാന്റിന് കവാടം നിർമ്മിക്കുന്നതിനുള്ള കരാർ പ്രകാരം 10-08-2019 തിയ്യതിക്കകം പൂർത്തീകരിക്കേണ്ട പ്രവൃത്തി കരാറുകാരനായ റാണാ.കെ.ബാലൻ പൂർത്തീകരിച്ചത് 28.12.2020 തിയ്യതിയിലാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് അനുവദിച്ച സമയ പരിധി പിന്നിട്ട് 16 മാസങ്ങൾക്ക് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്നും നീക്കം ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നതിലുണ്ടായ വീഴ്ച വിശദീകരിച്ചിട്ടില്ല.
2. 10-08-2019 തിയ്യതിയിൽ കരാർ കാലാവധി അവസാനിച്ചിട്ടും, കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്ന് വ്യക്തമായിരുന്നിട്ടും കരാറുകാരനെതിരെ തുടർ നടപടി സ്വീകരിക്കാതെ 15.02.2020 തിയ്യതിയിലെ 10/10 നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
3. കൊയിലാണ്ടി നഗരസഭ 2018-19 വാർഷികപദ്ധതി പ്രകാരമുള്ള നഗരസൗന്ദര്യവത്ക്കരണം പ്രവൃത്തി തുടങ്ങിയപ്പോൾ കരാറുകാരന് അസുഖമായതിനാലും, COVID-19 സാഹചര്യത്തിൽ തൊഴിലാളികളെ കിട്ടാത്തതും വസ്തുക്കളുടെ ലഭ്യതക്കുറവും കാരണം പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ ഫൈൻ ഈടാക്കുന്നതിൽനിന്ന് ഒഴിവാക്കിത്തരണമെന്നും ആവശ്യപ്പെട്ട് കരാറുകാരൻ റാണ കെ ബാലൻ സമർപ്പിച്ച അപേക്ഷ (28.01.2021 ലെ) കൗൺസിൽ ചർച്ച ചെയ്ത നഗരസഭാ കൗൺസിലിന്റെ 22.02.2021 തിയ്യതിയിലെ 18 നമ്പർ തീരുമാന പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതില്ലെന്ന് 19 അംഗങ്ങളുടെ വിയോജിപ്പോടെ തീരുമാനമെടുത്തിട്ടുണ്ട്. കരാറുകാരൻ കരാർ കാലാവധിക്കുള്ളിൽ ഇളവിന് അപേക്ഷ സമർപ്പിച്ചിട്ടില്ല. കരാറിലേർപ്പെട്ട് ഒരു വർഷത്തിന് ശേഷമാണ് കോവിഡ് പ്രതിസന്ധി ഉടലെടുത്തതെന്നും വ്യക്തമാണ്. 5 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തിക്ക് 3 സാമ്പത്തിക വർഷമാണ് വിനിയോഗിച്ചിട്ടുള്ളത്. ആദ്യത്തെ രണ്ട് വർഷവും പദ്ധതിക്കായി വകയിരുത്തിയ തുക കരാറുകാരന്റെ വീഴ്ചമൂലം ചെലവഴിക്കാനാകാതെ നഗരസഭക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിലും പിഴ ഒഴിവാക്കി നൽകുന്നതിന് തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
4. പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2112.1 പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും

ഈടാക്കിയിട്ടില്ല. പ്രവൃത്തി ദീർഘീകരണത്തിന് കരാറുകാരൻ, നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തരം അപേക്ഷ സമർപ്പിച്ചതായും കാണുന്നില്ല. കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുമ്പോൾ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ സമർപ്പിക്കണം. ഈ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി.എ.സി തുകയുടെ 1% പിഴ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നല്കാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുമ്പോൾ 2% പിഴയാണ് ഈടാക്കേണ്ടത്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% അധികമാകുവാനും പാടുള്ളതല്ല. 50 % ത്തിൽ അധികരിക്കുന്ന പക്ഷം കരാറുകാരനെ നീക്കം ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാതെ കരാറുകാരന് പിഴ ഒഴിവാക്കി നൽകിയതിലൂടെ മുനിസിപ്പൽ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്.

നടപടിക്രമങ്ങളിലുണ്ടായ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞത് കരാർ തുകയുടെ 3 ശതമാനമായ 29984 രൂപയെങ്കിലും കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. യോഗത്തിന്റെ അജണ്ടാ കുറിപ്പ് പരിശോധിച്ചതിൽ നിന്നും പിഴ ഒഴിവാക്കി നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനോ, സെക്രട്ടറിയോ ശുപാർശ ചെയ്തിട്ടില്ലെന്നത് വ്യക്തമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. COVID-19 സാഹചര്യത്തിൽ തൊഴിലാളികളെ കിട്ടാത്തതും വസ്തുക്കളുടെ ലഭ്യതക്കുറവും കാരണവുമാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടായതെന്ന കരാറുകാരന്റെ വാദം വസ്തുതാപരമല്ല. കരാറുകാരൻ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടില്ല. നഗരസഭാ കൗൺസിലിന്റെ തെറ്റായ തീരുമാനം മൂലം 29984 രൂപയാണ് നഗരസഭാ ഫണ്ടിന് നഷ്ടപ്പെട്ടിട്ടുള്ളത്. നഷ്ടതുക തീരുമാനത്തെ പിന്തുണച്ച 24 നഗരസഭാ കൗൺസിലർമാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്രമ നമ്പർ	തീരുമാനത്തെ അനുകൂലിച്ച കൗൺസിലർമാരുടെ പേരുവിവരം
1.	മനോഹരി തെക്കയിൽ
2.	രാജീവൻ എൻ ടി
3.	പ്രജില സി
4.	രമേശൻ വലിയാട്ടിൽ
5.	നിജില പറവക്കൊടി
6.	നന്ദനൻ കെ.എം
7.	ലിൻസി മരക്കാട്ടു പുറത്ത്
8.	ഇ.കെ അജിത്ത്
9.	പ്രജിഷ പി
10.	ചന്ദ്രിക ടി
11.	സുധ കിഴക്കേപ്പാട്ട്

12.	അഡ്വ. കെ സത്യൻ
13.	സുധ സി
14.	ഇന്ദിര ടീച്ചർ
15.	എൻ.എസ് വിഷ്ണു
16.	ആർ.കെ കുമാരൻ
17.	എം പ്രമോദ്
18.	ബിന്ദു പി.ബി
19.	സിറാജ് വി.എം
20.	കെ ഷിജു
21.	സി പ്രഭ
22.	ലളിത എ
23.	ഭവിത സി
24.	സുമേഷ് കെ.ടി

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി	സർട്ടിഫിക്കറ്റ് നം./ തിയ്യതി
2020-21	ഓഡിറ്റ് കാലയളവ്	ഇതേ നമ്പർ സർട്ടിഫിക്കറ്റ്

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	തെരുവ് വിളക്ക് ലൈൻ വലിക്കൽ	392/21.12.2020 352/11.11.2020	82945	0	82945
കെ.എസ്.ഇ.ബി	സ്കൂളുകളിൽ സോളാർ പാനൽ	591/18.3.2021	1422825	0	1422825

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	തൻ വർഷം എടുത്ത വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
കെ.യു.ആർ.ഡി.എഫ്.സി			8645432	2232384	817277	6413048
പി.എം.എ.വൈ ഹഡ്കോ		35200000	82680000	8106667	-	109773333

4-6 സ്ഥിരനിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	16000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	16000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	16000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

ക്രമ നം	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തിയതി	കാലയളവ്	തുക	റിമാർക്ക്സ്

1	KURDFC ഷെയർ സർട്ടിഫിക്കറ്റ് (നമ്പർ : 263)	-	-	15000	-
2	മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ഷെയർ സർട്ടിഫിക്കറ്റ് (നമ്പർ :87)	-	-	1000	-
	ആകെ			16000	

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1997-98	28	1998	VIII.2(8)	കരാറുകാരന് അനധികൃതമായി മുൻകൂർ പണം നൽകി	(2004-06 , 16-ാമത് റിപ്പോർട്ട്)ഭാവിയിൽ ഇത്തരം കാര്യ ങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തണം
1997-98 ചെലവ്	15	1999	IV9(a)	പട്ടിക ജാതിക്കാർക്ക് സി.എഫ്. ലാമ്പ് വിതരണം നടത്തിയതിലെ അപാകത	(2004-06, 16-ാമത് റിപ്പോർട്ട്) വകുപ്പ്തല നടപടി സ്വീകരിക്കണം
-ടി-	14(3)	1999	IV 9 (B)	കൈതോലകൃഷി പരാജയം	ടി
-ടി-	14(4)	1999	IV 9(c)	മത്സ്യത്തൊഴി ലാളികൾക്ക് വള്ളം, വല എന്നിവ വിതരണം ചെയ്തതിൽ ക്രമക്കേട്	(2004-06 , 16-ാമത് റിപ്പോർട്ട്) 1)രേഖകൾ LFA യ്ക്ക് നൽകണം 2)LFA വിവരം സമിതിയ്ക്ക്

					നൽകണം 3)വകുപ്പ്തല നടപടി
1998-99	13	1999-00	നഗരപാലികാ സ്ഥാപനങ്ങൾ V-13-(A)	വാഴകൃഷി വികസനം	(2004-06 , 16-ാമത് റിപ്പോർട്ട്) വകുപ്പ്തല നടപടി
-ടി-	15	1999-00	നഗരപാലികാ സ്ഥാപനങ്ങൾ V-13-(B)	കോതമംഗലം ജി.എൽ. പി.എസ്. അറ്റകുറ്റപ്പണി	(2004-06 , 16-ാമത് റിപ്പോർട്ട്) 1)മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും വിശദീകരണം വേണം 2)NLC നൽകിയവർ ക്കെതിരെ നടപടി 3)വകുപ്പ്തല നടപടി
1998-99		2000-01	V-14(a)	മുനിസിപ്പൽ മാർക്കറ്റ് നിർമ്മാണം - ദുർവിനിയോഗം മൂലമുണ്ടായ നഷ്ടം	(2004-06 , 16-ാമത് റിപ്പോർട്ട്) 1)രേഖകൾ 2 ആഴ്ച്ചക്കുള്ളിൽ ലഭ്യമാക്കണം 2)വകുപ്പ്തല നടപടി
2000-01	15	2004-05	4.II.10.1	ഷ്രിങ്കേജ് കുറച്ചില്ല. 1.3 ലക്ഷം നഷ്ടം.	(2014-16 , 34-ാമത് റിപ്പോർട്ട്)68334 രൂപ ഈടാക്കുവാൻ R.R നടപടി ത്വരിതപ്പെടുത്തണം
1997-98 മുതൽ 2001-02 വരെ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഓഡിറ്റ് റിപ്പോർട്ട്.	11(1),11(2)	2005-06	20.1	ചേരി പരിഷ്കരണ പദ്ധതിയിൽ കരാർ പണി.	(2014-16 , 34-ാമത് റിപ്പോർട്ട്) DPC അനുമതി ലഭിച്ചതിനാലും മറ്റ് പരാതികളില്ലാ ത്തതിനാലും ഒഴിവാക്കുവാൻ ശുപാർശ
1997-98 മുതൽ 2001-02 വരെ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഓഡിറ്റ് റിപ്പോർട്ട്.	12	2005-06	20.2	ചേരിപരിഷ്കരണ ഫണ്ട് - അനുപാതം ലംഘിച്ചു.	(2014-16 , 34-ാമത് റിപ്പോർട്ട്) കൗൺസിലിന്റെ അപേക്ഷയിന്മേൽ സർക്കാർ തീരുമാനമെടുത്ത് റിപ്പോർട്ട് നൽകാൻ ശുപാർശ
1997-98 മുതൽ 2001-02 വരെ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഓഡിറ്റ് റിപ്പോർട്ട്.	20	2005-06	20.3	എൻ.എസ്. ഡി.പി. ഭവനവായ്പ 5.8 ലക്ഷം കുടിശ്ശിക	(2014-16 , 34-ാമത് റിപ്പോർട്ട്) കൗൺസിലിന്റെ അപേക്ഷയിൻമേൽ സർക്കാർ

					തീരുമാനമെടുത്ത് റിപ്പോർട്ട് നൽകാൻ ശുപാർശ
1997-98	17	2005-06	2.70.3.3(69)	കമ്പ്യൂട്ടർ പരിശീലനം	പരാമർശം തുടരുന്നു
1997-98	17	2005-06	2.70.3.3(69)	ബ്യൂട്ടീഷൻ പരിശീലനം	പരാമർശം തുടരുന്നു
2000-01	28	2005-06	2.70.10.8 (75)	വെള്ളക്കരം വസ്തു കൈമാറ്റ തീരുവ.	പരാമർശം തുടരുന്നു
2007-08	3-5	2010-11	2.14 (52)	ഡെപ്പോസിറ്റ് വർക്ക്-കാലതാമസം	പരാമർശം തുടരുന്നു
-	-	2013-14	6.2.3(185)	ലൈസൻസ് ഫീ കുടിശ്ശിക.	
2012-13	-	2014-15	2.1.11(10)	ഓ.റി. ചർച്ച ചെയ്യുന്നില്ല.	പരാമർശം തുടരുന്നു
2012-13	-	2014-15	2.2.13/11	ഓ.റി. പ്രഥമ മറുപടി സമർപ്പിക്കു ന്നതിൽ വീഴ്ച	പരാമർശം തുടരുന്നു
സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്		2017-18	2.6.4 അനുബന്ധം-3	ഡെപ്പോസിറ്റ് പ്രവൃത്തികൾ	പരാമർശം തുടരുന്നു
സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്		2017-18	2.6.4 അനുബന്ധം-5	ഡെപ്പോസിറ്റ് പ്രവൃത്തികൾ	പരാമർശം തുടരുന്നു
സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്		2017-18	2.6.4 അനുബന്ധം-6	ഡെപ്പോസിറ്റ് പ്രവൃത്തികൾ	പരാമർശം തുടരുന്നു
2017-18	3-8	2018-19		റിംങ്ങ് കമ്പോസ്റ്റ്-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	പരാമർശം തുടരുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ ന മ്പർ	റിപ്പോർട്ട് വർഷം	ഖ. നം.	ഉത്തരവാ ദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോ ഗിക സ്ഥാനം, ഭരണ വകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വ യം അട വാ ക്കിയ തുക (രസീ ത് നമ്പർ/ തീയ തി)	റവ ന്യൂ റി ക്കവറി നട പടി യിലൂ ടെ ഈ ടാ ക്കി യ തുക (തീ യ തി)	കോ ടതി വ്യവ ഹാര ങ്ങളിൽ		ആ കെ ല ഭ്യ മാ യ തു ക	അ വ ശേ ഷി ക്കു ന്ന തു ക/ ബാ ധ്യ ത	റി മാർ ക്ക് സ്
				നമ്പരും തീയ തിയും	തുക			ഉൾ പ്പെ ട്ട തു ക	ഈ ടാ ക്കി യ തു ക			
1	2	3	4	5	6	7	8	9	10	11	12	13

1	1996-97	14	ശ്രീ.ജോണി സെബാസ്റ്റ്യൻ സെക്രട്ടറി	എൽ.എഫ് 4144/സ്പെ. സെൽ/ എസ്. സി14/ 2000/ 22.04.02, 14.05.02	2368/-		-	-	-	-	-	ബഹു. കോഴിക്കോട് ജില്ലാ കോടതിയുടെ 221/ 2002 തി. 28.03.06 വിധി പ്രകാരം റദ്ദാക്കി
2	2000-01	21	ശ്രീ.ഇ.സി ജോർജ്	എൽ. എഫ് 14289/ സ്പെ. സെൽ/ എസ്. സി14/06/ 13.01.09	8470/-	8470/- (100416/ 23.04.18)						
3	2008-09	3-25	ശ്രീ.രാമകൃഷ്ണൻ എം.ഇ	എൽ.എഫ് 14264/സ്പെ. സെൽ/ എസ്. സി/സി. എസ്സ്.സി/ എ2/2012/ 23.09.2014	27863/-	27863/- (100480/ 25.04.18)						

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	405484385
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	396102976
വരവിനങ്ങളിലുള്ള നഷ്ടം	676260
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	1258535
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	12562741

(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1	338130	-	ശ്രീ.സുരേഷ് കുമാർ.എൻ, സെക്രട്ടറി
2-1	338130	-	ശ്രീ.രമേശൻ.കെ.പി, ഹെൽത്ത് ഓഫീസർ
3-1	-	76936	ശ്രീ.സുരേഷ് കുമാർ.എൻ, സെക്രട്ടറി
3-2	-	80195	ശ്രീ.രമേശൻ.കെ.പി, ഹെൽത്ത് ഓഫീസർ

3-3	-	945600	ശ്രീ.രമേശൻ.കെ.പി, ഹെൽത്ത് ഓഫീസർ
3-4	-	125820	ശ്രീ.രമേശൻ കെ പി , ഹെൽത്ത് ഓഫീസർ
3-5	-	29984	Council അംഗങ്ങൾ 22.02.2022 ന് പിഴ ഒഴിവാക്കാൻ അനുകൂലിച്ചവർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-11	500000	ശ്രീ.രമേശൻ കെ പി , ഹെൽത്ത് ഓഫീസർ
1-16	990050	ശ്രീ.രമേശൻ കെ പി , ഹെൽത്ത് ഓഫീസർ
1-17	1557179	ശ്രീ.സുരേഷ് കുമാർ.എൻ, സെക്രട്ടറി
1-19	71250	ശ്രീമതി.വിചിത്ര.എൻ.ഇ, പട്ടികജാതി വികസന ഓഫീസർ
1-20	129974	ശ്രീമതി.വിചിത്ര.എൻ.ഇ, പട്ടികജാതി വികസന ഓഫീസർ
1-24	733000	ശ്രീ.രമേശൻ.കെ.പി , ഹെൽത്ത് ഓഫീസർ
1-25	999952	ശ്രീ.അരവിന്ദൻ.എൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ
1-28	696972	ശ്രീ.അരവിന്ദൻ.എൻ.ടി, മുനിസിപ്പൽ എഞ്ചിനീയർ
1-35	1761989	ശ്രീ.സുരേഷ് കുമാർ.എൻ,സെക്രട്ടറി
1-43	3699550	ശ്രീ.സുരേഷ് കുമാർ.എൻ,സെക്രട്ടറി
1-44	1422825	ശ്രീ.പ്രബീത്.എ.പി ,പ്രിൻസിപ്പാൾ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)	സ്ഥിരം മേൽവിലാസം

	ഔദ്യോഗിക മേൽവിലാസം	
സുരേഷ്കുമാർ.എൻ, സെക്രട്ടറി	സെക്രട്ടറി, കൊയിലാണ്ടി നഗരസഭ	നിരയിലാത്ത്, തിനൂർ, പി.ഒ.കക്കട്ട്, ഫോൺ- 9074538131
ശ്രീ.രമേശൻ.കെ.പി, ഹെൽത്ത് ഓഫീസർ	ഹെൽത്ത് ഓഫീസർ, കൊയിലാണ്ടി നഗരസഭ	കുനിയിൽ പറമ്പിൽ ഹൗസ്, പേരാമ്പ്ര,കോഴിക്കോട്
ശ്രീ.അരവിന്ദൻ.എൻ.ടി	മുനിസിപ്പൽ എഞ്ചിനീയർ, കൊയിലാണ്ടി നഗരസഭ	ദേവരാഗം, പേരാമ്പ്ര-673525
ശ്രീ.പ്രബീത്.എ.പി	പ്രിൻസിപ്പാൾ ഗവ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ	പ്രയാഗ്, മുത്താമ്പി റോഡ്, കൊയിലാണ്ടി
ശ്രീമതി.വിചിത്ര.എൻ.ഇ	പട്ടികജാതി വികസന ഓഫീസർ , കൊയിലാണ്ടി നഗരസഭ	തണൽ,38/90 E, വെസ്റ്റ്ഹിൽ.പി.ഒ, ചുങ്കം,കോഴിക്കോട്-5
മനോഹരി തെക്കയിൽ	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	104, തെക്കയിൽ , പാതിരിക്കാട്, മൂടാടി 673307
രാജീവൻ എൻ ടി	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	163,നെല്ലൂളിത്താഴ, മരളൂർ, മുചുകുന്ന് 673307
പ്രജില സി	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	109, കൊന്നക്കൽ, കൊടക്കാട്ടുമുറി, മുചുകുന്ന് 673307
രമേശൻ വലിയാട്ടിൽ	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	വലിയാട്ടിൽ 5/207, പുളിയഞ്ചേരി, മുചുകുന്ന് 673307
നിജില പറവക്കൊടി	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	പറവക്കൊടി, 301 എ, പുളിയഞ്ചേരി, മുചുകുന്ന് 673307
നന്ദനൻ കെ.എം	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	89, കന്മന ഇല്ലം, പുളിയഞ്ചേരി, മുചുകുന്ന് 673307
ലിൻസി മരക്കാട്ടു പുറത്ത്	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	മരക്കാട്ടുപുറത്ത്, വിയ്യൂർ, കൊല്ലം – 673307
ഇ.കെ അജിത്ത്	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	6/325, കോമത്ത്, കൊല്ലം -673307
പ്രജിഷ പി	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	265, പുനത്തിൽ (അലകനന്ദ), പന്തലായനി, കൊയിലാണ്ടി -673305
ചന്ദ്രിക ടി	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	ശ്രേയസ്സ്, പെരുവട്ടൂർ, പെരുവട്ടൂർ 673620

സുധ കിഴക്കേപ്പാട്ട്	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	വൈഷ്ണവം 160, പന്തലായനി, കൊയിലാണ്ടി -673305
അഡ്വ. കെ സത്യൻ	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	കുടത്തിൽ (സാന്ദ്രം), പെരുവട്ടൂർ -673620
സുധ സി	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	281, നമ്പത്ത് കുറ്റി, പെരുവട്ടൂർ-673620
ഇന്ദിര ടീച്ചർ	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	ശ്രീമംഗലം, മുത്താമ്പി, നടേരി -673620
എൻ.എസ് വിഷ്ണു	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	നൊച്ചോത്ത് ഇല്ലം, മുത്താമ്പി, നടേരി-673620
ആർ.കെ കുമാരൻ	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	മേപ്പാട്ട് , നടേരി-673620
എം പ്രമോദ്	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	മലയിൽ,നടേരി, നടേരി-673620
ബിന്ദു പി.ബി	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	125, ശ്രീപത്മം, അണേല, കുറുവങ്ങാട് -673620
സിറാജ് വി.എം	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	വടക്കയിൽ മീത്തൽ, കണയങ്കോട്,
കെ ഷിജു	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	30/428എ, ചിന്ത, കുറുവങ്ങാട് -673620
സി പ്രഭ	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	28/166, കിങ്ങിണി, കുറുവങ്ങാട് -673620
ലളിത എ	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	അമൃത, കൊയിലാണ്ടി, കൊയിലാണ്ടി 673305
ഭവിത സി	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	ശ്രീനിലയം, കൊയിലാണ്ടി, കൊയിലാണ്ടി ബസാർ
സുമേഷ് കെ.ടി	കൗൺസിലർ, കൊയിലാണ്ടി നഗരസഭ	അനാമിക, മന്ദമംഗലം, മൂടാടി-673307

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1971-72	എൽ.എഫ്.കെ.കെ.ഡി.പി4/630 /87/20.5.1987	9
1972-73	എൽ.എഫ്.കെ.കെ.ഡി.പി4/631/ 87/20.5.1987	7
1974-75, 75-76	എൽ.എഫ്.കെ.കെ.ഡി.പി4/632/ 87/20.5.1987	7
1976-77	എൽ.എഫ്.കെ.കെ.ഡി.പി4/633/ 87/20.5.1987	4
1977-78, 79-80	എൽ.എഫ്.കെ.കെ.ഡി.പി4/635/ 87/20.5.1987	13
1980-81	എൽ.എഫ്.കെ.കെ.ഡി.പി4/636/ 87/20.5.1987	24
1981-82	എൽ.എഫ്.കെ.കെ.ഡി.പി4/638/ 87/ 20.5.1987	20
1982-83	എൽ.എഫ്.കെ.കെ.ഡി.പി1/92/ 97/ 3.1.1997	5
1983-84	എൽ.എഫ്.കെ.കെ.ഡി.പി1/304/ 97/	38

	23.12.1998	
1984-85	എൽ.എഫ്.കെ.കെ.ഡി.പി6/1451/ 89/ 1.6.1990	38
1985-86	എൽ.എഫ്.കെ.കെ.ഡി.പി4/352/ 92/ 13.7.1993	19
1987-88	എൽ.എഫ്.കെ.കെ.ഡി.പി4/351/ 92/13.7.1993	15
1988-89	എൽ.എഫ്.കെ.കെ.ഡി.എസ്.2/2701/94/ 10.10.1994	17
1989-90	എൽ.എഫ്.കെ.കെ.ഡി.എസ്.2/2704/94/ 10.10.1994	27
1990-91	എൽ.എഫ്.കെ.കെ.ഡി.എസ്.2/341/95/ 6.1.1995	27
1991-92, 92-93	എൽ.എഫ്.കെ.കെ.ഡി.എസ്.2/142/96/ 3.4.1996	41
1993-94, 94-95	എൽ.എഫ്.കെ.കെ.ഡി.എം.1/2/98/ 7.6.1999	10
1995-96	എൽ.എഫ്.കെ.കെ.ഡി.എം.1/360/00/ 16.6.2000	22
1996-97	എൽ.എഫ്.കെ.കെ.ഡി.എം.1/152/97/ 7.8.1999	5
1997-98	എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001	12
1998-99ഖണ്ഡിക	എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001	5
1999-2000 ചെലവ്	എൽ.എഫ്.കെ.കെ.ഡി.എം.1/808/00/ 9.3.2001	18
1999-00 ഡി.സി.ബി.	എൽ.എഫ്.കെ.കെ.ഡി.എം.1/940/01/ 13.11.2001	8
2000-01	എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014	13
2000-01 (ചെലവ്)	എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014	12
1997-98 മുതൽ 2001-02 വരെ കുടുംബശ്രീ.	എൽ.എഫ്.കെ.കെ.ഡി.എം.1/1441/05 13.4.2005	2
2001-02	എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013	2
2001-02	എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013	2

2002-03	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(2)തീ.26.8.2014	8
2003-04	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(3)തീ.26.8.2014	24
2004-05	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(4)തീ.26.8.2014	19
2005-06	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(5)തീ.26.8.2014	7
2006-07	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(6)തീ.26.8.2014	19
2007-08	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(7)തീ.26.8.2014	58
2008-09	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(8)തീ.26.8.2014	33
2010-11	എൽ.എഫ്.കെ.കെ.ഡി.പി8/168/ 13(7)തീ.26.10.2013	47
2011-12	എൽ.എഫ്.കെ.കെ.ഡി.പി8/1682/ 13(7)തീ.16.8.2014	37
2012-13	എൽ.എഫ്.കെ.കെ.ഡി.പി8/1085/15 / 20.7.2015	34
2013-14	കെ .എസ്. എ. കെ.കെ.ഡി. പി.8/ 949/ 2016	50
2014-15	കെ എസ് എ കെകെഡി പി.8/949/2016	22
2015-16	നം.കെ.എസ്.എ കെ.കെ.ഡി/പി8/118/17	42
2016-17	നം.കെ.എസ്.എ കെ.കെ.ഡി/പി14/ 2080/17 തീ.04.06.2018	2-1, 2-2,2-3, 2-4,2-5, 2-6, 2-7,2-8, 2-9, 2-10,2-11, 2-12,3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22,3-23, 3-24, 3-25
2017-18	നം.കെ.എസ്.എ.കെ.കെ.ഡി/പി14/ 734/2019 തീ.16.05.2019	2-1, 2-2, 2-3, 2-4, 2-5, 2-6,2-7, 2-8, 2-9, 2-10, 2-11, 3-1, 3-2,3-3, 3-4, 3-5, 3-6, 3-7, 3-8, 3-9,3-10,3-11, 3-12, 3-13, 3-14
2018-19	നം.കെ.എസ്.എ.കെ.കെ.ഡി/പി9/ 1322/2021 തീ.6.04.2022	1-1 മുതൽ 1-6 വരെ,1-7(1), (2),(3),(5),1-9,1-10,1-11, 1-12,1-13,1-17,1-18,1-22, 1-24,1-27,1-28,1-31,1-33, 1-36,1-37,1-38,1-39,1-40,

		2-1,3-1,3-2,4-5,4-11
2019-20	നം.കെ.എസ്.എ.കെ.കെ.ഡി/പി9/ 18/2021 തീ.27.05.2022	1-1-1,1-1-2,1-1-3,1-1-4, 1-1-5,1-3,1-4,1-4-1,1-5 (എ),(ബി),(സി),(ഡി), (ഇ),1-6,1-7(1,2,3,4),1-8, 1-9,1-10,1-11(1,2,3,4),1-12 മുതൽ 1-38 വരെ, 2-1, 2-2, 3-1, 3-2,4-11

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്